# സത്യദൂതൻ

2018 ജൂൺ | ലക്കം 6

വില ₹ 30



## വാഗ്ദാന സാഫല്യത്തിന് നിബന്ധനകൾ പൂർത്തിയാക്കുക

## മഹാമാരി ഉയർത്തുന്ന ആതുരഭീതി

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

### Quran
Read the Holy Quran in easy Yassarnal Quran Font

### Conditions of Bai'at
A pocket reference of Shara't-e-Bai'at in 7 languages

### Sermons
Huzoor's Friday Sermons In 15 languages

### MTA
Watch MTA Live, view Schedule and much more

### Ahmadiyya News
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ജൂൺ
ഹി.ശ.1398 - എഹ്സാൻ
1439 റംസാൻ - ശവ്വാൽ
പുസ്തകം 90 ലക്കം 6
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**വാഗ്ദാന സാഫല്യത്തിന് നിബന്ധനകൾ പൂർത്തിയാക്കുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 25-05-2018 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ: ആരിഫ് മുഹമ്മദ്

**11**

**അറബി പണ്ഡിതമ്മന്യന്മാരോട് ഒരഭ്യർഥന**

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**12**

**വവ്വാൽ: ദൈവത്തിന്റെ അത്ഭുതസൃഷ്ടി**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**15**

**ഹിർഖൽ ചക്രവർത്തിയുടെ മാനദണ്ഡങ്ങളും ഹദ്റത്ത് അഹ്മദിന്റെ(അ) സത്യസാക്ഷ്യവും**

എച്ച്. ശംസുദ്ദീൻ, കാവശ്ശേരി

**20**

**സർ സയ്യിദ് അഹ്മദ് ഖാനും അഹ്മദിയ്യാ ജമാഅത്തും**

എൻ. അബ്ദുർറഹീം

**24**

**തേനീച്ച: പറക്കുന്ന വിസ്മയം-5**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**29**

**നല്ല ആഹാരം: വിശുദ്ധ ഖുർആന്റെ മാർഗ്ഗ ദർശനം**

ഡോ. ലത്തീഫ് ഖുറേശി, യു കെ.

**33**

**നൂറിന്റെ നിറവിൽ പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**

പ്രൊഫ. മഹ്മൂദ് അഹ്മദ്

**35**

കുറിപ്പുകൾ - മുസാഫിർ

1. **അമേരിക്കയുടെ കരാർ ലംഘനം**
2. **ജെറുസലേം തലസ്ഥാന മാറ്റം**
3. **മഹാമാരി ഉയർത്തുന്ന ആതുരഭീതി**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മപ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ (2:12,13)



## നബിവചനം

ദീനിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിന്റെ തീവ്രത മൂലമാണ്. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം



ജിഹാദിനെക്കുറിച്ച്, മൗലവിമാർ എന്നു പറയപ്പെടുന്ന ഇക്കാലത്തെ ഉലമാക്കൾ മനസ്സിലാക്കിവെച്ചിട്ടുള്ളതെന്തോ അതും ബഹുജനത്തിന്റെ മുന്നിൽ അവർ ഈ വിഷയകമായി അവതരിപ്പിക്കുന്ന വിവരണങ്ങളും ശരിയായിട്ടുള്ളതല്ല. തങ്ങളുടെ ആവേശോജ്വലങ്ങളായ 'വഅളു'കളിലൂടെ ഉലമാക്കൾ നടത്തുന്നത് ബഹുജനങ്ങളുടെ പ്രാകൃതസ്വഭാവങ്ങളെ മൃഗീയസ്വഭാവങ്ങളാക്കി മാറ്റുക എന്നതിൽ കവിഞ്ഞ് ഒന്നുമല്ല. കൂടാതെ, മനുഷ്യത്വത്തിന്റെ സകല ശ്രേഷ്ഠതകളിൽ നിന്നും അവരെ നഷ്ടക്കാരാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. (ജിഹാദ്)

എഡിറ്റോറിയൽ

# പാകിസ്താനിൽ തുടരുന്ന മസ്ജിദ് ധ്വംസനം

പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ പച്ചയായ പൈശാചികത അരങ്ങേറുന്ന ഒരു ഭീകരരാജ്യമായി പാകിസ്താൻ മാറിയിട്ട് കാലങ്ങളേറെയായി. ഇതൊന്നും യാദൃച്ഛികമായിട്ടല്ല, ഇസ്‌ലാമിന്റെ പേരിൽ നിയമം നിർമിച്ച് വ്യവസ്ഥാപിതമായാണ് അവിടെ നടക്കുന്നത്. നമ്മുടെ ഈ അയൽ രാജ്യത്ത് ഇസ്‌ലാമിന്റെ പേരിൽ അരങ്ങേറുന്ന ഭീകര താണ്ഡവങ്ങൾക്കെതിരെ ഇവിടുത്തെ ഒരു മുസ്‌ലിം മത രാഷ്ട്രീയ സാംസ്കാരിക സംഘടനയും അപലപിച്ചതായി കണ്ടിട്ടില്ല. ഈ കൊലപാതകങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും മനുഷ്യാവകാശ നിഷേധങ്ങൾക്കും ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല എന്ന് അവർ പറഞ്ഞതായി കേട്ടിട്ടുമില്ല.. അവരിൽ പലരും പാകിസ്താനിലെ മുസ്‌ലിം മതസംഘടനകളുടെ സഹോദര സംഘടനകളോ ആശയ സാമ്യമുള്ളവരോ ആണ്താനും. വിശുദ്ധ ഖുർആൻ പറയുന്നു: ***'ഒരാളുടെ കൊലക്ക് പകരമായിട്ടോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്നോ അല്ലാതെ ഒരാളെ ആരെങ്കിലും കൊലപ്പെടുത്തിയാൽ അവൻ സകല മനുഷ്യരേയും കൊന്നത് പോലെയാകുന്നു.' (5:33)*** എല്ലാ ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളോടും മനുഷ്യസമൂഹം ഒന്നാകെ ബോധവാന്മാരാകണമെന്നാണ് ഖുർആൻ നൽകുന്ന സൂചന.

2018 മെയ് 24ന് പാകിസ്താനിലെ സിയാൽകോട്ടിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നൂറ് വർഷത്തോളം പഴക്കമുള്ള ചരിത്രപ്രാധാന്യമുള്ള മസ്ജിദ് പോലീസും അധികൃതരും മതതീവ്രവാദികളും ചേർന്നാണ് തകർത്തത്. ഡോൺ പത്രം എഴുതുന്നു: 'സിയാൽകോട്ട് നഗരത്തിലെ മുനിസിപ്പൽ ജീവനക്കാർ പോലീസുകാരുടെ അകമ്പടിയോടെ പുലർച്ചെ 4:30ന് ആരംഭിച്ച മസ്ജിദ് പൊളിക്കലിൽ 600 ഓളം തീവ്രവാദികൾ തക്ബീർ ധ്വനികൾ മുഴക്കി ചേർന്ന് രാവിലെ പത്ത് മണിക്ക് മുഴുമിപ്പിക്കുകയായിരുന്നു. പരിശുദ്ധ റമദാനിൽ അരങ്ങേറിയ ഈ പള്ളിപൊളിക്കൽ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ രാവിലെ മുതൽ പ്രചരിച്ചുകൊണ്ടിരുന്നു. ഒരു വീഡിയോയിൽ ഒരാൾ പള്ളിയുടെ മിനാരം ഒരു ഇരുമ്പ് ദണ്ഡ് ഉപയോഗിച്ച് തകർക്കുന്ന രംഗമാണ് ചിത്രീകരിച്ചിട്ടുള്ളത്. മറ്റൊരു വീഡിയോയിൽ മുഖ്യ രാഷ്ട്രീയ കക്ഷിയുടെ നേതാവായ ഒരാൾ ജില്ലാ പോലീസ് ഓഫീസർ, ഡെപ്യൂട്ടി കമ്മീഷണർ, മത പാർട്ടികൾ, ടൗൺ മുനിസിപ്പൽ അധികൃതർ എന്നിവർക്ക് ആരാധനാ സ്ഥലത്ത് നിന്നും ഇസ്‌ലാമിന്റെ ചിഹ്നമായ മിനാരത്ത് പൊളിച്ചു മാറ്റിയതിന് നന്ദി പ്രകടിപ്പിക്കുന്നുണ്ടായിരുന്നു.'(Dawn daily, may 24, 2018 pakistan)

ഏതൊരു വിഭാഗത്തിന്റെയും ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന അധ്യാപനം വിശുദ്ധ ഖുർആന്റേതാണ്: ***'ജനങ്ങളിൽ നിന്ന് ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെ കൊണ്ട് അല്ലാഹു തടയുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ, അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടു മായിരുന്നു.' (22:41)***

1984 മുതൽ 260 അഹ്മദികൾ പാകിസ്താനിൽ ശഹീദാക്കപ്പെട്ടു. 320 ലധികം കൊലപാതക ശ്രമങ്ങൾ 27 അഹ്മദികളുടെ പള്ളികൾ പൊളിച്ചു. 21 പള്ളികൾക്ക് തീവെക്കുകയോ ഭാഗികമായി തകർക്കുകയോ ചെയ്തു. 54 അഹ്മദികളുടെ ജനാസ ശ്മശാനത്തിൽ നിന്നും എടുത്ത് വികൃതമാക്കി. 39 തവണ അഹ്മദി ജനാസ പൊതുശ്മശാനത്തിൽ കബറടക്കുന്നത് നിഷേധിച്ചു.

രാജ്യത്തെ പൗരന്മാരുടെ മതപരമായി ജീവിക്കാനുള്ള അവകാശവും ആരാധനാ സ്വാതന്ത്ര്യവും ആരാധനാലയങ്ങൾ സംരക്ഷിക്കേണ്ട കടമയും ഭരണകൂടത്തിനാണ് എന്ന് ഏതൊരു പരിഷ്കൃത ഭരണകൂടവും കരുതുന്നു. അതിന് പകരം ആരാധനാലയങ്ങൾ പൊളിക്കാൻ ഭരണകൂടവും പോലിസും മതനേതാക്കളും മുന്നിട്ടിറങ്ങുന്നതാണോ ഇസ്‌ലാമിക സംസ്കാരം? ഇസ്‌ലാമിന്റെ പേരിൽ ഇത്തരം കുറ്റകൃത്യങ്ങൾ മുസ്‌ലിം രാജ്യങ്ങളിൽ നിർബാധം അരങ്ങേറുകയാണ്. മുസ്‌ലികൾക്ക് എവിടെയും മതസ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും വേണം, പക്ഷേ മുസ്‌ലിം നാടുകളിൽ അത് മറ്റുമതസ്ഥർക്ക് അനുവദിക്കില്ല. തങ്ങൾക്ക് എവിടെയും ആരാധനാലയങ്ങൾ വേണം, പക്ഷേ മുസ്‌ലിം രാജ്യങ്ങളിൽ അത് മറ്റുള്ളവർക്ക് അനുവദിക്കില്ല. തങ്ങളുടെ മതത്തിലേക്ക് ആർക്കും വരാം പക്ഷേ ഇസ്‌ലാം മതത്തിൽ നിന്ന് മറ്റുമതത്തിലേക്ക് പോകുന്നവനെ വധിച്ചു കളയും. ഭൂരിപക്ഷ മുസ്‌ലിം സമൂഹം അനുവർത്തിക്കുന്ന ഈ ഇരട്ട നീതിയാണ് അവരുടെ ഇന്നത്തെ എല്ലാ ദുര്യോഗങ്ങൾക്കും നാശത്തിനും കാരണം. ***'അളന്നുകൊടുക്കുന്ന അതേ അളവിൽ നിങ്ങൾക്കും അളന്ന് കിട്ടും' (ലൂക്കോസ് 6:38)*** എന്ന ബൈബിൾ വചനം ഓർക്കുക. അല്ലാഹു ഖുർആനിൽ പറയുന്നു. ***'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.' (5:9)***



ഹദ്റത്ത് അഹ്മദ് (അ)

# റസൂൽ തിരുമേനി (സ) മതയുദ്ധം ചെയ്തിട്ടില്ല

മതയുദ്ധം ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമിക നിലവാരംതന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമല്ലാതെ വന്നു. മറിച്ച് ഒരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുകയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമമായി മാറിയിരിക്കുകയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീഥ് കക്ഷിക്കാരിലുണ്ടെന്ന വസ്തുത ഖേദപൂർവം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെതന്നെയും കൊന്നിടുവാൻ അവസരംകിട്ടുന്ന പക്ഷം കൊല്ലുന്നതു വലിയൊരു പുണ്യകൃത്യമായിത്തന്നെ അവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലുന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവത്തെ സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ചയും വിശുദ്ധ ഖുർആനെയുംവിശ്വസനീയമായ ഹദീഥുകളുടെയും പാഠങ്ങൾക്ക് കടക വിരുദ്ധമായിട്ടുള്ളതത്രെ. നമ്മുടെ നബി(സ) തിരുമേനി മക്കയിൽ അവിശ്വാസികളുടെ കൈയാലും അതിനുശേഷവും പീഡനങ്ങളും മർദനങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. ആ മഹാത്മാവ് കഴിച്ചുകൂട്ടിയ പതിമൂന്നു കൊല്ലക്കാലവും നാനാതരമായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതങ്ങളുടെയും കാലമായിരുന്നു. അതോർക്കുമ്പോൾ ആരുടേയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി(സ)വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഹാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്കരുണം നിഗ്രഹിക്കപ്പെടുകയുണ്ടായി. ആ ദിവ്യാത്മാവിന് തന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചന നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങനെയെന്നങ്കിലും വധിക്കണമെന്ന് ഏകകണ്ഠമായി തീരുമാനിക്കുക തന്നെ ചെയ്തു..................

അങ്ങനെ ദൈവിക കല്പന പ്രകാരം ആ പുണ്യാത്മാവ് മദീനയ്ക്കു പുറപ്പെട്ടു. ഈ അവസ്ഥയിലും ശത്രുക്കൾ അദ്ദേഹത്തെ പാട്ടിനു വിട്ടുകളയാതെ പിന്തുടരുകയും ഇസ്ലാമിനെ ചവിട്ടിമെതിക്കാൻ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിരുകടക്കുകയും നിരപരാധികളുടെ വധം അവർക്ക് ശിക്ഷ നല്കേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചു വരികയും ചെയ്തപ്പോൾ ആത്മരക്ഷാർഥം പ്രതിരോധമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നല്കി. ശരിയായ യുദ്ധത്തിലല്ലാതെ വെറുമൊരു ദ്രോഹമെന്ന നിലയിൽ നിരവധി നിരപരാധികളെ കൊല്ലുകയും അവരുടെ സ്വത്തുക്കൾ കൊള്ളയടിക്കുകയും ചെയ്തതിന് പകരമെന്നോണം അത്തരം പെരുമാറ്റം അവരും അവരുടെ സഹായികളും അർഹിക്കുന്നത് മാത്രമായിരുന്നു. എന്നാൽ ഇതിന്നെതിരിൽ, മക്കാ വിജയമുണ്ടായപ്പോൾ നമ്മുടെ പ്രവാചക നായകൻ (സ) അത്തരക്കാർക്കെല്ലാം മാപ്പ് നല്കുകയാണുണ്ടായത്. അതിനാൽ തിരുനബി(സ) യും സഹാക്കളും മതം പരത്താൻ വേണ്ടി യുദ്ധം ചെയ്തുവെന്നോ ആളുകളെ മാർഗം കൂട്ടാൻ സമർദ തന്ത്രങ്ങൾ പ്രയോഗിച്ചുവെന്നോ ആരോപിക്കുന്നതു അങ്ങേയറ്റത്തെ അന്യായവും അനീതിയും മാത്രമാണ്.

*(മസീഹ് ഹിന്ദുസ്ഥതാൻ മെ)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 25-05-2018 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. **വിവ: ആരിഫ് മുഹമ്മദ്**

# വാഗ്ദാന സാഫല്യത്തിന് നിബന്ധനകൾ പൂർത്തിയാക്കുക

ഖിലാഫത്തിന്റെ മഹിതമായ അനുഗ്രഹം പൂർത്തീകരിക്കുന്നതിന് അല്ലാഹു നിർദേശിച്ച ഉപാധികൾ പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




*നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.*

അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. അല്ലാഹു നിങ്ങൾക്ക് ഒരനുഗ്രഹം തന്നരുളുന്നതാണ്; ഖിലാഫത്ത് ആകുന്ന അനുഗ്രഹം. അതിന്റെ ഫലമായി നിങ്ങൾക്ക് പ്രബലത കൈവരുന്നതാണ്. ഭയത്തിന്റെ അവസ്ഥയ്ക്കു ശേഷം സമാധാനത്തിന്റെ അവസ്ഥയും ലഭിക്കുന്നതാണ്. ഇത് വാഗ്ദാനമാണ്; എന്തായാലും നല്കുമെന്ന പ്രവചനമല്ല. തീർച്ചയായും നല്കുമെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. വാഗ്ദാനത്തോടൊപ്പമുള്ള നിബന്ധനകളെയും പൂർത്തിയാക്കേണ്ടതാണ്. ആ നിബന്ധനകളെന്തൊക്കെയാണ്? അല്ലാഹു പറയുന്നു, അവർ

എന്നെ ആരാധിക്കുന്നവരായിരിക്കും. ശിർക്കിനെ പൂർണമായും വർജിക്കുന്നവരായിരിക്കും. ആരാധിക്കുന്നവരല്ലെങ്കിൽ; ശിർക്കിനെ പൂർണമായും ഉപേക്ഷിക്കുന്നവരല്ലെങ്കിൽപ്പിന്നെ ഈ വാഗ്ദാനത്തിൽ നിന്ന് പൂർണമായും പ്രയോജനം നേടാനാവുകയില്ല. അവസാനകാലത്ത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് വ്യക്തമാകുന്നത്. നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നും അതു ശാശ്വതമായിരിക്കുമെന്നും ഹദീസുകളിൽ നിന്ന് നമുക്ക് മനസ്സിലാകുന്നു. എനിക്കുശേഷം ഖിലാഫത്ത് ഉണ്ടായിരിക്കും; അത് എന്നും നിലനില്ക്കുന്നതായിരിക്കും എന്ന് വാഗ്ദത്ത മസീഹും(അ) തുറന്ന നിലയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഖിലാഫത്തിന്റെ വാഗ്ദാനത്തിൽ നിന്ന് അനുഗ്രഹം തേടുന്നതിനും ഈ അനുഗ്രഹത്തിൽ നിന്ന് ഭാഗഭാ ക്കാകുന്നതിനും വേണ്ടി തങ്ങളുടെ അവസ്ഥകളും അതോടൊപ്പം മാറ്റേണ്ടതുണ്ട്. മുസൽമാൻ എന്നു വിളിക്കപ്പെടുന്നതു കൊണ്ടു മാത്രം, വെറും ബാഹ്യമായ വിശ്വാസം പ്രകടമാക്കിയതു കൊണ്ട് ഖിലാഫത്തിന്റെ അനുഗ്രഹത്തിന് അർഹമാക്കുകയില്ല. ഇബാദത്തിന്റെ കടമ നിറവേറ്റുന്നതിനും ശിർക്കിൽ നിന്ന് വിട്ടുനില്ക്കുന്നതിനും വേണ്ടി നമസ്കാരം നിലനിർത്തുകയും സക്കാത്ത് നല്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുക എന്ന് അല്ലാഹു മുസ്‌ലിംകളെ ഉപദേശിക്കുന്നു. അപ്പോഴേ നിങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യം നേടാനാവൂ. റസൂലിനോടുള്ള അനുസരണത്തിൽ നബി തിരുമേനി(സ) നമുക്കു പറഞ്ഞു തന്ന ഒരു കാര്യം ഓർക്കേ ണ്ടതാണ്. അതായത് ഏതൊരാൾ ഞാൻ നിശ്ചയിച്ച അമീറിനെ അനുസരിച്ചുവോ അയാൾ എന്നെ അനുസരിച്ചു. ഏതൊരാൾ ഞാൻ നിശ്ചയിച്ച അമീറിനെ ധിക്കരിച്ചുവോ അയാൾ എന്നെ ധിക്കരിച്ചു. ഖിലാഫത്ത് വ്യവസ്ഥിതിയിൽ മറ്റാരേക്കാളും നബിതിരുമേനി(സ) നിശ്ചയിച്ച അമീർ എന്നത് ഖലീഫ തന്നെയാണ്. ഇവിടെ നുബുവ്വത്തിന്റെ മാർഗത്തിൽ സ്ഥാപിതമാകുന്ന ഖിലാഫത്താണ് ഉദ്ദേശ്യം. ഈ ഖിലാഫത്ത് ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് നിലനില്ക്കുന്നത്. ഖിലാഫത്ത് വ്യവസ്ഥിതി വേണമെന്ന് ചില പണ്ഡിതരും ഉദ്ബുദ്ധരുമായവർ തുറന്നു പറയാറുണ്ടെങ്കിലും അവരോട് അല്ലാഹു സ്ഥാപിച്ച വ്യവസ്ഥിതിയിൽ വിശ്വസിക്കൂ എന്ന് പറയുമ്പോൾ വിശ്വസിക്കാൻ തയ്യാറല്ല. എന്നല്ല, അവർ ശക്തമായി എതിർക്കുന്നു. ആ എതിർപ്പിന്റെ പുതിയ സംഭവമാണ് രണ്ടു ദിവസം മുൻപ് സിയാൽക്കോട്ടിലെ നമ്മുടെ പള്ളിയിൽ അരങ്ങേറിയത്. പോലീസ് അധികൃതരുടെ നേതൃത്വത്തിൽ മൗലവിമാരും സിൽബന്ധികളും ചേർന്ന് പള്ളിയെയും അതിനോട് ചേർന്നുള്ള വീടിനെയും ആക്രമിച്ചു തകർത്തു കളഞ്ഞു. മറ്റു പള്ളികളെയും ആക്രമിച്ച് നിലംപരിശാക്കുമെന്ന് വീമ്പു പറയുകയും ചെയ്തു. ഏതുവരെ നബിതിരുമേനി(സ)യുടെ പ്രവചനപ്രകാരം സ്ഥാപിതമായ ഖിലാഫത്തിൽ വിശ്വസിക്കുന്നില്ലയോ അതുവരെ ഇവർ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതാണ്. അവരിൽ നിന്ന് ഒരു വിധത്തിലുള്ള നന്മയും പ്രതീക്ഷിക്കാൻ കഴിയില്ല. ഞങ്ങളുടെ വികാരങ്ങളെ സംബന്ധിച്ച് പറയുമ്പോൾ, വാഗ്ദത്ത മസീഹി(അ)ന്റെ കാലത്തെ ഒരു സ്മാരകത്തെയാണ് അവർ പൊളിച്ചിരിക്കുന്നത്. രണകൂടം അതിനെ തന്റെ നിയന്ത്രണത്തിൽ വെച്ചിരിക്കുകയാണ്. എന്നത്തെയും പോലെ ഞങ്ങളുടെ മറുപടി ഇതാണ്, ഇതായിരിക്കേണ്ടതാണ്: ***ഇന്നമാ അശ്കൂ ബസ്സീ വഹുസ്നീ ഇലല്ലാഹ്.*** ഞാൻ എന്റെ ദു:ഖങ്ങളും പരാതികളും അല്ലാഹുവിന്റെ സമക്ഷം അർപ്പിക്കുന്നു. തീർച്ചയായും ഞങ്ങൾക്ക് അതിനോട് വൈകാരികമായ ബന്ധമുണ്ട്. എങ്കിലും വാഗ്ദത്ത മസീഹി(അ)നോടുള്ള ഉന്നത ബന്ധം പ്രകടമാകുന്നത് വെറും കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിലല്ല; അദ്ദേഹത്തിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിലാണ്; അദ്ദേഹത്തിനു ശേഷം ഖിലാഫത്തു വ്യവസ്ഥിതിയുമായി ഒട്ടിച്ചേർന്നു നില്ക്കുന്നതിലാണ്; ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം ഉൾക്കൊള്ളുന്നതിനു വേണ്ടി അല്ലാഹു പറഞ്ഞു തന്നിട്ടുള്ള കാര്യങ്ങൾ സ്വായത്തമാക്കുന്നതിലാണ്; സ്വന്തം ഇബാദത്തുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലാണ്; അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിലാണ്; അനുസരണത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിലാണ്.

ആകയാൽ, നാം ഇതിനായി പരിശ്രമിക്കേണ്ടതുണ്ട്. ഖലീഫയുടെ ആഗമനത്തിന്റെ ലക്ഷ്യമെന്തെന്ന് ഒരാൾ വാഗ്ദത്ത മസീഹി(അ)നോട് ചോദിച്ചു. ഇതിന് വാഗ്ദത്ത മസീഹ്(അ) നല്കിയ മറുപടി നാം എപ്പോഴും മുന്നിൽ വെയ്ക്കേണ്ടതാണ്. പരിഷ്കരണം എന്നാണ് വാഗ്ദത്ത മസീഹ്(അ) മറുപടി പറഞ്ഞത്. അദ്ദേഹം പറഞ്ഞു: ഒരു കാലം കഴിയുന്നതോടു കൂടി ആദ്യ നബിയുടെ അധ്യാപനങ്ങളെ വിസ്മരിച്ചു കൊണ്ട് ജനങ്ങൾ സന്മാർഗവും ഈമാനിക സമ്പത്തും ജ്ഞാന വെളിച്ചവും നഷ്ടപ്പെട്ടവരാവുകയും ലോകത്ത് അന്ധകാരത്തിന്റെയും വഴികേടന്റെയും ദുർവൃത്തികളുടെയും യാനകമായ ഇരുട്ട് നാലുപാടും വ്യാപിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ സിഫത്തുകൾ ആവേശം കൊള്ളുകയും ഉന്നതനായ മഹാത്മാവു മുഖേന ലോകത്ത് വീണ്ടും ദിവ്യ ജ്ഞാനം സ്ഥാപിച്ചു കൊണ്ട് ദൈവാസ്തിക്യം തെളിവുകൾ ആയിരമായിരം തെളിവുകളാൽ സ്ഥാപിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ തുടർന്നു വരുന്ന നടപടിക്രമമാണ്. മുസ്‌ലിംകളിലും

അമുസ്ലിംകളിലും വിശ്വാസവും ഭക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ അല്ലാഹു നബിതിരുമേനി(സ)യുടെ പ്രവചനപ്രകാരം "ഖാത്തമുൽ ഖുലഫാ"യെ അയച്ചു.

പറഞ്ഞു: ഈ ഈ സനാതന നടപടിക്രമമനുസരിച്ചാണ് ദൈവാസ്തികൃത്തിന്റെ സ്പഷ്ടമായ തെളിവുകൾ നല്കാനും തൗഹീദും ധാർമികഗുണങ്ങളും വീണ്ടും പുതുതായി സ്ഥാപിക്കാനും വേണ്ടിയാണ് നമ്മുടെ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നത്. അധികമാളുകളുടെയും കർമപരമായ അവസ്ഥ ദുർബലമായിരിക്കുന്നതായി നാം കാണുന്നു. ഖബർ പൂജ, ശിർക്ക്, ബിദ്അത്ത് തുടങ്ങിയ കാര്യങ്ങൾ അവർ അകപ്പെട്ടിരിക്കുന്നു. ദുഷ്കർമങ്ങളും നീച പ്രവൃത്തികളും സാധാരണമായിരിക്കുന്നു. എന്നാൽ വാഗ്ദത്ത മസീഹി(അ)ന്റെ ഒടുവിലത്തെ വാക്കുകൾ, ഞാൻ മുൻപും പറഞ്ഞതു പോലെ, നമ്മെ എപ്പോഴും ബാധവാന്മാരാക്കേണ്ടതാണ്. അതായത്, ലോകത്ത് ദുഷ്പ്രവൃത്തികളും നീചകൃത്യങ്ങളും പെരുകുകയും ധാർമിക ഗുണങ്ങൾ ഇല്ലാതാകുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ നടപടിക്രമമനുസരിച്ച് തന്റെ ഇഷ്ടദാസനെ അയച്ചു കൊണ്ട് ദീനിനെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയാണ് ഈ പ്രസ്ഥാനം സ്ഥാപിച്ചിരിക്കുന്നത്. ആകയാൽ നാം വാഗ്ദത്ത മസീഹിനെ വിശ്വസിച്ചു കൊണ്ട് നമ്മിൽ ഒരു മാറ്റം സംജാതമാക്കുന്നില്ലെങ്കിൽ അത് ആശങ്കാജനകമായ സംഗതിയാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ ലഭ്യമാകുന്നതിന് അല്ലാഹു എന്തൊക്കെ കാര്യങ്ങൾ എന്തൊക്കെ കർമങ്ങൾ ചെയ്യാനാണോ അല്ലാഹു ഉദ്ബോധിപ്പിച്ചത് അവയനുസാരിച്ച തങ്ങളുടെ ജീവിതം വാർത്തെടുക്കാൻ നാം ശ്രമിക്കുന്നുണ്ടോ എന്ന് എപ്പോഴും വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ ഇബാദത്തുകൾ എങ്ങനെയുള്ളതാണ്; നമ്മുടെ നമസ്കാരങ്ങൾ എപ്രകാരമാണ്; നമ്മുടെ വാക്കും പ്രവൃത്തിയും ശിർക്കിൽ നിന്ന് മുക്തമാണോ; നമ്മുടെ സാമ്പത്തി കത്യാഗങ്ങളുടെ നിലവാരമെന്താണ്; നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രമാത്രമാണ് എന്ന് നാം നോക്കേണ്ടതാണ്. അല്ലാഹു അവന്റെ റസൂലും ആഗ്രഹിക്കുന്നതു പോലുള്ള നിലവാരം നാം നേടിയിട്ടുണ്ടോ? ഇക്കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ്(അ) തന്റെ ജമാഅത്തിൽ വിശ്വസിക്കുന്നവരെ ഏതൊരു നിലവാരത്തിൽ കാണാൻ ആഗ്രഹിക്കുന്നുവോ അതിലേക്കെത്താൻ നാം ശ്രമിക്കുന്നുണ്ടോ? ഇബാദത്തിന്റെ നമസകാരത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് നബി തിരുമേനി(സ)യുടെ ഒരു നിർദേശമുണ്ട്. ഖിയാമത് നാളിൽ ഏറ്റവും ആദ്യം നമസ്കാരത്തിന്റെ കണക്കാണ് എടുക്കുന്നത്. ഈ കണക്ക് ശരിയായൽ അവൻ വിജയിച്ചു; മോക്ഷം പ്രാപിച്ചു. ശരിയായില്ലെങ്കിൽ അവൻ പരാജിതനായി; നഷ്ടപ്പെട്ടവനായി.

ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു: നബിതിരുമേനി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: നമസ്കാരം ഉപേക്ഷിക്കുക എന്നത് മനുഷ്യനെ ശിർക്കിലേക്കും അവിശ്വാസത്തിലേക്കും അടുപ്പിക്കുന്നു.

അതുകൊണ്ട് വളരെ ഭയപ്പെടേണ്ട ഘട്ടമാണിത്. അല്ലാഹുവിനെ അങ്ങേയറ്റം അനിഷ്ടകരമാണ് ശിർക്ക്. ശിർക്ക് അല്ലാഹു മാപ്പാക്കുന്നതല്ല. അത്തരത്തിലുള്ള കുറ്റം ചെയ്തുകൊണ്ട് നമുക്ക് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാനാകുമോ? ഒരിക്കലുമില്ല. നമസ്കാരം എങ്ങനെയുള്ളതായിരിക്കണം; അതിന്റെ യാഥാർഥ്യവും ചൈതന്യവും ഏതു നിലവാരമാണ് പുലർത്തേണ്ടത്, ഈ കാര്യം വിവരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: ചിലർ പള്ളികളിൽ പോവുകയും നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യു ന്നതോടൊപ്പം ഇസ്ലാം കാര്യങ്ങളിലെ മറ്റു കർമങ്ങളും നിർ വഹിക്കുന്നു. എന്നാൽ ദൈവത്തിന്റെ സഹായവും പിന്തുണയും അവർക്കു ലഭിക്കുന്നില്ല. അവരുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും വേണ്ടത്ര മാറ്റം കാണുന്നില്ല. എന്തെന്നാൽ, ദൈവകല്പന നിർവഹിക്കുകയെന്നത് ഒരു ബീജം പോലെ യാണ്. അതിന്റെ സ്വാധീനം ആത്മാവിലും അസ്തിത്വത്തിലും പതിയുന്നു. ഒരാൾ തന്റെ കൃഷിയിടത്തിൽ ജലസേചനം ചെയ്യുകയും വളരെ കഠിനാധ്വാനം ചെയ്ത് അതിൽ വിത്തിറക്കുകയും ചെയ്യുന്നു. രണ്ടുമാസത്തോളം ചെയ്തിട്ടും ഫലമൊന്നും ലഭിക്കുന്നില്ലെങ്കിൽ വിത്ത് മോശമാണെന്ന് അംഗീകരിക്കേണ്ടി വരുന്നു.

ഈയൊരു സംഗതിയാണ് നാം എപ്പോഴും മുന്നിൽ വെയ്ക്കേണ്ടത്. തങ്ങളുടെ ഇബാദത്തുകളുടെയും സ്വഭാവഗുണങ്ങളുടെയും രീതിയുടെയും മികവിന്റെ നിലവാരം കൊണ്ട് ദൈവസാമീപ്യത്തെ തിരിച്ചറിയുക.

നമസ്കാരത്തിന്റെ യാഥാർഥ്യം വിവരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: നമസ്കാരം എന്താണ്? അതൊരു ദുആയാണ്; അല്ലാഹുവിനെ സ്തുതിച്ചും അവന്റെ പരിശുദ്ധിയെ വാഴ്ത്തിയും ഇസ്തിഗ്ഫാറു സ്വലാത്തോടും കൂടി താഴ്മയോടെ ചെയ്യപ്പെടുന്ന ദുആ. നിങ്ങൾ നമസ്കരിക്കുമ്പോൾ ദൈവവചനമായ വിശുദ്ധ ഖുർആനും തിരുനബി (സ) യുടെ പ്രാർഥനകളും ഒഴിച്ച് ബാക്കി എല്ലാ ദുആകളും ഹൃദയ നൊമ്പരത്തോടെ സ്വന്തം ഭാഷയിൽ നിർവഹിക്കുക. അപ്പോൾ ആ വിനയത്തിന്റെയും താഴ്മയുടെയും സ്വാധീനം നിങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നതാണ്.

ശേഷം അവിടുന്ന് പറയുന്നു: നമസ്കാരം മുഖേന ആകാശം പോലും മനുഷ്യനു വേണ്ടി

കുനിയുന്നു. നമസ്കാരത്തിന്റെ കടമ നിറവേറ്റുന്നവൻ താൻ മരിച്ചു തന്റെ ആത്മാവ് വിലയം പ്രാപിച്ചു കൊണ്ട് ദൈവസമക്ഷം വീഴുന്നു. ഈ രീതിയിൽ നമസ്കാരം നിർവഹിക്കുന്ന വീട് ഒരിക്കലും നശിക്കുകയില്ല.

ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക എന്ന് അല്ലാഹു പറയുന്നു. ഇതുസംബന്ധമായി ഒരു രിവായത്തിൽ വന്നിരിക്കുന്നത്, നബിതിരുമേനി(സ)ക്ക് തന്റെ ഉമ്മത്തിൽ ശിർക്ക് പ്രചരിക്കുമെന്ന് ആശങ്കയുണ്ടായിരുന്നു എന്നാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***വയഗ്ഫിറു മാ ദൂന ദാലിക്.*** അതായത്, ശിർക്കൊഴികെ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്. അതുകൊണ്ട് ശിർക്കിനെ സമീപിക്കരുത്; അതിനെ വിലക്കപ്പെട്ട വൃക്ഷമായി കണക്കാക്കുക.

മനസ്സിൽ ആയിരക്കണക്കിന് ബിംബങ്ങളെ പ്രതിഷ്ഠിച്ചിരിക്കെ വായ കൊണ്ട് വെറും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ഉരുവിടുന്നതിനെയല്ല തൗഹീദ് എന്നു പറയുന്നത്. മറിച്ച്, ഏതൊരാളാണോ തന്റെ ജോലികൾക്കും തന്ത്രങ്ങൾക്കും വഞ്ചനാപ്രവൃത്തികൾക്കും ദൈവത്തിന്റെ മഹത്ത്വം കല്പിക്കുന്നത്, അല്ലാഹുവിൽ വിശ്വാസമർപ്പിക്കേണ്ടിടത്ത് ഏതെങ്കിലും മനുഷ്യനിൽ വിശ്വാസമർപ്പിക്കുന്നത്, അല്ലെങ്കിൽ ആ സ്ഥാനം സ്വന്തം നഫ്സിനു നല്കുന്നത്, അയാൾ ദൈവസമക്ഷം വിഗ്രഹാരാധകനാണ്.

ഖിലാഫത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് സക്കാത്തും സാമ്പത്തിക ത്യാഗവും നിർബന്ധമാക്കിയിരിക്കുന്നു. ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു: നബിതിരുമേനി(സ) പറഞ്ഞു: രണ്ടു പേരോട് മാത്രം അസൂയപ്പെടാവുന്നതാണ്. ഒരാൾക്ക് അല്ലാഹു സമ്പത്ത് നല്കുകയും അത് അയാൾ ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ ആൾക്ക് അല്ലാഹു അറിവും വിവേകജ്ഞാനവും നല്കുകയും അയാൾ അതിന്റെ സഹായത്തോടെ ജനങ്ങളിൽ തീർപ്പ് കല്പ്പിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നു.

നമസ്കാരവും സകാത്തും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) പറയുന്നു: ജനങ്ങൾ തങ്ങളുടെ നമസ്കാരങ്ങളിൽ ഭക്തി അവലംബിക്കുമ്പോൾ അതിന്റെ ഫലമായി സ്വാഭാവികമായി തന്നെ അവർ അനാവശ്യകാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുന്നു. വൃത്തിഹീനമായ ഈ ലൗകികതയിൽ നിന്ന് മോക്ഷം ലഭിക്കുകയും ലൗകികതയോടുള്ള സ്നേഹം തണുത്തുകൊണ്ട് ദൈവസ്നേഹം അവരിൽ ഉടലെടുക്കുകയും ചെയ്യുന്നു. ***ഹുംലിസക്കാത്തി ഫാഇലൂൻ*** എന്നതായിരിക്കും അതിന്റെ ഫലം. അതായത്, അവർ ദൈവമാർഗത്തിൽ ചെലവഴിക്കുന്നു. ആയതിനാൽ, നമസ്കാരം അനാവശ്യകാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നു. അനാവശ്യകാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുമ്പോൾ ദൈവകല്പനകൾ പാലിക്കുന്നതിലേക്ക് ബോധവാനാക്കുന്നു. പിന്നീടത്, സമ്പത്ത് വിലക്കപ്പെട്ട സംഗതികളിൽ ചെലവഴിക്കുന്നതിനു പകരം ദൈവമാർഗത്തിൽ ചെലവഴിക്കണമെന്ന ചിന്തയുണ്ടാക്കുന്നു. ദൈവമാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നതിലൂടെ അനാവശ്യമായ ഒരുപാട് കാര്യങ്ങളിൽ നിന്ന് മനുഷ്യന് രക്ഷപ്പെടാം എന്നും അവിടുന്ന് പറയുകയുണ്ടായി.

ഖിലാഫത്തിന്റെ അനുഗ്രഹം നേടുന്നവരെ അല്ലാഹു ഉപദേശിച്ചത് അവർ അനുസരണത്തിന്റെ നിലവാരത്തെ ഉയർത്തണമെന്നാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉബാദ(റ) നിവേദനം ചെയ്യുന്നു: ഞങ്ങൾക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണെന്നും ഞങ്ങൾ എവിടെയായിരുന്നാലും അർഹതപ്പെട്ട വ്യക്തിയുടെ കാര്യത്തിൽ കലഹിക്കുകയില്ലെന്നും സത്യത്തിൽ നിലകൊള്ളുമെന്നും സത്യം മാത്രമേ പറയുകയുള്ളുവെന്നും അല്ലാഹുവിന്റെ കാര്യത്തിൽ ശകാരിക്കുന്നവന്റെ ശകാരത്തെ ഭയപ്പെടുകയില്ലെന്നുമുള്ള കാര്യത്തിൽ നബി(സ)തിരുമേനിയിൽ ബൈഅത്തു ചെയ്തു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: അല്ലാഹുവിനെയും റസൂലിനെയും ഭരണാധികാരികളെയും അനുസരിക്കുക. സത്യ ഹൃദയത്തോടു കൂടി അനുസരണം പുലർത്തകയാണെങ്കിൽ ഹൃദയത്തിൽ ഒരു പ്രകാശവും ആത്മാവിൽ അനുഭൂതിയും വെളിച്ചവും ഉണ്ടാകുന്നതാണ്. എത്രമാത്രം അനുസരണം ആവശ്യമാണോ അത്രത്തോളം ദൈവമാർഗത്തിലുള്ള കഠിനാധ്വാനത്തിന്റെ ആവശ്യമില്ല. എന്നാൽ, അനുസരണം ആത്മാർഥമായിട്ടായിരിക്കണം എന്നത് നിബന്ധനയാണ്. ഈ സംഗതിയാണ് വളരെ പ്രയാസകരമായിട്ടുള്ളതും.

മസീഹ് മൗഊദിന്റെ ജമാഅത്തെന്ന് വിളിക്കപ്പെട്ട സഹാബാക്കളുടെ ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്ന നിങ്ങൾ സ്വന്തം ഉള്ളിൽ സഹാബാക്കളുടെ വർണം സംജാതമാക്കുക.

ജമാഅത്തിന്റെ പുരോഗതി എന്നും നിലനിർത്തണമെങ്കിൽ, ഖിലാഫത്ത് വ്യവസ്ഥിതി ശാശ്വതമായി നിലനില്ക്കാൻ ശ്രമിക്കണമെങ്കിൽ ആ മാതൃകയും സ്ഥിരോത്സാഹത്തോടെ നിലനിർത്തേണ്ടി വരും. അപ്പോൾ മാത്രമേ മുൻപ് ലഭിച്ചു കൊണ്ടിരുന്ന പുരോഗതി ലഭിക്കുകയുള്ളു. നമ്മുടെ ഇബാദത്തിന്റെ നിലവാരവും ഉയർത്തേണ്ടി വരും; നമസ്കാരങ്ങളെ സംരക്ഷി

**ശേഷം പേജ് 32 ൽ**

# അറബി പണ്ഡിതമ്മന്യന്മാരോട് ഒരഭ്യർഥന

അറബിഭാഷയിൽ ദൈവ മാർഗത്തിൽ അതുല്യജ്ഞാനം ആർജിച്ച വാഗ്ദത്ത മസീഹിന്റെ അറബി പാണ്ഡിത്യം പ്രത്യക്ഷമായ ഒരു ദിവ്യദൃഷ്ടാന്തമാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വാഗ്ദത്ത മസീഹ്

എനിക്ക് അനുഗ്രഹിച്ചരുളിയ അടയാളങ്ങളിലൊന്നായ അറബി ഭാഷയിലെ അസാധാരണ പാടവം ചിന്തിക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമായിട്ടുള്ളതത്രെ. കാരണമെന്തെന്നാൽ നിപുണതയെന്ന് ഒരിക്കലും വിശേഷിപ്പിക്കാനാവാത്ത തരം നിസ്സാരവും തുഛവുമായ ഗ്രാഹ്യമല്ലാതെ ഇയ്യുള്ളവന് അറബിഭാഷയിൽ യാതൊരു പാണ്ഡിത്യവുമുണ്ടായിരുന്നില്ല. എന്റെ അറിവിന്റെ പലക ഒടിച്ചു കളയാൻ പണ്ഡിതർ പരമാവധി ആഗ്രഹിച്ചു. ജനങ്ങളെ എന്നോടും എന്റെ ജമാഅത്തിനോടും നീരസമുള്ളവരാക്കിതീർക്കാനുള്ള ലക്ഷ്യത്തോടെ എന്റെ ജ്ഞാനത്തിലെ പിഴവുകൾ കണ്ടെത്തുവാനും അതിനെ വിമർശിക്കുവാനും അവർ തുടങ്ങി. ഇവന് അറബി ഭാഷയിലെ ഒരു ക്രിയാപദം പോലും അറിയില്ലെന്നും ആ സുവർണ വിജ്ഞാന ശേഖരത്തിൽ നിന്ന് ഒരു ശകലവും ഇവന്റെ ഉടമസ്ഥതയിലില്ലെന്നും അവർ തങ്ങളുടെ ഭാഗത്ത് നിന്ന് പരസ്യം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഈ ഭാഷയിൽ എന്നെ പൂർണനാക്കാനും അതിന്റെ സാഹിത്യമികവിനും വാഗ്ചാതുര്യത്തിലും നിസ്തുലനാക്കാനും വേണ്ടി ഞാൻ അല്ലാഹുവിന്റെ സവിധത്തിൽ പ്രാർഥനകളാരംഭിച്ചു. ആ പ്രാർഥനകളാൽ ഞാൻ അങ്ങേയറ്റം താഴ്മയിലും വിലാപത്താലും അവന്റെ സന്നിധിയിൽ വീണു. സത്യസന്ധമായ സ്ഥൈര്യവും പരിശ്രമവും നിസ്വാർഥതയോടും കുടി ഗദ്ഗദകണ്ഠനായി ഈ അർഥന അവന്റെ തിരുസമക്ഷത്തിൽ ഞാൻ ആവർത്തിച്ചുകൊണ്ടിരുന്നു. അപ്രകാരം ആ പ്രാർഥന സ്വീകരിക്കപ്പെട്ടു. ഞാൻ ആഗ്രഹിച്ചത് എനിക്ക് നൽകുകയുണ്ടായി. അറബിഭാഷയുടെ സൂക്ഷ്മനിയമങ്ങളുടെ കവാടങ്ങൾ എന്നിൽ തുറക്കപ്പെട്ടു. ഏത്വരെയെന്നാൽ ഞാൻ ആ ഗ്രന്ഥങ്ങൾ ഈ രാജ്യത്തുള്ള പണ്ഡിതന്മാർക്ക് മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു.

അല്ലയോ നിപുണരും പണ്ഡിതരുമായുള്ളോരെ! നിങ്ങൾക്ക് എന്നെ സംബന്ധിച്ചുണ്ടായ ധാരണ ഞാനൊരു നിരക്ഷരനും ജാഹിലുമാണെന്നാണല്ലോ! അല്ലാഹുവിന്റെ സഹായം എന്നോടൊപ്പം ഇല്ലായിരുന്നെങ്കിൽ സത്യത്തിൽ ഞാൻ അങ്ങനെ തന്നെയായിരുന്നു. അല്ലാഹു ജല്ലശാനുഹു എനിക്ക് തുണയേകി. സവിശേഷമായ കടാക്ഷത്താലും കാരുണ്യത്താലുമവൻ എനിക്ക് ജ്ഞാനം പകർന്ന് തന്നു. ഇപ്പോൾ ഞാനൊരു നിപുണനും വ്യതിരിക്തനുമായ മനുഷ്യനായി തീർന്നിരിക്കുന്നു. ഞാൻ അനവധി അറബി ഭാഷാ ഗ്രന്ഥങ്ങൾ ഉൽകൃഷ്ട ഭാഷാ പാടവത്തിന്റെ പുടവകളണിയിച്ചുകൊണ്ട് രചിക്കുകയുണ്ടായി. അവ ജ്ഞാനികൾക്കും നീതിമാന്മാർക്കും വേണ്ടി എന്റെ ഭാഗത്ത്നിന്നുള്ള ഒരടയാളമാകുന്നു. നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ ന്യായപൂർത്തീകരണവും. നിങ്ങൾക്ക് എന്റെ സത്യതയിലും എന്റെ പരിപൂർണ ഭാഷാവൈദഗ്ധ്യത്തിലും സംശയമുണ്ടെങ്കിൽ എന്റെ, ഭാഷണത്തിലും ഉൽകൃഷ്ട വ്യാഖ്യാന പ്രകടനത്തിലും തെല്ലും ശങ്കയുണ്ടെങ്കിൽ എന്റെയീ പ്രതാപത്തിൽ വിശ്വസിക്കാതെ ഞാനൊരു വ്യാജനാണെന്ന് നിങ്ങൾ അനുമാനിക്കുന്നുവെങ്കിൽ, നിങ്ങളും അതുപോലെയുള്ള ഒരു ഗ്രന്ഥം ഉണ്ടാക്കികൊണ്ടു വരുവീൻ! നിങ്ങൾ സത്യവാന്മാരാണെങ്കിൽ! നിങ്ങൾ സ്വയം കരുതുന്നത്

ശേഷം പേജ് 14 ൽ

# വവ്വാൽ: ദൈവത്തിന്റെ അത്ഭുതസൃഷ്ടി

പരിണാമവാദികളുടെ യാദൃച്ഛികതാ സിദ്ധാന്തത്തെ പരാജയപ്പെടുത്തുന്ന ദൈവസൃഷ്ടിയുടെ ആസൂത്രണ വൈദഗ്ധ്യത്തിന്റെ മഹിതമായ പ്രകടനമാണ് വവ്വാൽ. അഹ്മദിയ്യാ ഖലീഫയുടെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൻ നിന്ന്

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

വവ്വാലിന്റെ ചെവിയുടെ ഘടനയും ഹ്രസ്വമായ രീതിയിൽ വിവരിക്കാൻ കഴിയാത്ത ഒരു വിഷയമാണ്. വവ്വാലിന്റെ ഇടച്ചെവിയുടേയും ഉൾച്ചെവിയുടേയും സൂക്ഷ്മമായ നിർമാണം പൊതുവേ മനുഷ്യന്റേത് പോലെയാണ്. ഇത് കൂടാതെ വവ്വാലിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് ഉതകുന്ന സവിശേഷതകൾ അതിന്റെ ചെവിക്ക് മാത്രമുള്ളതാണ്. അതാകട്ടെ അവയുടെ ആവശ്യങ്ങളുമായി തികച്ചും പൊരുത്തപ്പെട്ടിരിക്കുന്നു.

മറ്റൊരു കാര്യം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. അത് ചെറിയ പ്രാണികളെ ഭക്ഷിക്കുന്ന വവ്വാലുകളുടെ ചെവിയെസംബന്ധിച്ചുള്ളതാണ്. അവയുടെ ശബ്ദ സംവിധാനം വളരെ സങ്കീർണമാണ്. ഏറ്റവും ആധുനികമായി നിർമിക്കപ്പെട്ട സോണാർ സിസ്റ്റത്തിന്റെ നിർമ്മാതാക്കളായ വിദഗ്ദ്ധരായ ശാസ്ത്രജ്ഞൻമാരെ പോലും വിസ്മയിപ്പിക്കുന്നതാണ് വവ്വാലിന്റെ ശബ്ദ സംവിധാനം. ഈ വവ്വാലുകൾ അത്ഭുതകരമായ വേഗത്തിൽ ഇരുട്ടിൽ പറക്കാൻ കഴിയുന്നവയാണ്. അതിന്റെ ശബ്ദോൽപാദന അവയവവും അതിന്റെ പ്രതിധ്വനി സ്വീകരിക്കുന്ന സ്വീകരണികളായ ചെവികളും അവികലമായ രീതിയിൽ പരിസ്ഥിതിയുമായി പൂർണ്ണമായും പൊരുത്തപ്പെട്ട് പ്രവർത്തിക്കുന്നു. കീടങ്ങളെ തിന്നുന്ന വവ്വാൽ ശീഘ്രവേഗത്തിൽ നിശ്ശബ്ദമായി സഞ്ചരിക്കുന്നു. അപ്പോൾ അവ ഉന്നത ആവൃത്തിയിലുള്ള ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ ശബ്ദത്തെ പ്രതിരോധിക്കുന്ന വിധത്തിൽ വവ്വാലിൽ സംവിധാനങ്ങളില്ലായിരുന്നുവെങ്കിൽ അതിന്റെ ചെവിക്ക് തന്നെ ആ ശബ്ദം കേടുവരുത്തുമായിരുന്നു. വവ്വാലിന്റെ മധ്യ ചെവിയിൽ മൂന്ന് അസ്ഥികളോട് ചേർന്ന് ബന്ധിപ്പിച്ചിട്ടുള്ള സ്റ്റാപീഡിയസ് (Stapedius) പേശികൾ മുഖേനയാണ് ഈ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നത്. മല്ല്യസ് (Malleus) ഇൻകസ്(Incus) സ്റ്റേപ്സ് (Stapes) എന്നിങ്ങനെയാണ് അവയുടെ പേരുകൾ. ഈ പേശികളാണ് ഉൾച്ചെവിയിലേക്ക് ശബ്ദം പ്രക്ഷേപണം ചെയ്യുന്നത്. വവ്വാൽ പുറപ്പെടുവിക്കുന്ന ശബ്ദത്തിന്റെ ഓരോ സ്പന്ദനവും സ്റ്റേപ്സിനെ പ്രസ്തുത പേശികൾ ഒരു വശത്തേക്ക് നീക്കും. ഈ സ്റ്റേപുകൾ കർണപാളിയുമായി തൊട്ടു നിൽക്കുന്നു. അതുകൊണ്ട് ശബ്ദത്തിന്റെ കമ്പനങ്ങൾ നേരിട്ട് ഉൾചെവിയിലേക്ക് പ്രവേശിക്കുന്നില്ല. വവ്വാൽ ഉന്നത ആവൃത്തിയിൽ പുറപ്പെടുവിക്കുന്ന ഓരോ ശബ്ദ സ്പന്ദനവേളയിലും കർണപാളിയോട് തൊട്ട് നിൽക്കുന്ന സ്റ്റേപുകളുടെ ബന്ധം വിഛേദിക്കപ്പെടുകയും വീണ്ടും ബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ സംയോജനത്തിന്റെയും വിഛേദനത്തിന്റേയും (Make and Break) ക്രമീകരണത്തിലൂടെ ഉന്നത ആവർത്തിയിൽ ഈ സംവിധാനം തുടർച്ചയായി പ്രവർത്തിക്കുന്നു. ഇത്തരം വവ്വാലുകൾ സെക്കന്റിൽ 200 തവണ ശബ്ദങ്ങൾ കമ്പനം ചെയ്യിക്കുന്നു. ഇത്രയും ശീഘ്രഗതിയിൽ സ്പന്ദിക്കുമ്പോഴും പേശികൾ അതിനനുസൃതമായി സ്പന്ദനം നിലനിറുത്തുന്നു. എന്നാൽ വവ്വാൽ പുറപ്പെടുവിക്കുന്ന ശബ്ദം ഏതെ



ങ്കിലും കട്ടിയുള്ള പ്രതലത്തിൽ തട്ടി പ്രതിധ്വനിച്ചു ചെവിയിലേക്ക് തന്നെ തിരിച്ചു ചെല്ലുമ്പോൾ അസ്ഥികളും കർണ്ണപാളിയും (Eardrum) ആയുള്ള ബന്ധം ഉടൻ പുനഃസ്ഥാപിക്കപ്പെടുന്നു. അതുകൊണ്ട് വവ്വാലിന് അതിന്റെ പറക്കലിനിടയിലുള്ള എണ്ണമറ്റ ബന്ധ-വിഛേദനത്തിന്റെ ഇടവേളകളിൽ ഒരു പ്രതിധ്വനിയും ഒരിക്കലും നഷ്ടപ്പെടുന്നില്ല. എങ്ങനെയാണ് വവ്വാലിന് ഈ മാന്ത്രിക സ്പന്ദനം ചെവിയിലൂടെ ഗ്രഹിക്കാൻ സാധിക്കുന്നത്? ഉൾചെവിയിലേക്ക് ഒരു തരംഗം പോലും കടക്കാനനുവദിക്കാതെ സെക്കന്റിൽ 200 ശബ്ദവീചികൾ പുറപ്പെടുവിക്കുകയും 200 തവണ പേശികൾ ബന്ധിപ്പിക്കുകയും അതേസമയം തന്നെ പ്രതിധ്വനിച്ച് മടങ്ങി വരുന്ന തരംഗങ്ങളെ ഒന്നുപോലും നഷ്ടപ്പെടാതെ സ്വീകരിക്കുകയും ചെയ്യുന്ന കാര്യം ഒന്നു ആലോചിച്ചു നോക്കൂ. വവ്വാലിന്റെ ചെവി ശബ്ദങ്ങളുടെയും പ്രതിദ്ധ്വനികളുടേയും അത്ഭുതകരമായ സങ്കീർണ ലോകത്ത് വെച്ചാണ് അതിന്റെ ധർമം നിർവഹിക്കുന്നത്. വവ്വാൽ പുറപ്പെടുവിച്ച ശബ്ദത്തിന്റെ പ്രതിദ്ധ്വനികളാവട്ടെ വിവിധങ്ങളായ ആവൃത്തി (Freequency) യിലുള്ളതുമാണ്. ആയിരക്കണക്കിന് വവ്വാലുകൾക്ക് ഒരു ചെറിയ മുറിയിൽ കൂരിരുളിൽ വിവിധ ആവൃത്തികളുള്ള ശബ്ദവീചികൾ പുറപ്പെടുവിച്ച് പറക്കാൻ കഴിയും. വവ്വാൽ ശബ്ദങ്ങൾ തിരിച്ചറിയുമ്പോൾ ഒന്നിനൊന്ന് കൂടികുഴഞ്ഞു പോകുന്നില്ല. ഓരോ ശബ്ദ വീചികയും ഓരോ അടയാളങ്ങളെ പ്രതിനിധാനം ചെയ്യുന്ന തരത്തിൽ വവ്വാലുകൾ തിരിച്ചറിയുന്നു.ശബ്ദാവൃത്തിയുടെ ബോധപൂർവമുള്ള നിയന്ത്രണമാണ് ഈ വ്യവസ്ഥയുടെ അത്ഭുതകരമായ ഭാഗം. കൂടുതൽ വേഗത്തിൽ സ്പന്ദിക്കുമ്പോൾ ഞൊടിയിടക്കുള്ളിൽ കൂടുതൽ പുതിയ വിവരങ്ങൾ കിട്ടികൊണ്ടിരിക്കുന്നു. അങ്ങനെ വവ്വാലിന് എന്തെങ്കിലും മാർഗതടസ്സമുണ്ടെങ്കിൽ അത് സുരക്ഷിതമായി തിരിച്ചറിഞ്ഞ് ഒഴിഞ്ഞു പോകാൻ കഴിയുന്നു. തിങ്ങി നിറഞ്ഞ ഇരുൾ മുറ്റിയ കൊടുങ്കാടുകളിലെ എണ്ണമറ്റ വൃക്ഷ ശാഖകളിലൊന്നിലും തട്ടിമുട്ടാതെ വവ്വാലിന് സുരക്ഷിതമായി സഞ്ചരിക്കാൻ സാധിക്കുന്നു. വവ്വാൽ ഗുഹകളിൽ അവയുടെ പറക്കൽ, ഗുഹയുടെ ആകൃതി വടിവിനേയും, പാറയുടെ പരുപരുത്ത ഉപരിതലത്തേയും ആശ്രയിച്ചാണ് നിർവഹിക്കുക. ഒരു വവ്വാൽ മറ്റൊരു വവ്വാലിനെയോ മറ്റെന്തിലും മുഴച്ചു നിൽക്കുന്ന വസ്തുക്കളിലോ ചെന്നിടിക്കില്ല. അതിന് ഒരു മുടിനാരിഴയേക്കാൾ നേരിയ നൂല് പോലും തിരിച്ചറിഞ്ഞു കൂട്ടിയിടി ഒഴിവാക്കാൻ സാധിക്കും. ഇതെല്ലാം നിർവഹിക്കപ്പെടുന്നത് ശബ്ദ സിഗ്നലുകളും അവയുടെ ആവൃത്തിയേയും ശബ്ദങ്ങളുടെ ശ്രുതി (Pitch)യേയും ഉപയോഗപ്പെടുത്തിയാണ്.

ചില വവ്വാലുകൾക്ക് ആവശ്യം വരുമ്പോൾ ഒരു സെക്കന്റിൽ 200 സ്പന്ദനങ്ങൾ വരെ പുറപ്പെടുവിക്കാൻ സാധിക്കും. ഓരോന്നും ഒരു സെക്കന്റിന്റെ ആയിരത്തിലൊന്ന് സമയത്തേക്ക് മാത്രം നീണ്ടു നിൽക്കുന്നതായിരിക്കും. ഇത്തരത്തിലുള്ള മറ്റു ശബ്ദങ്ങളിൽ നിന്ന് അത് വേറിട്ട് തിരിച്ചറിയപ്പെടുകയും ചെയ്യുന്നു. ചെവിക്കുള്ളിലെ ബന്ധം സ്ഥാപിച്ചും വിഛേദിച്ചും കൊണ്ടുള്ള സംവിധാനം നിരന്തരം അതേ വേഗത്തിൽ തന്നെ ഇതോടൊപ്പം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് മൂലമാണ് ഇത് സാധ്യമാകുന്നത്. വവ്വാലിന്റെ ചെവിയിലെ കർണപാളിയോട് ബന്ധിച്ച അസ്ഥികൾ, (മനുഷ്യന്റെ ചെവിയിലെ തരുണാസ്ഥികൾ പോലെയുള്ള അവയവം) കർണപാളിയിൽ നിന്ന് ബന്ധം വിഛേദിക്കുകയും പ്രതിധ്വനിച്ചു വരുന്ന ശബ്ദവീചികൾ (Echo) ചെവിയിൽ തിരിച്ചെത്തുന്നതിന് മുമ്പേ അവയുടെ കർണപാളിയുമായുള്ള ബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഞൊടിയിടക്കുള്ളിൽ നടക്കുന്ന ഈ പ്രവർത്തനം ഒരിക്കലും പരാജയപ്പെടുകയില്ല. ഇതെല്ലാം തന്നെ ഉദ്ദേശ്യപൂർവമാണ് വവ്വാൽ നിർവഹിക്കുന്നത്. വവ്വാലിന് എങ്ങനെയാണ് സിഗ്നലുകളുടെ ഫ്രീക്വൻസി ഉയർത്തേണ്ടതെന്നറിയാം. അതിന്റെ ശബ്ദ ശ്രൂതിയെ നിയന്ത്രിച്ചു കൊണ്ട് ആവശ്യത്തിനനുസരിച്ച് കൃത്യമായി വവ്വാൽ മാറ്റുന്നു. മറ്റു നൂറായിരം വവ്വാലുകളുടെ സിഗ്നലുകളുമായി കൂട്ടിമുട്ടാതെ ഒരു വവ്വാലിന് അതിന്റെ ഫ്രീക്വൻസി തിരഞ്ഞെടുക്കാനറിയാം. പ്രകൃതി നിർദ്ധാരണത്തിന്റെ ഹസ്തങ്ങൾക്ക് എങ്ങനെയാണ് വവ്വാലിന്റെ കാതുകളും തൊണ്ടയും മസ്തിഷ്ക്കവും ഇത്ര മാത്രം അഗാധമായ സൂക്ഷ്മതയോടും പരിപൂർണ സ്വരചേർച്ചയിലും രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുക? ഒരു മനുഷ്യൻ അവിടെയുണ്ടെങ്കിൽ അയാൾക്ക് വവ്വാ

ലിന്റെ ശബ്ദം കേൾക്കാൻ സാധ്യമല്ല. വവ്വാലിന്റെ മിക്ക ശബ്ദങ്ങളും മനുഷ്യന് കേൾക്കാൻ പറ്റുന്ന ആവൃത്തിയിലല്ല. ഈ ശബ്ദ സിഗ്നലുകളുടെ ബാഹുല്യം മുഴുവനും മനുഷ്യന് കേൾക്കാവുന്നതാണെങ്കിൽ മനുഷ്യന്റെ കർണ്ണപാളി പൊട്ടിതകർന്നു പോകും. ഭാഗ്യമെന്ന് പറയട്ടെ ഒരു കാട് നിറയെ വവ്വാലുകളുണ്ടെന്നാലും നമുക്ക് അനുഭവപ്പെടുക നിശബ്ദത മാത്രമായിരിക്കും.

കുറേക്കാലം കണ്ണ് ഉപയോഗിക്കാതിരുന്നാൽ അതിന് ഒരു സങ്കോചം അനുഭവപ്പെടും. അതായത് കുറേക്കാലം ഉപയോഗിക്കാത്ത മനുഷ്യാവയവം ഉപയോഗശൂന്യമാവുന്നത് പോലെ. ദീർഘകാലത്തെ ഉപയോഗമില്ലായ്മ അവയവങ്ങളെ ചുരുക്കി ചുരുക്കി കൊണ്ടു വരികയും അവസാനം അത് ഇല്ലാതാവുകയും ചെയ്യും. ഈ പ്രതിഭാസം ജീവിതത്തിൽ സർവസാധാരണമാണ്. അതുകൊണ്ട് പ്രാണികളെ ഭക്ഷിക്കുന്ന വവ്വാലിന്റെ കണ്ണ് വളരെ ചെറുതായി ചുരുങ്ങിപ്പോവുകയും കാഴ്ചക്കാരന് ഒരു ചെറുദ്വാരമാണെന്ന് തോന്നുമാറ് ചെറുതായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ, പഴവർഗങ്ങൾ ഭക്ഷിക്കുന്ന വവ്വാലിന് ലക്ഷ്യത്തെ കണ്ട് തിരിച്ചറിയാനും സ്ഥലം നിർണയിക്കാനുമുതകുന്ന വലിയ സുന്ദരമായ കണ്ണുകളാണുള്ളത്. വവ്വാലിന്റെ ചെവിയുടെ നിർമിതിയിലേക്ക് തന്നെ നമുക്ക് മടങ്ങി വരാം. മനുഷ്യന്റെ ചെവിയേക്കാൾ സങ്കീർണ്ണതയിൽ ഉയർന്നു നിൽക്കുന്നതാണ് വവ്വാലിന്റെ ചെവികളെന്ന് നാം ഇതിന് മുമ്പേ പറഞ്ഞു കഴിഞ്ഞുവല്ലോ. വവ്വാലിന്റെ ചെവിയിൽ കാണുന്ന സംയോജന വിഛേദന സംവിധാനം പരിണാമവാദികളെ സംബന്ധിച്ചിടത്തോളം ഉത്തരമില്ലാത്ത ഒരു ചോദ്യമായി നിൽക്കുന്നു. വവ്വാലിന്റെ ചെവിയിൽ മാത്രം കാണുന്ന ഈ കൊച്ചു പേശികളുടെ സംയോജന വിഛേദന സംവിധാനം നീക്കിക്കളയുകയാണെങ്കിൽ പ്രാണികളെ തിന്നുന്ന വവ്വാലിന്റെ കേൾവി സംവിധാനമാകെ താറുമാറാകും. ഈയൊരു കൊച്ചു പേശി വവ്വാലിൽ സൃഷ്ടിക്കാൻ പ്രകൃതി നിർദ്ധാരണം എന്ത് പങ്കാണ് നിർവഹിച്ചിട്ടുള്ളത്? അതിന്റെ അതിസൂക്ഷ്മമായ നിർമാണവും സ്ഥാപനവും പ്രകൃതി നിർദ്ധാരണം നിർവഹിച്ചതാണെന്ന് പറയാൻ സാധ്യമല്ല. പ്രകൃതി നിർദ്ധാരണത്തിന് നിർവഹിക്കാൻ കഴിയുന്ന ഒരേയൊരു കാര്യം ക്രമരഹിതമായ രീതിയിൽ ഉൽപരിവർത്തനം (Mutation) ഉണ്ടാക്കുന്ന നിരവധി വൈവിധ്യങ്ങളുടെ സാധ്യതകളിൽ നിന്ന് അവസാനം ഒന്നിനെ തിരഞ്ഞെടുക്കുക എന്നത് മാത്രമാണ്. ഒരു സവിശേഷമായ കൃത്യനിർവഹണത്തിന് വേണ്ടി വവ്വാലിന്റെ ഈ പ്രത്യേക പേശിയെ പ്രകൃതി നിർദ്ധാരണത്തിന്റെ ക്രമരഹിതമായ ജീവശക്തിയാണ് രൂപപ്പെടുത്തിയതെന്ന് സങ്കൽപിക്കുവാൻ സാധ്യമല്ല. അതും യാതൊരു രൂപകൽപനയോ, സാങ്കേതികമായി അത് സംബന്ധിച്ചുള്ള അറിവോ, പ്രവർത്തനങ്ങളെ സംബന്ധിച്ച ജ്ഞാനമോ ഇല്ലാത്ത ജീവശക്തിയാണ് ഇത് നിർമിച്ചതെന്ന കാര്യം സങ്കൽപിക്കാൻ സാധ്യമല്ല. സൂക്ഷ്മമായി പ്രവർത്തിക്കുന്ന ഇപ്രകാരം നിർമിച്ച പ്രത്യേക അവയവങ്ങൾ യാദൃച്ഛികമായി സൃഷ്ടിക്കപ്പെട്ടതാണെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ സാധ്യമല്ല.

---

പേജ് 11 ൽ നിന്ന് തുടർച്ച

പോലെത്തന്നെ നിങ്ങൾ സത്യത്തിലാണ് നിലകൊള്ളുന്നതെങ്കിൽ അല്ലാഹു തആല നിശ്ചയമായും നിങ്ങളുടെ അന്തസ്സ് പ്രകടമാക്കുന്നതാണ്. നിങ്ങൾ വിജയിക്കുകയും ഒരു നഷ്ടവും നിങ്ങൾക്ക് സംഭവിക്കാതിരിക്കുകയും ചെയ്യും. അതിന് ശേഷം ഒരു വിമർശകനും നിങ്ങളെ വിമർശിക്കില്ല. ഒരു സംബോധിതനും നിങ്ങളെ കുറ്റപ്പെടുത്താനുള്ള ശക്തി ലഭിക്കില്ല. നിങ്ങൾ സത്യസന്ധരും സാത്വികരുമാണെങ്കിൽ ലോകത്തിന് ദൃഢവിശ്വാസം വരും. നിങ്ങളുടെ അറിവിന്റേയും ബുദ്ധിശക്തിയുടെയും അപര്യാപ്തത കാരണം നിങ്ങൾ മത്സരിക്കാൻ പ്രാപ്തരല്ലെങ്കിൽ ഉണരുക! കൃത വിദ്യയിലും പ്രഭാഷണ പാടവത്തിലും പ്രശസ്തരായവരും നിപുണരാണെന്ന് സുപ്രസിദ്ധി നേടിയിട്ടുള്ളവരുമായ ആളുകളെ വിളിക്കുവീൻ! അവന്റെ അന്തസ്സും വ്യാജ വാദിയുടെ നിന്ദ്യതയും വെളിപ്പെടുമാറാകുന്ന ഒരു കാര്യമാണ് ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിരിക്കുന്നത്. കള്ളവാദിക്ക് അപമാനവും സുനിശ്ചിതമായ ശിക്ഷയും വന്നെത്തുക തന്നെ ചെയ്യും. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുക. !

എന്നാൽ അവരാണെങ്കിൽ എന്റെകൃതികൾക്ക് തുല്യമായത് അവതരിപ്പിക്കുകയോ തങ്ങളുടെ നിരാകരണങ്ങളിൽ നിന്ന് പിന്തിരിയുകയോ ചെയ്തില്ല. അവരുടെ മുഖങ്ങളിൽ ഇരുളും വാട്ടവും വിഷാദവും പ്രത്യക്ഷമായി. പരാജയ നൈരാശ്യത്തിനും പിന്തിരിഞ്ഞോട്ടത്തിനും അവർ നിർബന്ധിതരായി. തങ്ങളുടെ എല്ലാ വീമ്പുകളേയും വീരവാദങ്ങളേയും അവർ വിസ്മരിച്ചു. അവർക്ക് നാവു തുറക്കാൻ അവസരം കിട്ടാതായി. നിരവധിപേർ പശ്ചാത്തപിച്ചു. ഒട്ടനേകം പേരിൽ നബി (സ) തിരുമേനിയുടെ വാക്കുകൾ വാസ്തവമായി പുലർന്നു.

ഓ, കേൾവിക്കാരെ, ഇനി ഇതും ഓർമിക്കുക! ഞാൻ ഈ അടയാളത്തെ ഹദ്റത്ത് നബി കരീം (സ) തിരുമേനിയുടെ ആത്മീയ ചഷകത്തിൽ നിന്നാണ് നുകർന്നിട്ടുള്ളത്. ഇവയൊക്കെത്തന്നെയും സംഭവിച്ചത് ദൈവം തമ്പുരാന്റെ കൽപ്പന യോടെയത്രെ. (നജ്മുൽ ഹുദാ പേ. 107-113)

# ഹിർഖൽ ചക്രവർത്തിയുടെ മാനദണ്ഡങ്ങളും ഹദ്റത്ത് അഹ്മദിന്റെ(അ) സത്യസാക്ഷ്യവും

റോമൻ ചക്രവർത്തിയായ ഹിർഖൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവാചകത്വത്തിന്റെ സത്യത പരിശോധിക്കാൻ അവലംബമാക്കിയ മാനദണ്ഡങ്ങൾ വെച്ച് തിരുനബി (സ) യുടെ ശിഷ്യ പ്രവാചകനായ ഹദ്റത്ത് അഹ്മദിന്റെ(അ) സത്യതയും പരിശോധിക്കാവുന്നതാണ്.

എച്ച്. ശംസുദ്ദീൻ, കാവശ്ശേരി

ആയിരത്തിനാനൂറ് വർഷങ്ങൾക്കപ്പുറം ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ സത്യസന്ദേശവുമായി അവിടുത്തെ ഒരു ഭക്ത ശിഷ്യൻ ദിഹ്യ കൽബി റോമൻ ചക്രവർത്തിയായ ഹിർഖൽ (ഹെറാക്കുലസ്) ചക്രവർത്തിയുടെ സന്നിധിയിലെത്തി. സത്യസന്ദേശം ശ്രവിച്ച ഹിർഖൽ അറബികളായ മറ്റു വല്ലവരും മുഖേന നിജസ്ഥിതി അറിയാൻ ആഗ്രഹിച്ചു. അതേ സമയം അബൂസുഫിയാനും സംഘവും കച്ചവടാവശ്യാർഥം അന്നാട്ടിൽ എത്തിയിരുന്നു. ചക്രവർത്തിയുടെ നിർദേശ പ്രകാരം അബൂസുഫിയാനെ രാജസദസ്സിൽ കൊണ്ടുവരികയും അദ്ദേഹത്തോട് ചക്രവർത്തി ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. നുബൂവത്തിന്റെ സത്യതയെ തിരിച്ചറിയാൻ താനുന്നയിച്ച മാനദണ്ഡങ്ങൾക്ക് അബൂസുഫിയാൻ നൽകിയ മറുപടികൾ ഹിർഖലിനെ തൃപ്തനാക്കി, അത് നബി (സ)യുടെ നുബൂവ്വത്തിന്റെ നിറഞ്ഞ സാക്ഷ്യമായി ഇസ്‌ലാമിക ചരിത്രങ്ങളിലും നബി ചരിത്രങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും രേഖപ്പെട്ടു കിടക്കുന്നു.

ഹിർഖലിന്റെ ചോദ്യങ്ങളും അതിന് അബൂസുഫിയാൻ നൽകിയ മറുപടികളും ഹിർഖലിന്റെ നിഗമനങ്ങളും ഹദ്റത്ത് നബി (സ)യുടെ ഭക്ത ശിഷ്യനും ആത്മീയ പ്രതിപുരുഷനുമായ ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യത്തേയും പ്രസ്പഷ്ടമാക്കുന്നു.

ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പെ നടന്ന ആ ചരിത്ര സംഭവം ഹദ്റത്ത് അഹ് മദി(അ)ന്റെ സത്യസാക്ഷ്യവുമായി താരതമ്യം ചെയ്തു നോക്കാം.

**ഒന്നാമത്തെ ചോദ്യം: കുടുംബം**

**ഹിർഖൽ** : പ്രവാചാകനാണെന്ന് വാദിക്കുകയും എനിക്ക് ഒരു സന്ദേശമയക്കുകയും ചെയ്തയാളെ നിങ്ങളറിയുമോ? എങ്ങനെയുള്ള കുടുംബമാണദ്ദേഹത്തിന്റേത്?

**അബൂസുഫ്യാൻ**: അദ്ദേഹം ഒരു കുലീന കുടുംബത്തിലെ അംഗമാണ്.

**ഹിർഖൽ**: പ്രവാചകൻ എപ്പോഴും കുലീന കുടുംബത്തിലെ അംഗമായിരിക്കും.

ഹദ്റത്ത് അഹ്മദി(അ) ന്റെ കുടുംബവും കുലീനമായിരുന്നുവെന്ന് ചരിത്ര പഠിതാക്കളിൽ നിന്ന് ഗോപ്യമല്ല. ഫാർസി വംശജനും ബൽറാസ് സന്തതിയുമായിരുന്നു. സ്മര്യപുരുഷൻ ആഭിജാത്യത്തിലും അന്തസ്സിലും പ്രസ്തുത കുടുംബം ഉന്നതശീർഷരായിരുന്നു.

(അവല: കിതാബുൽ ബരിയ്യ)

## രണ്ടാമത്തെ ചോദ്യം : മുൻഗാമികളുടെ വാദം

**ഹിർഖൽ**: അദ്ദേഹത്തിന് മുമ്പ് ആരെങ്കിലും ഇത്തരം ഒരു വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

**അബൂസുഫ്യാൻ**: ഇല്ല.

**ഹിർഖൽ**: ആരെങ്കിലും അത്തരം വാദം ഉന്നയിച്ചിട്ടുണ്ടായിരുന്നെങ്കിൽ അദ്ദേഹം അത് അനുകരിച്ചതാണെന്ന് പറയാമായിരുന്നു.

ഹദ്റത്ത് മസീഹ് മഊദി(അ)ന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ആ മഹാത്മാവിന് മുമ്പേ ആരും തന്നെ മഹ്ദി മസീഹ്, കൽക്കി, ഉമ്മത്തീ നബി തുടങ്ങിയ ഒരു വാദവും ഉന്നയിച്ചിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധ വൈരിയായ അബുൽ ഹസ്ൻ അലി നദ്‌വി പറയുന്നു. 'മൊത്തത്തിൽ മിർസാ തന്നെയാണ് ഇന്ത്യയിൽ ആദ്യമായി പ്രവാചകത്വം വാദിച്ചത്.' (ഖാദിയാനിസം പേജ് 45 വിവ: സുഹൈർ ചുങ്കത്തറ.)

## മൂന്നാമത്തെ ചോദ്യം : ശത്രു സാക്ഷ്യം

**ഹിർഖൽ**: ഈ വാദം ഉന്നയിക്കുന്നതിന് മുമ്പേ നിങ്ങളുടെ ജനം എപ്പോഴെങ്കിലും അദ്ദേഹത്തെ കുറിച്ച് കള്ളം പറയുന്ന ആളാണെന്ന് കുറ്റാരോപണം ചെയ്തിരുന്നുവോ?

**അബൂസുഫിയാൻ**: ഇല്ല.

**ഹിർഖൽ**: മനുഷ്യനെ പറ്റി കളവ് പറയാത്ത ഒരാൾ ദൈവത്തെ പറ്റിയും കളവ് പറയുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഹദ്റത്ത് അഹ്മദി(അ)ന്റെ സമകാലീനരായവരും പണ്ഡിതന്മാരുമായ പലരും അദ്ദേഹത്തിന്റെ സത്യസന്ധതയെ പ്രകീർത്തിച്ചിരുന്നു എന്നത് സ്മർത്തവ്യമാണ്.

***അൽ ഫദ്‌ലുമാ ശാഹിദ്ത്തബിഹിൽ അഹ്‌യാർ*** അന്യന്റെ സാക്ഷ്യമാണ് ഏറ്റവും ഉത്കൃഷ്ടം എന്ന് അറബിയിൽ പറയാറുണ്ട്.

ഹദ്റത്ത് അഹ്മദി(അ)ന്റെ ദൈവനിയോഗവാദത്തിന് മുമ്പുള്ള കാഘട്ടത്തെക്കുറിച്ച് ശത്രു സാക്ഷ്യങ്ങൾ നിരവധിയുണ്ട്. ആ മഹാനുഭാവന്റെ സതീർഥ്യനും പിന്നീട് ബദ്ധശത്രുവുമായി മാറിയ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി. എഴുതുന്നു:

'ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് ശത്രുക്കളുടെയും മിത്രങ്ങളുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ മുഹമ്മദിയ്യാ ശരീഅത്തിൽ നിലനിൽക്കുന്ന ആളും ഭയഭക്തിയുള്ള ആളും സത്യസന്ധനും ആണ്. ശൈത്താനിക ഇൽഹാമുകൾ അധികവും കളവാകാറുണ്ട്. എന്നാൽ ബറാഹീനെ അഹ്മദിയ്യായുടെ കർത്താവിന്റെ ഇൽഹാമുകൾ (ഇംഗ്ലീഷ്, ഹിന്ദി, അറബി തുടങ്ങിയ സകലതും) ഒന്നുപോലും കളവായിട്ടില്ല.' (ഇശാഅത്തുസുന്ന വാള്യം, 7)

പ്രസിദ്ധ ഉറുദു കവി അല്ലാമാ മുഹമ്മദ് ഇക്ബാലിന്റെ ഗുരു ശംസുൽ ഉലമാ മൗലാനാ സയ്യിദ് മീർ ഹസൻ സാഹിബ് പറയുന്നു:

'ഹദ്റത്ത് മിർസാ സാഹിബ് 1864 ൽ ഉദ്യോഗാർഥം സിയാൽ കോട്ടിൽ താമസിച്ചിരുന്നു. ....കോടതിയിൽ നിന്ന് വന്നാൽ വിശുദ്ധ ഖുർആൻ പരായണത്തിൽ മുഴുകുകയും തേങ്ങിത്തേങ്ങി കരയുകയും ചെയ്യുമായിരുന്നു.' (സീറത്തുൽ മഹ്ദി) വാള്യം 1)

അഹ്മദിയ്യത്തിന്റെ ബദ്ധശത്രുവും അഹ്റാർ ലീഡറും സമീന്ദാർ പത്രത്തിന്റെ എഡിറ്ററുമായ മൗലാന സാഫറലി ഖാന്റെ പിതാവ് മുൻഷി സിറാജുദ്ദീൻ സാഹിബ് പറയുന്നു:

ഹദ്റത്ത് മിർസ ഗുലാം അഹ്മദ് 1860 ലോ 1891 ലോ സിയാൽ കോട്ടിൽ ഗുമസ്തനായിരുന്നു. അദ്ദേഹം യുവത്വത്തിലും വളരെയേറെ സാത്വികനും മുത്തഖിയുമായ മഹാൻ ആയിരുന്നു എന്ന സാക്ഷ്യം നാം കണ്ണു കൊണ്ട് കണ്ടതാണ്. (സമീന്ദാര് 1908 മെയ്)

അബുൽ ഹസ്ൻ അലി നദ്‌വി പറയുന്നു:

'ഇസ്‌ലാമിന് വേണ്ടി ശബ്ദിച്ചത് കാരണം അദ്ദേഹത്തിനുണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടേയും ദർശനങ്ങളുടെയും സന്തോഷ വാർത്തകളുടേയും വെളിച്ചത്തിലും ജനങ്ങൾ അദ്ദേഹം ഒരു വലിയ്യാണെന്ന് വിശ്വസിച്ചു.' (ഖാദിയാനിസം പേജ് 55 പ്രസി: കെ എൻ എം)

പ്രവാചക പ്രഭു തന്റെ ജീവിത വിശുദ്ധിയെക്കുറിച്ച് ലോകത്തെ വെല്ലുവിളിച്ചു കൊണ്ട് ***ഫഖദ് ലബിസ്തു ഫീക്കും ഉമറൻ മിൻ ഖബ്‌ലിഹിം അഫലാ തഅ്ഖിലൂൻ*** (ഞാൻ നിങ്ങൾക്കിടയിൽ ഒരായുസ്സ് കഴിച്ചു കൂട്ടിയിട്ടില്ലേ, നിങ്ങളെന്തു കൊണ്ടു ചിന്തിക്കുന്നില്ല?) എന്ന് വിളംബരപ്പെടുത്തിയത് പോലെ ഹദ്റത്ത് അഹ്മദും വെല്ലുവിളിക്കുകയുണ്ടായി.

***.........തുകോയി അയ്ബ്, ഇഫ്തിറാദ് , യാ ജൂട്ട് യാ ഭഗാ കാ മേരി പഹ്‌ലി സിന്ദഗി മേം നഹീം ലഗാ സക്തെ ...കോൻ തും മേം സെഹെ ജോ മേരീ സവാനിഹ് സിന്ദഗീ പർ നുക്ത ചിനീകർ സക്താഹെ....***

ഒരു ന്യൂനതയോ കറ്റുകെട്ടോ കളവോ, വഞ്ചനയോ നിങ്ങൾക്ക് എന്റെ മുൻ ജീവിതത്തിൽ കാണിക്കാൻ സാധ്യമല്ല. ....എന്റെ മുഴുനീള ജീവിതത്തിൽ എന്തെങ്കിലും ഒരാരോപണം ഉന്നയിക്കാൻ നിങ്ങളിൽ ആർക്ക് കഴിയും? (തദ്കിറത്തു ശ്ശഹാദത്തൈൻ)

ഹിർഖലിന്റെ മൂന്നാമത്തെ മാനദണ്ഡവും ഹദ്റത്ത് അഹ്മദിൽ സത്യമായി പുലർന്നു.

## നാലാമത്തെ ചോദ്യം: പൂർവികന്മാർ

**ഹിർഖൽ**: അദ്ദേഹത്തിന്റെ പൂർവികന്മാരിൽ ആരെങ്കിലും രാജാക്ക

ന്മാരോ ഭരണകർത്താക്കളോ ആയിരുന്നിട്ടുണ്ടോ?

**അബൂസുഫ്യാൻ:** ഇല്ല.

**ഹിർഖൽ:** അദ്ദേഹത്തിന്റെ വാദം നഷ്ടമായ രാജാധികാരവും ഭരണാധികാരവും വീണ്ടെടുക്കാനല്ല എന്ന് വ്യക്തമായി.

ഹദ്റത്ത് അഹ്മദിന്റെ പൂർവ്വികർ ആരും ഭരണാധികാരികൾ ആയിരുന്നില്ല. മറിച്ച് രാജ-രാജ്യ സേവകർ ആയിരുന്നു. അതിനാലായിരുന്നു ഒരു പ്രദേശത്തെ ഖാദിയായി അദ്ദേഹത്തിന്റെ പിതാവ് നിയമിക്കപ്പെട്ടിരുന്നത്.

മൗലാന മൗദൂദിയുടെ ശിഷ്യനായ കെ. സി. അബ്ദുല്ലാ മൗലവി ചിത്രം കുറേകൂടി ഇങ്ങനെ വ്യക്തമാക്കുന്നു.

'തന്റെ ഈ ലക്ഷ്യസാദ്ധ്യത്തിൽ വളരെ അനുകൂലമാണെന്ന് കണ്ട് ഗുലാം അഹ്മദ് അത്തികച്ചും പ്രയോജനപ്പെടുത്താൻ വളരെ സമർഥമായി നയതന്ത്രങ്ങളാവിഷ്ക്കരിച്ചു. മുഖ്യമായും ഒരു നാലിന പരിപാടിയാണ് അദ്ദേഹം ആസൂത്ര ണം ചെയ്തത്..........തന്റെ കുടുംബ സംരക്ഷകനും യജമാനനുമായ ബ്രിട്ടീഷു ഗവൺമെന്റിന്റെ സഹായ വും സംരക്ഷണവും കൂടുതൽ ഉറപ്പിച്ചുവെക്കുക ......... ..............പരിപാടിയുടെ രണ്ടാമിനത്തിലും ഗുലാം സാഹിബ് പരാജയപ്പെടുകയാണുണ്ടായത്. തങ്ങളുടെ താൽപര്യങ്ങൾക്കനുഗുണമായി ഈ മനുഷ്യനിൽ നിന്ന് വല്ലതും സ്വയം ലഭ്യമാകുന്നുവെങ്കിൽ മറ്റാപത്തുകളൊന്നുമില്ലെങ്കിൽ നാമത് നിരസിക്കേണ്ടതില്ല എന്നതിൽ കവിഞ്ഞു ബ്രിട്ടീഷുകാർ മറ്റെന്തെങ്കിലും ചെയ്തതായി അറിവില്ല. രാജ്യതന്ത്രജ്ഞതയും ദീർഘ വീക്ഷണവുമുള്ള അവർ എത്രയോ മീർ ജാഫർമാരെ കണ്ടതാണല്ലോ. മുസ്ലിംകളോടവർക്ക് കടുത്ത പകയുണ്ടെന്നത് വേറെ കാര്യം.' (ഖാദിയാനിസത്തിന്റെ അടിവേരുകൾ പേജ് 61-71)

## അഞ്ചാമത്തെ ചോദ്യം: ന്യായം വിധിക്കാനുള്ള കഴിവ്

**ഹിർഖൽ:** അദ്ദേഹത്തിന്റെ പൊതുവിലുള്ള കഴിവിനെക്കുറിച്ചും ന്യായം വിധിക്കാനുള്ള പ്രാപ്തിയെക്കുറിച്ചും എന്തു പറയുന്നു?

**അബൂസുഫ്യാൻ:** അദ്ദേഹത്തിന്റെ കഴിവിലോ ന്യായ വിധിയിലോ ഞങ്ങൾ ഒരു കുറവും കണ്ടിട്ടില്ല.

ഹദ്റത്ത് അഹ്മദി(അ) ന്റെ ജീവിതത്തിലും ഈ നിറഞ്ഞ സാക്ഷ്യം കാണാവുന്നതാണ്. ഒരു സമകാലീന പണ്ഡിതനായിരുന്ന സൂഫി അഹ്മദ് ജാൻ ലുധിയാനവി ഒരിക്കൽ അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു.:

*ഹം മരീസോം കി ഹൈ തുമീ പെ നസർ*

*തും മസീഹാ ബനോ ഖുദാ കേലിയേ!*

'ഞങ്ങൾ രോഗികൾ നിന്നിൽ കണ്ണും നട്ടിരിക്കുകയാണ്. നീ ദൈവത്തെ മുൻനിർത്തി മസീഹായാലും.'

ഒരിക്കൽ കോടതിയിൽ ആ മഹാത്മജൻ പിതാവും കുടിയാന്മാരുമായുള്ള ഒരു തർക്കത്തിൽ പിതാവിനെതിരെ സത്യം പറഞ്ഞ് ന്യായത്തോടൊപ്പം നിൽക്കാൻ കാണിച്ച ആർജവം പ്രവാചക വൃത്താന്തങ്ങളിൽ മാത്രമേ കാണുകയുള്ളൂ. പ്രത്യേകിച്ചും ആവശ്യാനുസരണം കളവ് പറയേണ്ടത് അനിവാര്യമാണെന്ന് ഉദ്ഘോഷിക്കുന്ന മതപണ്ഡിതന്മാരുള്ളപ്പോൾ.

## ആറാമത്തെ ചോദ്യം: അനുയായികൾ

അദ്ദേഹത്തിന്റെ അനുചരന്മാർ എങ്ങനെയുള്ളവരാണ്? അവർ സമൂഹത്തിൽ സമ്പന്നരും പ്രതാപികളുമാണോ? അതോ പാവങ്ങളും ദരിദ്രരുമാണോ?

**അബൂസുഫ്യാൻ:** അധികവും താഴ്ന്നകിടയിലുള്ളവരും യുവാക്കളുമാണ്.

**ഹിർഖൽ:** പ്രവാചകന്റെ ആദ്യകാലാനുയായികൾ ഇത്തരക്കാർ തന്നെയായിരിക്കും.

അബൂബക്കറിനേയും അബ്ദുർറഹ്മാനുബ്നു ഔഫിനെപോലെയുള്ള വിരലിലെണ്ണാവുന്ന ചിലരെ മാറ്റിനിർത്തിയാൽ തിരുനബി (സ) യുടെ അനുചരവൃന്ദത്തിൽ ഏറ്റവും ദരിദ്രരായിരുന്നു. അതുപോലെ തന്നെ ഹദ്റത്ത് അഹ്മദിന്റെ അനുയായികളിലും ഭൂരിഭാഗവും പേരും സമൂഹത്തിലെ സാധാരണക്കാരും നിസ്സാരന്മാരുമായി ഗണിക്കപ്പെടുന്ന ആളുകളായിരുന്നു.

പക്ഷേ സമൂഹ ദൃഷ്ടിയിൽ നിസ്സാരന്മാരായ അവർ നബി (സ)യുടെ സഹാബാക്കളെ പ്പോലെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറുന്നുവെന്നത് എത്രമേൽ അത്ഭുതകരമല്ല.

## ഏഴാമത്തെ ചോദ്യം: അനുയായികളുടെ എണ്ണം

**ഹിർഖൽ:** അവർ എണ്ണത്തിൽ കൂടുന്നുവോ?

**അബൂസുഫ്യാൻ:** കൂടുന്നു.

**ഹിർഖൽ:** ഒരു പ്രവാചകൻ തന്റെ ലക്ഷ്യത്തിൽ എത്തുവോളം അനുയായികൾ വർധിച്ചു കൊണ്ടേയിരിക്കും.

ഹദ്റത്ത് മസീഹ് മഊദ് (അ) ന്റെ കൈയ്യിൽ ആദ്യം ബൈഅത്ത് ചെയ്തവർ 40 പേരായിരുന്നു. അത് അനുദിനം വർധിച്ചു വർധിച്ചു കൊണ്ടിരുന്നു. ആ മഹാത്മജന്റെ വിയോഗ വേളയിൽ അഞ്ച് ലക്ഷം പേർ അഹ്മദികളായുണ്ടായിരുന്നു. ഇന്ന് അത് 200 ഓളം രാഷ്ട്രങ്ങളിൽ കോടിക്കണക്കായി വർധിച്ചിരിക്കുന്നു.

## എട്ടാമത്തെ ചോദ്യം: മതനിരാസം

**ഹിർഖൽ:** അദ്ദേഹത്തിന്റെ അനുയായികൾ മതത്തോടുള്ള അവജ്ഞ നിമിത്തം തങ്ങളുടെ ആദ്യ വിശ്വാസത്തിലേക്ക് മടങ്ങിക്കളയാറു

ണ്ടോ?

**അബൂസുഫ്യാൻ:** ഇല്ല.

പ്രവാചക ശിഷ്യന്മാർ പൊതുവേ സ്ഥിരചിത്തരാണ്. മറ്റെന്തെങ്കിലും കാരണത്താൽ അവർ വ്യതിചലിച്ചേക്കാമെങ്കിലും മതത്തോടുള്ള വെറുപ്പ് കാരണമായി അത് ഉപേക്ഷിക്കുവാൻ തയ്യാറാകുന്നവരായിരുന്നില്ല. അഹ്മദികളിലും ഈയൊരവസ്ഥ കാണാൻ സാദ്ധ്യമല്ല. ഏതെങ്കിലും വ്യക്തിപരമായ പ്രശ്നങ്ങളുടെ പേരിലല്ലാതെ വിശ്വാസത്തിന്റെ പേരിൽ ആരും അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നില്ല.

നബി (സ)യുടെ ഒരു വഹ്യ് എഴുത്തുകാരൻ ഇസ്ലാം മതം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നു; അഹങ്കാരത്തിന്റേയും അനുസരണക്കേടിന്റേയും പര്യായമായി. അത്തരത്തിൽ പെട്ട ആരെങ്കിലും ജമാഅത്തിൽ നിന്ന് പുറത്തുപോകുന്നുവെന്നല്ലാതെ വിശ്വാസത്തിന്റെ പേരിൽ ആരും ഹദ്റത്ത് അഹ്മദി(അ)നെ ഉപേക്ഷിച്ചു പോകുന്നില്ല.

മറ്റൊരുകാര്യം ജമാഅത്ത് വിട്ടുപോകുന്നവർ, ജമാഅത്തീപരമായ ഇസ്ലാമിക ചട്ടക്കൂടുകൾക്കുള്ളിൽ കഴിയാൻ വിമ്മിട്ടമുള്ളവരും ലോകത്തിന്റെ സുഖലോലുപതകളെ സ്വീകരിക്കാൻ വെമ്പൽ കൊള്ളുന്ന ഭൗതികരും മാത്രമാണ്. അതെല്ലെങ്കിൽ വ്യക്തമായ സ്വഭാവ ദൂഷ്യത്തിന് പുറത്താക്കപ്പെട്ടവരാണ്. ***'സീറൂഫിൽ അർളി കയ്ഫ കാന ആഖിബത്തുൻ മുഖദ്ദിബീൻ' (10: 36)*** നിങ്ങൾ ഭൂമിയിൽ ചുറ്റി സഞ്ചരിച്ചുനോക്കൂ. കളവാക്കിയവരുടെ പര്യവസാനം എങ്ങനെ ആയിരുന്നുവെന്ന്!

### ഒമ്പതാമത്തെ ചോദ്യം: കരാർപാലനം

**ഹിർഖൽ:** അദ്ദേഹം കരാർ നിബന്ധനകൾ എപ്പോഴെങ്കിലും ലംഘിക്കുകയുണ്ടായോ?

**അബൂസുഫ്യാൻ:** ഇതു വരെയില്ലെന്ന് പറയാം.

**ഹിർഖൽ:** പ്രവാചകന്മാർ അങ്ങനെയാണ്. അവർ വഞ്ചന കാണിക്കാറില്ല.

ഹദ്റത്ത് അഹ്മദി(അ)ന്റെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ ലോകത്തിന്റെ മുന്നിലുണ്ട്. വഞ്ചനയും ചതിയും ആ മഹാത്മാവ് ചെയ്തിട്ടില്ലെന്ന് ആ സംശുദ്ധ ജീവിതം സാക്ഷ്യം നൽകുന്നു.

ബറാഹീനെ അഹ്മദിയ്യയെ കുറിച്ച് 50 വാല്യം പ്രസിദ്ധീകരിക്കുമെന്നു പ്രഖ്യാപിച്ച് പണം സ്വരുക്കൂട്ടിയെന്നും അത് പൂർത്തിയാക്കിയില്ലെന്നും ആക്ഷേപമുന്നയിക്കുന്നവരുണ്ട്.

എന്നാൽ അദ്ദേഹം താൻ 50 വാല്യങ്ങളുള്ള ഗ്രന്ഥം പ്രസിദ്ധീകരിക്കുമെന്ന് യാതൊരു വാഗ്ദാനവും ആദ്യവാല്യത്തിൽ നൽകിയിരുന്നില്ല. മറിച്ച് വിശുദ്ധ ഖുർആന്റെയും നബി (സ) യുടെയും സത്യത്തിലേക്ക് 3000 പ്രബലങ്ങളായ തെളിവുകൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു ബൃഹദ് ഗ്രന്ഥം ഖണ്ഡശ: പ്രസിദ്ധീകരിക്കുമെന്ന് മാത്രമെ വെളിപ്പെടുത്തിയിരുന്നുള്ളൂ. ആദ്യ നാലു വാല്യത്തിന് ശേഷം ദൈവഹിത പ്രകാരം ബാക്കി ഭാഗങ്ങൾ ഒഴിവാക്കുകയും 1905 ൽ 5-ാം വാല്യം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധം ചെയ്യുന്നതിന് തന്റെ വിളംബര പ്രകാരം സഹായകമായും മുൻകൂറായും പൈസ നൽകിയവരെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ വിളംബരപ്പെടുത്തി.

'ഞാൻ അവരുടെ പണം എടുത്തു പറ്റിച്ചു കളഞ്ഞു എന്ന് വിചാരിക്കുന്നവർ ദയവുണ്ടായി എന്നെ അക്കാര്യം അറിയിക്കട്ടെ. ആ സംഖ്യക്ക് അവർക്ക് കിട്ടിയ പുസ്തകങ്ങൾ മടക്കി വാങ്ങിയിട്ട് സംഖ്യ തിരികെ കൊടുക്കുന്നതിന് ഞാൻ ഏർപ്പാട് ചെയ്യുന്നതാണ്. അത്തരക്കാർ എന്നെ ആക്ഷേപിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്നുവെങ്കിൽ, അല്ലാഹുവിനെ മുൻ നിർത്തി ഞാനവർക്ക് ക്ഷമിച്ചു കൊടുക്കുന്നു. എന്നോട് ചെയ്ത തെറ്റിന് നാളെ ന്യായ വിസ്താര നാളിൽ അവർ പിടിക്കപ്പെടുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.'(തബ്ലീഗെ റിസാല) ഈ പ്രസ്താവന ആ മഹാനുഭാവൻ പലവുരു ആവർത്തിച്ചു. പൈസ ആവശ്യപ്പെട്ടവർക്ക് അത് മടക്കി നൽകുകയും ചെയ്തു.

ചുരുക്കത്തിൽ ഹിർഖൽ മുന്നോട്ട് വെച്ച കരാർ പാലനത്തിന്റെ മാനദണ്ഡവും വെള്ളിവെളിച്ചം പോലെ ഹദ്റത്ത് അഹ്മദി(അ)ന്റെ ജീവിതത്തിൽ പുലർന്ന് കണുന്നു.

### പത്താമത്തെ ചോദ്യം: യുദ്ധം

ഹിർഖലിന്റെ അടുത്ത ചോദ്യം യുദ്ധത്തെ കുറിച്ചായിരുന്നു. നബി (സ) ഇമാം മഹ്ദി ***യള ഉൽ ഹർബു*** (വാളുകൊണ്ടുള്ള യുദ്ധം നിർത്തൽ ചെയ്യും) എന്ന് ദീർഘദർശനം ചെയ്തിട്ടുണ്ട്.

അതേ സമയം തെളിവുകളുടെയും സത്യസാക്ഷ്യങ്ങളുടെയും രംഗത്ത് നാവുകൊണ്ടും തൂലിക കൊണ്ടുമുള്ള ജിഹാദിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ പടനായകത്വം ഇന്നും അനിഷേധ്യമാണ്.

അഹ്മദിയ്യത്തിന്റെ ബദ്ധ വൈരിയായി തീർന്ന അഹ്ലെ ഹദീസ് നേതാവ് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി പറയുന്നത് ഇവിടെ ശ്രദ്ധാർഹമാണ്.

'ധനം കൊണ്ടും തൂലിക കൊണ്ടും പ്രവർത്തികൊണ്ടും വാക്കുകൊണ്ടും ഈ ഗ്രന്ഥകർത്താവിനെ പോലെ (ബറാഹീനെ അഹ്മദിയ്യായുടെ കർത്താവായ ഹദ്റത്ത് അഹ്മദ് (അ)-ലേഖ) ഇസ്ലാമിന് വേണ്ടി സേവനം ചെയ്തിട്ടുള്ളവർ പൂർവ മുസ്ലിംകളിൽ വളരെ വിരളമായേ കാണപ്പെടുകയുള്ളൂ.'(ഇശാഅത്തുസുന്ന)

സുപ്രസിദ്ധ പണ്ഡിതനും ഇന്ത്യയുടെ ഒന്നാമത്തെ മതപണ്ഡിതനുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് എഴുതുന്നു:

'അദ്ദേഹം ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരിൽ വിജയശ്രീലാളിതനായ ഒരു സേനാപതിയുടെ ഭാഗമാണ് പൂർത്തയാക്കിക്കൊണ്ടിരുന്നത്......മിർസാ സാഹിബിന്റെ സാഹിത്യം ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരിൽ പുറത്തുവന്ന ആ സാഹിത്യം പൊതു ജനസമ്മതി നേടിക്കഴിഞ്ഞിട്ടുള്ളതാണ്.....മിർസാ സാഹിബിന്റെ ഈ പ്രതിരോധമാകട്ടെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തണലിൽ കഴിഞ്ഞുകൊണ്ട് സാമ്രാജ്യശക്തിയുടെ ജീവൻ തന്നെയായി മാറിയ ക്രിസ്തു മതത്തിന്റെ ആദ്യകാല പ്രഭാവത്തെ കാറ്റിൽ പറത്തുകയും അങ്ങനെ ആയിരക്കണക്കിന് ലക്ഷക്കണക്കിന് മുസ്‌ലിംകൾ അതിന്റെ കൂടുതൽ ആക്രമണത്തിൽ നിന്നും രക്ഷ പ്രാപിക്കുമാറാകുകയും ചെയ്തു. അതോടൊപ്പം ക്രിസ്തു മതത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യം വെറും പുകയായി മങ്ങി മറഞ്ഞു തുടങ്ങി. ചുരുക്കത്തിൽ മിർസാ സാഹിബിന്റെ ഈ സേവനം വരുന്ന തലമുറക്ക് കനപ്പെട്ട ഒരു സംഭാവന തന്നെയായിരിക്കും. എന്തെന്നാൽ തൂലിക മുഖേനയുള്ള ജിഹാദ് നടത്തുന്നവരുടെ ആദ്യത്തെ നിരയിൽ തന്നെ സ്ഥാനമുറപ്പിച്ചുകൊണ്ട് അദ്ദേഹം ഇസ്‌ലാമിന്റെ ഭാഗത്ത് പ്രതിരോധ ധർമം നിർവഹിക്കുകയും മുസൽമാന്മാരുടെ സിരകളിൽ ജീവരക്തമോടുന്നേടത്തോളം കാലം ഇസ്‌ലാം മതസംരക്ഷണത്തിനുള്ള അഭിനിവേശം സമുദായ ലക്ഷണമായി പരിലസിക്കുന്നേടത്തോളം കാലം നിലനിൽക്കുമാറുള്ള ഒരു സാഹിത്യ സ്മാരകവും ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.........എല്ലാ മതങ്ങൾക്കുമെതിരിൽ ഇസ്‌ലാമിനെ വിജയിപ്പിച്ചു കാണിക്കാനുള്ള അന്യാദൃശമായ കഴിവും അദ്ദേഹത്തിന് സ്വായത്തമായിരുന്നു.

## പതിനൊന്നാമത്തെ ചോദ്യം : ഉപദേശങ്ങൾ

**ഹിർഖൽ:** എന്താണ് അദ്ദേഹത്തിന്റെ പാഠങ്ങൾ

**അബൂസുഫ്‌യാൻ:** ഏക ദൈവത്തെ ആരാധിക്കുക. അവനിൽ ആരെയും പങ്കു ചേർക്കരുത്. വിഗ്രഹങ്ങളെ വർജിക്കുക. സത്യം മാത്രമേ പറയാവു. എല്ലാ ദുഷ്കൃത്യങ്ങളും ദുരാചാരങ്ങളും ഉപേക്ഷിക്കുക. നന്മ ചെയ്യുക. പ്രതിജ്ഞകൾ പാലിക്കുക. കരാറുകൾ പൂർത്തിയാക്കുക.

**ഹിർഖൽ:** ഇത് തന്നെയാണ് സദ്ധർമമാർഗം. ഒരു പ്രവാചകൻ എന്ന അദ്ദേഹത്തിന്റെ വാദം സത്യമാണെന്ന് എനിക്ക് തോന്നുന്നു.

ഹദ്റത്ത് അഹ്മദ് (അ) ലോകത്തിന് മുന്നിൽ വെച്ച ഉപദേശ നിർദേശങ്ങൾ നബി (സ)യുടെ തിരുവചനങ്ങൾക്കെതിരല്ലെന്നത് യാഥാർഥ്യമാണ്. തന്റെ അനുയായി വൃന്ദത്തോട് പറഞ്ഞ ബൈഅത്തിന്റെ പത്ത് കൽപ്പനകൾ ഹദ്റത്ത് അഹ്മദ് (അ) ന്റെ സദ്ധർമമാർഗത്തെ പ്രഘോഷിക്കുന്നു. ആ പത്ത് നിർദേശങ്ങൾ വിശുദ്ധ ഖുർആന്റെയും തിരുനബി (സ) യുടെയും അദ്ധ്യാപനങ്ങളുടെ രത്ന ചുരുക്കമാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുനബിയുടെ നുബൂവ്വത്തിന്റെ സത്യസാക്ഷ്യം മനസ്സിലാക്കാൻ ഹിർഖൽ രാജാവ് മുന്നോട്ട് വെച്ച മാനദണ്ഡങ്ങൾ പ്രവാചക പ്രഭുവിന്റെ ഭക്ത ദാസനിലും പുലർന്നു കാണുന്നു.

ആ മഹാത്മജൻ പറയുന്നു

*മൻ ഫർറഖ ബയ്നീ വ ബയ്നൽ മുസ്തഫ*

*ഫമാ അറഫനീ വമാ റആ*

എനിക്കും മുത്തു മുസ്തഫാ തിരുമേനിക്കുമിടയിൽ വേർതിരിവ് കൽപ്പിക്കുന്നവൻ ഞാനും തിരുമേനിയും വെവ്വേറെയാണെന്ന് ധരിക്കുന്നവൻ എന്നെ അറിഞ്ഞിട്ടില്ല. കാരണം

*ദിഗർ ഉസ്താദ് റാനെ മെ നിദാനം*

*കെ ഖാനിദം ദർദബിർസ്താനെ മുഹമ്മദ്*

എനിക്ക് മറ്റൊരു ഉസ്താദിനെയും അറിയില്ല. ഞാൻ മുഹമ്മദിന്റെ മദ്രസയിൽ നിന്നാണ് ജ്ഞാനം സമ്പാദിച്ചത്. (ആയിനെ കമാലാത്തെ ഇസ്‌ലാം)

*ശാ ഗിർദ് നെ ജോ പായാ ഉസ്താദ് കി ദൗലത് ഹെ*

*അഹ്മദ് കൊ മുഹമ്മദ് തു കൈസാ ജുദെ സജ്മെ!*

ശിഷ്യൻ നേടിയതെല്ലാം ഗുരുവിന്റെ സമ്പത്താണ്. അഹ്മദിനെ മുഹമ്മദിൽ നിന്ന് നിങ്ങളെങ്ങനെയാണ് വേറെയായി കരുതുന്നത്? (കലാമെ മഹ്മൂദ്)

*അവലംബമാക്കിയ കൃതികൾ*


1. ബുഖാരി
2. തിരുനബി ചരിത്രം
3. ഹയാത്തെ തയ്യിബ
4. ഹദ്റത്ത് അഹ്മദ് ഭാഗം 1
5. ബദർ 1995 ഡിസം 21-286
6. ഖാദിയാനിസത്തിന്റെ അടിവേരു കൾ
7. അൽ ഫസൽ
8. ആയിനെ കമാലാത്തെ ഇസ്‌ലാം
9. തദ്കിറത്തുശ്ശഹാദത്തൈൻ
10. കലാമെ മഹ്മൂദ്
11. കിത്താബുൽ ബരിയ്യ
12. ഖാദിയാനിസം



Humanity First

humanityfirst.org

# സർ സയ്യിദ് അഹ്മദ് ഖാനും അഹ്മദിയ്യാ ജമാഅത്തും

പ്രാർഥനക്ക് ഫലമില്ലെന്നും ദൈവം അതിനോട് പ്രതികരിക്കില്ലെന്നും വിധി പ്രകൃതിനിർണിതമാണെന്നും അത് മാറ്റാൻ പ്രാർഥനക്കാകില്ലെന്നും വാദിച്ച സർ സയ്യിദ് അഹ്മദ് ഖാനുമായി ഹദ്റത്ത് അഹ്മദ്(അ)നടത്തിയ ആത്മീയ സമരത്തിന്റെ വിവരണം.

**എൻ. അബ്ദുർറഹീം**

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യുടെ സമകാലീനനും അലിഗഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ് ഖാൻ (കെ. സി എസ്. ഐ) ഇന്ത്യയിലെ മുസ്‌ലിം നേതാക്കളിൽ അഗ്രിമ സ്ഥാനീയനും അതുല്യ പ്രഭാവനുമായ ഒരു ഭൗതിക പണ്ഡിതനായിരുന്നു. മുഗൾ ഭരണത്തിന്റെ അടിത്തറ ഇളകുകയും 1857 ലെ സ്വാതന്ത്ര്യ സമരം പരാജയപ്പെടുകയും ചെയ്തതോടെ ഇന്ത്യയിലെ മുസ്‌ലിം പ്രഭാവം അസ്തമിച്ചതിന് ശേഷം മുസ്‌ലിം സമുദായത്തിന്റെ ഭൗതിക പുരോഗതിക്കായി പ്രയത്നിച്ച് തുടങ്ങിയ സർ സയ്യിദ് പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ ഒരു ആരാധകനും പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിൽ പ്രഭാവിതനുമായിരുന്നു. ഇംഗ്ലീഷ് ഭരണത്തിൽ ഒരു ക്ലാർക്കായി ആരംഭിച്ച അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം ബ്രിട്ടീഷ് സിംഹാസനത്തിന്റെ സ്റ്റാർ ഓഫ് ഇന്ത്യ എന്ന ബഹുമതി പട്ടം വരെ അദ്ദേഹത്തിന് നേടിക്കൊടുത്തു,

വിശ്വാസ പരമായി സർ സയ്യിദ് ഒരു പ്രകൃതി വാദിയായിരുന്നു. (Naturalist) പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിലും വിജ്ഞാനങ്ങളിലും ആകൃഷ്ടനായ അദ്ദേഹം ഇസ്‌ലാമിനെ അവക്കൊപ്പിച്ചു വ്യാഖ്യാനിക്കുകയും മത കാര്യങ്ങളിൽ സ്വതന്ത്ര ചിന്തയും യുക്തിവാദവും സ്വീകരിക്കുകയും ആണ് ചെയ്തത്. ബൈബിളിനെയും ഖുർആനെയും തുല്യനിലയിൽ കണ്ട അദ്ദേഹം ഖുർആനെന്ന പോലെ ബൈബിളിന്റെ ഉൽപ്പത്തി കഥക്കും ഒരു വ്യാഖ്യാനമെഴുതി. പക്ഷേ തികഞ്ഞ സമുദായാഭിമാനിയായിരുന്നു സർ സയ്യിദ്. സർ വില്യം മൂയിറിന്റെ ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥത്തിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടിയായി ഉറുദുവിൽ അദ്ദേഹമെഴുതിയ ലേഖന പരമ്പര പുസ്തക രുപത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ഭൗതിക വാദ പ്രവണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും കാരണം മതഭക്തരായ മുസ്‌ലിം പണ്ഡിതന്മാരിൽ നിന്ന് അദ്ദേഹം അകന്ന് പോയി. ഉലമാക്കന്മാർ അദ്ദേഹത്തിനെതിരായി മതഭ്രഷ്ട് കൽപ്പിക്കുകയും മദീനത്ത് നിന്നു പോലും അദ്ദേഹത്തിനെതിരെ ഫത്‌വകൾ സമ്പാദിച്ചു പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടാളിയായിരുന്ന നവാബ് മുഹ്സിനുൽ മുൽക്ക് പോലും അദ്ദേഹത്തെ കാഫിർ എന്നു വിളിക്കാൻ മടിച്ചിരുന്നില്ല.

1885 നവമ്പറിൽ ഹദ്റത്ത് അഹ്മദ് (അ) സർ സയ്യിദിനെപ്പറ്റി ചില പ്രവചനങ്ങൾ ഹിന്ദുക്കളും മുസ്‌ലിംകളും അടങ്ങിയ സദസ്സിൽ കേൾപ്പിക്കുകയുണ്ടായി. 1886 ഫെബ്രുവരി 20 ന് ഹോശിയാർ പൂറിൽ വെച്ച് പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനത്തിൽ തനിക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച പല അറിയിപ്പുകളുടെയും കൂട്ടത്തിൽ തന്നെ പറ്റിയും തന്റെ സ്നേഹിതന്മാരിലെ ചിലരെപറ്റിയും ചില ശത്രുക്കളെക്കുറിച്ചും സുവാർത്താ പരവുമായ ചില വെളിപാടുകൾ ലഭിക്കുകയുണ്ടായെന്ന് അദ്ദേഹം പ്രസ്താവിക്കുകയും അവരിൽ ചിലരുടെ പേരെടുത്ത് പറയുകയും ചെയ്തിരുന്നു. നമ്മുടെ നജ്മുൽ ഹിന്ദ് ആയ ഫിലോസഫർ സഹോദരൻ എന്നു വിശേഷിപ്പിച്ച് കൊണ്ട് സർ സയ്യിദിനെ കുറിച്ചുള്ള ചില പ്രവചനങ്ങളെ കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സർ സയ്യിദ് അത് ഗൗനിക്കുകയോ ഹദ്റത്ത്

അഹ്മദി(അ)ന്റെ പ്രഖ്യാപനങ്ങളും പ്രവചനങ്ങളും ശ്രദ്ധിക്കുകയോ ചെയ്തില്ല എന്ന് മാത്രമല്ല അദ്ദേഹം അതിന് നേരെ അഹങ്കാര പ്രമത്ത മായ പുച്ഛ ഭാവം പ്രകടിപ്പിക്കുക പോലും ചെയ്തിരുന്നു. 1889 ൽ ഹ: അഹ്മദ്(അ) അലീഗർ സന്ദർശിച്ച അവസരത്തിൽ ശത്രുക്കളോടൊപ്പം ചേർന്ന് കൊണ്ട് ഹദ്റത്ത് അഹ്മദി (അ)നെ പരിഹസിക്കാനും അപമാനിക്കാനും അദ്ദേഹം മുതിരുകയുണ്ടായിട്ടുണ്ട്.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മസീഹ് വാദം പുറപ്പെടുവിച്ചു തുടങ്ങിയ ഘട്ടത്തിൽ സർ സയ്യിദ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ മീർ ഹസൻ സിയാൽ കോട്ടിക്ക് എഴുതിയ ഒരു കത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ ലിഖിതങ്ങൾ ആർക്കും ഒരു പ്രയോജനവും ചെയ്യുകയില്ലെന്നും അവയിൽ സത്യം തീരെയില്ലെന്നും എഴുതുകയുണ്ടായി. എന്നുമാത്ര മല്ല വെളിപാടിനെ അടിസ്ഥാനമാക്കി പ്രവചനങ്ങൾ പറയുക സാദ്ധ്യമല്ലെന്നും അങ്ങനെയാരെങ്കിലും പറയുന്നുവെങ്കിൽ അത് മാനസികമായ മാർഗഭ്രംശത്തിന്റെ ഫലം മാത്രമാണെന്നും അയാൾ അതിൽ ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ തികഞ്ഞ ഭ്രാന്തനാണെന്നും അതിൽ അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കെതിരായി ആദർശങ്ങൾ വെച്ചു പുലർത്തിപ്പോരുകയും തന്നെ പറ്റി ഏതാദൃശപരമായ ദുരഭിപ്രായങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത സർ സയ്യിദിന്റെ നേരെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) യാതൊരു വിദ്വേഷവും കാണിച്ചില്ല. മറിച്ച് അദ്ദേഹത്തിന്റെ മതാഭിമാനത്തെയും സാമുദായികാഭിമാനത്തെയും അഭിനന്ദിക്കുകയാണ് ചെയ്തത്. എങ്കിലും പ്രകൃതിവാദിയായ സർ സയ്യിദിന്റെ വിശ്വാസാഭിപ്രായങ്ങൾ ഹദ്റത്ത് അഹ്മദി (അ)നെ അത്യധികം വേദനിപ്പിക്കുകയും ചെയ്തിരുന്നു.

വഹ്‌യ് (ദിവ്യ വെളിപാടുകൾ), മുഅദ്ജിസ(ദിവ്യാദ്ഭുതങ്ങൾ), പ്രവചനങ്ങൾ എന്നിവയെക്കുറിച്ചും പ്രാർഥനയുടെ സ്വീകാര്യതയെ പറ്റിയും സർ സയ്യിദ് പ്രചരിപ്പിച്ച വിശ്വാസങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കും ഖുർആന്റെ വ്യക്തമായ പാഠങ്ങൾക്കും എതിരാണെന്ന് ഹദ്റത്ത് അഹ്മദ് (അ) കണ്ടു. സർ സയ്യിദിനെ പോലെയുള്ള ഒരു പ്രഗല്ഭ പണ്ഡിതന്റെ പ്രസ്തുത വിശ്വാസങ്ങൾ അനേകരെ വഴിപിഴപ്പിക്കാൻ പോന്നതാണെന്ന് മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തെ അത്തരം തെറ്റായ വിശ്വാസത്തിൽ നിന്ന് രക്ഷപ്പെടുത്താൻ തുനിഞ്ഞു. സർ സയ്യിദിനെ അഭിസംബോധന ചെയ്ത് കൊണ്ട് അദ്ദേഹം ഒരു ദീർഘമായ കത്ത് ആയിനെ കമാലാത്തെ ഇസ്‌ലാമിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സഹോദര നിർവിശേഷമായ സ്നേഹത്തോടും അനുഭവസമ്പന്നമായ ആത്മാർഥതയോടും കൂടി അദ്ദേഹം എഴുതിയ ആ സന്ദേശം പ്രകൃതി വാദത്തിന്റെ അഗാധ ഗർത്തങ്ങളിൽ പതിച്ച സർ സയ്യിദിന് നീട്ടികൊടുത്ത ഒരു രക്ഷാപാശമായിരുന്നു.

ഖുർആൻ വ്യാഖ്യാനമെഴുതാൻ തുനിഞ്ഞ സർ സയ്യിദ് ഖുർആനെ സമൂലം തള്ളികളഞ്ഞിട്ടില്ല എന്നതിൽ താൻ സന്തുഷ്ടനാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങള ഖുർആന്റെ ആധികാരിക വീക്ഷണങ്ങൾക്ക് കടക വിരുദ്ധങ്ങളായിരിക്കുന്നതിൽ തികച്ചും ആസ്വസ്ഥനാണെന്ന് പറഞ്ഞു കൊണ്ടാണ് ഈ ലേഖനം ആരംഭിക്കുന്നത്. സർ സയ്യിദിന്റെ ഓരോ വാക്കിലും യൂറോപ്യൻ തത്ത്വചിന്തയിലുള്ള അത്യാദരങ്ങളും ഭയഭക്തിയുമാണ് പ്രകടമാകുന്നതെന്ന് ഹദ്റത്ത് അഹ്മദ്(അ) സോദാഹരണം ചൂണ്ടിക്കാട്ടി. അദ്ദേഹം ഇപ്രകാരം തുടർന്നു.

താങ്കളെപോലെ ഇസ്‌ലാമിനോട് സ്നേഹമുണ്ടെന്ന് പറയുകയും ഖുർആന് ഒരു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായി തീരുകയും ചെയ്ത ഒരാളിൽ നിന്നും ഖുർആൻ പാഠങ്ങൾക്ക് പ്രത്യക്ഷവിരുദ്ധമായ വാക്കുകൾ കേൾക്കേണ്ടിവന്നതിൽ അതീവ ദുഃഖിതനാണ്. അബദ്ധങ്ങളായ ആശയങ്ങൾ പ്രകാശിപ്പിക്കുകയും ദിവ്യവെളിപാടുകൾ ലഭിച്ചിട്ടുള്ളതായി അവകാശപ്പെടുന്നവരിൽ ഭ്രാന്ത് ആരോപിക്കുകയും ചെയ്യുന്നതിന് പകരം ഒരു സത്യാന്വേഷിയെന്ന നിലയിൽ തന്റെ വാദങ്ങൾക്കാധാരമായ തെളിവുകളും യുക്തിന്യായങ്ങളും എന്നിൽ നിന്ന് ആവശ്യപ്പെടുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്....എന്റെ വാദങ്ങൾ സാധാരണ നിലയിലുള്ളതല്ല. അതിനെക്കുറിച്ച് സംസാരിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നവർ ദശലക്ഷക്കണക്കിനില്ലെങ്കിലും പതിനായിരക്കണക്കിലുണ്ട്. ഹേ, എന്റെ പ്രിയപ്പെട്ട സർ സയ്യിദ്, താങ്കളെ ദൈവത്തിലേക്ക് വിളിക്കുന്ന വ്യക്തിയെ നിരാകരിക്കുകയും നിസ്സാരനാക്കി തള്ളുകയും അയാളുടെ വാദങ്ങളെ പരീക്ഷിച്ചു നോക്കാതെ അവക്കെതിരായി ശബ്ദമുയർത്തുന്നതും ആത്മീയ നാശത്തിലേക്കുള്ള വഴിയാകുന്നു.....ദിവ്യ ഗ്രന്ഥങ്ങളെ പറ്റിയുള്ള താങ്കളുടെ വിശ്വാസങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളത് തന്നെയെങ്കിൽ ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ അതായത് അവ ദൈവത്തിന്റെ യഥാർഥ വചനങ്ങളല്ല എന്നുള്ളതും ദിവ്യവെളിപാടുകൾ എന്നത് പ്രവാചകന്മാർക്കുള്ള ആത്മ നിഷ്ഠമായ ഒരു നൈസർഗിക സിദ്ധിയാണെന്നും വരുകിൽ, എന്ന് വെച്ചാൽ ജ്ഞാനവും സത്യവും നിറഞ്ഞ വചനങ്ങൾ പുറപ്പെടുവിക്കാൻ സാദ്ധ്യമായ പ്രത്യേക സിദ്ധിയോടു കൂടിയ ആൾ മാത്രമാണ് പ്രവാചകന്മാരെന്നാണ് താങ്കളുടെ പക്ഷമെങ്കിൽ താങ്കളെ പിന്തുടരുന്നത് മൂലം നിത്യനാശത്തിലകപ്പെട്ടേക്കാവുന്നവരെ രക്ഷപ്പെടുത്തുന്നതിനായിട്ടു താങ്കളെ പരസ്യമായി ഒരു ആത്മീയ സമരത്തിന് ആഹ്വാനം ചെയ്യേണ്ടത് എന്റെ ധർമമായിരിക്കു

ന്നതാണ്. സത്യ ഹൃദയത്തോടെ താങ്കൾ എന്റെനേരെ തിരിയുക യാണെങ്കിൽ താങ്കൾക്ക് സംതൃപ്തി യേകുന്നതിന് എന്നെ സഹായി ക്കാൻ ഞാൻ ദൈവത്തോട് പ്രാർഥിക്കുകയാണ്. ദൈവം എന്റെ പ്രാർഥന കേൾക്കുമെന്നും താങ്കളെയും താങ്കളെപോലെ മറ്റു പലരേയും സംശയങ്ങളുടേയും സന്ദേഹവാദത്തിന്റെയും ചുഴിയിലേ ക്കെടുത്തെറിഞ്ഞ പിഴവിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിനും താങ്കളെ ഞാൻ സഹായിക്കുമെന്നും എനിക്ക് ദൃഢമായ വിശ്വാസമുണ്ട്. താങ്കൾ താങ്കളുടെ സ്ഥാനമാനങ്ങ ളെ കുറിച്ച് പരിചിന്തകളെല്ലാം മാറ്റിവെച്ച് ഏതാനും ആഴ്ച്ചകൾ എന്നോടൊപ്പം വസിക്കുകയാണെ ങ്കിൽ മാനുഷികമായ ഗ്രാഹ്യശക്തി ക്കതീതമെന്നു താങ്കളിന്ന് കരുതുന്ന പല സംഗതികളും യുക്തിയുക്ത ങ്ങളും സാധ്യതയിലുൾപ്പെടുന്നതും തന്നെയെന്നു എളുപ്പത്തിൽ ഗ്രഹിച്ചു തുടങ്ങുന്നതാണ്. സയൻസിന്റെയും ഫിലോസഫിയു ടെയും ഉന്നത ശിഖരങ്ങളെ താങ്കൾ പ്രാപിച്ചിട്ടുണ്ടെന്നിരിക്കിലും അതി ന്റെ ചൈതന്യത്താൽ പ്രഭാപൂരി തനായിട്ടുണ്ടെന്ന് വന്നാലും ആ പ്രഭാപുരം സ്വർഗീയ പ്രകാശത്തി നെതിരിൽ നിസ്സാരമാകുന്നു.........

മതവും ശാസ്ത്രവും തമ്മിൽ ഇന്ന് നടക്കുന്ന സമരവും ശാസ്ത്രം മതത്തിന്നെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളും നമ്മെ ഭഗ്നാശയ രാക്കികൂടാ. ഈ സമരത്തിൽ ഇസ്‌ലാം പരാജിതനും അശക്തനു മായ ഒരു പ്രതിയോഗിയെ പോലെ സന്ധിചെയ്യാൻ ബദ്ധപ്പെടുകയില്ല. അത് വിജയശ്രീലാളിതനായിട്ടു തന്നെ പുറത്തേക്ക് വരും. ഇസ്‌ലാമിന്റെ ഭൗതികമായ ഖണ്ഡ പ്രഭാവം ലോകം കണ്ടിട്ടുള്ളത് പോലെ അതിന്റെ അദ്ധ്യാത്മിക ഖണ്ഡത്തിന്റെ ശക്തി വിലാസവും ലോകം കാണുമാറാകുന്ന സമയം ഇത് തന്നെയാണ്. ഈ പ്രവചനം നല്ലത്പോലെ ഓർമിച്ച് കൊള്ളുവീൻ! ഈ സമരത്തിൽ ഇസ്‌ലാം വിജയിക്കുക തന്നെ ചെയ്യും. അതിന്റെ ശത്രു എത്ര കടുത്ത ആക്രമണം നടത്തിയാലും ചതഞ്ഞ രഞ്ഞു പോ കാതിരിക്കില്ല........

ഞാൻ ഈ കത്ത് ദീർഘിപ്പി ക്കാനാഗ്രഹിക്കുന്നില്ല. അസന്ദിഗ്ദ മായ വാക്കുകളിൽ ഞാനിതാ അറിയിച്ചുകൊള്ളുന്നു. ഇക്കാലത്ത് ഉടലെടുത്തിട്ടുള്ള സംശയങ്ങളെ യും തെറ്റായ സങ്കൽപ്പങ്ങളെയും ദുരീകരിക്കുന്നതിനായിട്ടും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും എന്റെ സമുദായ സഹോദരങ്ങളെ രക്ഷിക്കുന്നതിനായിട്ടും ദൈവത്താൽ നിയോഗിക്കപ്പെട്ടിരി ക്കുന്നവനത്രെ ഞാൻ. ഒരു സത്യാന്വേഷിയെന്ന നിലയിൽ താങ്കൾ എന്നെ സമീപിക്കുന്ന പക്ഷം താങ്കൾക്ക് പരിപൂർണ സംതൃപ്തിയേകുന്നതിനുള്ള ശക്തി ദൈവം എനിക്ക് നൽകിയിരിക്കു ന്നു. അതിനാൽ ഞാൻ ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ടു പറയട്ടെ താങ്കളുടെ സംശയങ്ങളെ ദുരീകരി ച്ചു തരുന്നതിനായിട്ടു ഞാൻ താങ്കളെ ക്ഷണിച്ചു കൊള്ളുന്നു. താങ്കൾ ഈ ക്ഷണം ചെവിക്കൊ ള്ളാതിരിക്കുന്ന പക്ഷം ഞാൻ എന്റെ കടമ താങ്കളെ സംബന്ധിച്ചി ടത്തോളം നിർവഹിച്ചു കഴിഞ്ഞെ ന്നു സമാശ്വസിക്കും. എന്നാൽ താങ്കളുടെ അനുയായികളുടെയെ ല്ലാം കുറ്റങ്ങൾക്ക് താങ്കൾ തന്നെ യായിരിക്കും ഉത്തരവാദിത്വം വഹിക്കേണ്ടി വരിക. എന്റെ പ്രിയപ്പെട്ട സർ സയ്യിദ് എന്റെ ഈ സന്ദേശത്തെ ലാഘവ ബുദ്ധി യോടെ കയ്യാളല്ലാ! വേണ്ടു വോളം അർഹിക്കും വിധം തന്നെ ആ ലോചിച്ച് ഇതിന് മറുപടി നൽകി യാലും!

ഈ സന്ദേശം ഹ: അഹ്മദ് (അ) തന്റെ സുപ്രസിദ്ധമായ ആയിനെ കമാലാത്തെ ഇസ്‌ലാം എന്ന കൃതിയിൽ പ്രസിദ്ധീകരിച്ചു വെങ്കിലും സർ സയ്യിദ് തികഞ്ഞ മൗനം അവലംബിച്ചതേയുള്ളു.

സർ സയ്യിദ് തന്റെ മേൽ പറഞ്ഞ വീക്ഷണങ്ങളെക്കുറിച്ച് രണ്ടു പുസ്തകങ്ങൾ പുറത്തിറക്കി യിരുന്നു. **'അദ്ദുആ വൽ ഇസ്തി ജാബത്ത്', 'തഹ്‌രീർ ഫീ ഉസൂലിത്തഫ്സീർ'** എന്നിവയായിരു ന്നു ആ രണ്ടു പുസ്തകങ്ങൾ. പ്രാർഥന ഒരു ആരാധന മാത്രമാ ണെന്നും അത് ഒരു ആരാധന എന്ന നിലയിൽ ദൈവം സ്വീകരി ക്കുന്നതാണെന്നും പ്രാർഥനക്ക് ഫലമുണ്ടെന്നോ പ്രാർഥനക്കനു സരിച്ച് കാര്യം സാധിക്കുമെന്നോ കരുതുന്നത് ശരിയല്ലെന്നുമാണ് അതിലദ്ദേഹം സമർഥിച്ചത്. എല്ലാ കാര്യങ്ങളും വിധിനിർണിതങ്ങളാ ണ്. ദൈവം പ്രകൃതി നിയമങ്ങളി ലിടപെടുന്നില്ല. ഒരു കാര്യം സംഭവിക്കുമെന്ന് ദൈവം നിർണയി ച്ചിട്ടുണ്ടെങ്കിൽ അതിനായിട്ടു പ്രാർഥിക്കേണ്ടതില്ല. ഒരു കാര്യം സംഭവിക്കുമെന്നാണ് നിർണയിച്ച തെങ്കിൽ പ്രാർഥിച്ചത് കൊണ്ട് ഒരു ഫലവുമില്ല. എന്നിരിക്കിലും കാര്യ സാദ്ധ്യാർത്ഥം അത്യുൽക്കടമായ അഭിവാഞ്ച പ്രകടിപ്പിക്കുകയും സഹായിക്കപ്പെടുന്നതിന് ആഗ്രഹി ക്കുകയും ചെയ്ക മനുഷ്യ പ്രകൃതിയിലുൾപ്പെടുന്നതായാൽ അതിനായിട്ടു ദൈവത്തിന്റെ നേർക്ക് മാത്രം തിരിയുമ്പോൾ ഒരു ആരാധനയെന്ന നിലയിൽ ദൈവം അത് സ്വീകരിക്കുന്നതായിരിക്കും . ഇതാണ് സർ സയ്യിദിന്റെ അഭിപ്രാ യം.

സർ സയ്യിദിന്റെ ഈ ആശയ ങ്ങൾ ഇസ്‌ലാമികമല്ലെന്ന് മാത്രമല്ല. ഖുർആൻ ശക്തിയുക്തം ഖണ്ഡി ക്കുന്നതും പ്രവാചക ചര്യകൾക്ക് വിരുദ്ധമായിട്ടുള്ളതാണെന്നതു വ്യക്തമാണ്. ഹദ് റത്ത് അഹ്മദ്(അ) ആകട്ടെ തന്റെ ഏറ്റവും വലിയ ആത്മീയ ആയുധമായി പരിഗണി ച്ചിരുന്നതു തന്നെ പ്രാർഥനയായിരു ന്നു അതിനാൽ ഈ അബദ്ധ തത്ത്വങ്ങളെ ഖണ്ഡിക്കേണ്ടത് തന്റെ അനുപേക്ഷ്യ ധർമമായി അദ്ദേഹം കരുതുകയും **'ബറക്കാത്തുദുആ'** എന്ന പേരിൽ പ്രാർഥനയുടെ തത്ത്വ

രഹസ്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പുസ്തകം രചിക്കുകയും ചെയ്തു.

പ്രാർഥനയുടെ തത്ത്വ രഹസ്യങ്ങളെ സംബന്ധിച്ച അറിവും പ്രാർഥനയുടെ അത്യുൽകൃഷ്ടമായ അനുഭവജ്ഞാനവും സർ സയ്യിദിനില്ലെന്ന് പറഞ്ഞ ശേഷം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സമൂലം ഖണ്ഡിച്ചു കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു. 'ഇത്തരം അബദ്ധ വിശ്വാസങ്ങളെ ഉടക്കുവാനായിട്ടാണ് ഞാൻ ദൈവത്തിൽ നിന്നും നിയോഗിക്കപ്പെട്ടിട്ടുള്ളത്. അത്കൊണ്ട് എന്റെ ചില പ്രാർഥനകൾ മുൻകൂട്ടി സയ്യിദ് സാഹിബിനെ അറിയിച്ചു കൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല ഞാനവ പ്രസിദ്ധം ചെയ്യുകയും ചെയ്യാം. എന്നാൽ എന്റെ വാദം സ്ഥാപിക്കപ്പെടുന്ന പക്ഷം സയ്യിദ് സാഹിബ് തന്റെ ഈ തെറ്റായ ചിന്താഗതിയെ വിട്ടൊഴിയേണ്ടതാകുന്നു.....

സയ്യിദ് സാഹിബിനു എന്റെ അടുക്കൽ വരാൻ കഴിയുകയില്ലെങ്കിൽ, സത്യം വെളിപ്പെട്ടാൽ സ്വീകരിക്കാമെന്നുള്ള വാഗ്ദത്തത്തോടുകൂടി തന്നെ പറ്റി ദൈവ സന്നിധിയിൽ പ്രാർഥന നടത്തിയ ശേഷം എനിക്ക് വെളിപ്പെടുന്ന സംഗതികൾ പ്രസിദ്ധപ്പെടുത്തി കൊള്ളാൻ എന്നെ അനുവദിക്കേണ്ടതാണ്. അത് വഴി പൊതു ജനങ്ങൾക്ക് പ്രയോജനമുണ്ടാകുമല്ലോ. സയ്യിദ് സാഹിബിന്റെ അഭിപ്രായമാണ് ശരിയെങ്കിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊരു വിജയവും ലഭിക്കുന്നതല്ല. അല്ലെങ്കിലോ ബുദ്ധിയുള്ളവർ സയ്യിദ് സാഹിബിന്റെ ഈ തെറ്റായ വിശ്വാസങ്ങളിൽ നിന്ന് രക്ഷ പ്രാപിച്ചു ദൈവമാർഗത്തിലേക്ക് തിരിയുമാറാകും. (ബറക്കാത്തു ദുആ)'

ഇത്രയും പ്രസ്താവിച്ച ശേഷം ഒടുവിലായി ചേർത്ത പാർസി കവിതയിൽ ഹ: അഹ്മദ് (അ) സർ സയ്യിദിനെ സംബോധന ചെയ്തു കൊണ്ട് ഇപ്രകാരം എഴുതി:

പ്രാർഥനക്ക് വല്ല ഫലവുമുണ്ടെങ്കിൽ അതെവിടെ എന്ന് ചോദിക്കുന്ന ഹേ മനുഷ്യാ, ത്സടുതിയിൽ എന്റെയടുത്തേക്ക് വരിക. ഞാൻ ഉച്ച സൂര്യനെ പോലെ പ്രാർഥനയുടെ ഫലം കാണിച്ചു തരാം ഭദ്രം! ദൈവത്തിന്റെ ശക്തിരഹസ്യങ്ങളെ നിഷേധിക്കലല്ലാ. വാക്കുകൾ മതിയാക്കൂ. സ്വീകൃതമായി തീർന്ന എന്റെ പ്രാർഥനയുടെ പുലർച്ച നോക്കി പാർക്കൂ.

ഇവിടെ സ്വീകരിക്കപ്പെട്ട പ്രാർഥനയെന്ന് പറഞ്ഞത് ലേഖ്റാമിന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനത്തെ ഉദ്ദേശിച്ചാണെന്നു ഹദ്റത്ത് അഹ്മദ് (അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്.. ആറു കൊല്ലത്തിനുള്ളിൽ പണ്ഡിറ്റ് ലേഖ് റാം മരണമടയുന്നതാണെന്ന് തനിക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഇതിന് പുറമെ പ്രസ്തുത കൃതിയുടെ ഒടുവിലത്തെ പേജിൽ അതെഴുതി തീർന്ന ദിവസം അദ്ദേഹം കണ്ട ഒരു ദിവ്യദർശനം വിവരിച്ചിട്ടുണ്ട്. അത് ലേഖ് റാമിന്റെ ദാരുണമായ അന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളടങ്ങിയതായിരുന്നു.

സർ സയ്യിദിന്റെ സിദ്ധാന്തങ്ങളെ ഹ:അഹ്മദ് (അ) ശക്തിയുക്തം വിമർശിക്കുകയും അദ്ദേഹത്തെ ആത്മീയ പരീക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം തികഞ്ഞ മൗനമവലംബിക്കുകയാണ് ചെയ്തത്. ഹദ്റത്ത് അഹ്മദി (അ)നെതിരായി അദ്ദേഹം പിന്നീടൊരക്ഷരം ഉരിയാടിയിട്ടില്ല. എന്നല്ല ഭയഭക്തിയോടുകൂടി മാത്രമേ ആ മഹാത്മാവി നെക്കുറിച്ച് പിന്നീട് സ്മരിക്കുകയുണ്ടായിട്ടുള്ളൂ. അക്കാരണത്താൽ തന്നെ ഹദ്റത്ത് അഹ്മദ്(അ) സർ സയ്യിദിനെ ഒരു മിത്രമായി കണക്കാക്കി. ഹദ്റത്ത് അഹ്മദി (അ)നെ ആക്ഷേപിച്ചു കൊണ്ട് ഒരാൾ ഒരിക്കൽ സർ സയ്യിദിന് നീണ്ടൊരു കത്തെഴുതിയപ്പോൾ അദ്ദേഹത്തെ എതിർക്കുന്നവൻ ബുദ്ധി കെട്ടവനാണ് എന്ന് സർ സയ്യിദ് പ്രസ്താവിച്ചതാവിച്ചതായും, ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു പുസ്തകത്തിന് ഖണ്ഡനമെഴുതാൻ തുനിഞ്ഞ മറ്റൊരാളെ അദ്ദേഹം വിലക്കിയതായും മൗലാനാ ഹാലി പ്രസ്താവിച്ചിട്ടുണ്ട്. (ഹയാത്തെ ജാവീദ്, ഖ, 2 ഭാ 437)

തന്നെ എതിർക്കുവാനും നിഷേധിക്കുവാനും ബദ്ധപ്പെടുന്നതിന് പകരം ഇസ്ലാമിന് വേണ്ടിയുള്ള തന്റെ രക്ഷാവേലയെ അലോസരപ്പെടുത്താതെ തന്റെ അന്ത്യം നോക്കി പാർക്കുകയെന്ന സമീപനം സ്വീകരിക്കുന്നതാവും സുരക്ഷിതമാവുക എന്ന് ഹ: അഹ്മദ്(അ) മതപണ്ഡിതന്മാരെ തർജ്ജനം ചെയ്തിരുന്നു. ആ മഹാത്മാവിനുണ്ടായിരുന്ന അതുല്യമായ ആത്മീയ വിജയങ്ങൾ സർ സയ്യിദിനെ വിചാരമഗ്നാക്കിയെന്ന് വേണം കരുതാൻ. എന്തെന്നാൽ, സർ സയ്യിദ് ഒരു ബദ്ധശത്രുവായി തിരിഞ്ഞില്ല. ആ പുണ്യാത്മാവിനെതിരായി പിന്നീടൊരിക്കലും ഒരക്ഷരം പോലും പറഞ്ഞില്ല.

എങ്കിലും സർ സയ്യിദ് അഹ്മദ് ഖാൻ ദൈവം പ്രാർഥന സ്വീകരിക്കുന്നവനല്ല എന്ന ഗുരുതരമായ ഒരു തെറ്റ് പ്രചരിപ്പിച്ചതിന് ദൈവിക ശിക്ഷക്കിരയാവുക തന്നെ ചെയ്തു. ഹ: അഹമദ്(അ) പ്രവചിച്ചതിൻ വണ്ണം തന്നെ സർ സയ്യിദിന് ആയുരാന്ത്യത്തിൽ പല ദുരനുഭവങ്ങളുമുണ്ടായി. വാർദ്ധക്യ കാലത്ത് അദ്ദേഹത്തിന്റെ സീമന്ത പുത്രന്റെ ദാരുണമായ മരണം കാണേണ്ടി വന്നു. ഈ വിരഹ വ്യഥയിൽ നിന്ന് മോചനം നേടുന്നതിന് മുമ്പായി തന്നെ മറ്റൊരു ഭയങ്കര ദുഃഖവും അദ്ദേഹത്തെ പിടികൂടി. അലിഗർ കോളേജിലെ കെട്ടിട നിർമാണാർഥം അദ്ദേഹം വളരെ പാടുപെട്ട്

**ശേഷം പേജ് 32 ൽ**

# തേനീച്ച: പറക്കുന്ന വിസ്മയം – 5

തേനീച്ചയുടെ അത്ഭുതകരമായ കണിശതയോടെയുള്ള ക്രമബദ്ധമായ സാമൂഹിക ജീവിതം കേവലം യാദൃച്ഛികമോ? ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ അഹ്മദിയ്യാ ഖലീഫ തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ ഉയർത്തിയ അനിഷേധ്യമായ വിമർശനത്തിന്റെ അഞ്ചാം ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മനസ്സിൽ യാതൊരു വിധ ലക്ഷ്യവുമില്ലാത്ത ഒരു ആസൂത്രകന്റെ അഭാവത്തിൽ എങ്ങനെയാണ് ഡാർവിന്റെ സിദ്ധാന്തപ്രകാരം തേനീച്ചയുടെ ആഭ്യന്തര സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുക? എങ്ങനെയാണ് ജീനുകൾക്ക് തേനീച്ചയെ, അതിന്റെ എല്ലാവിധത്തിലുമുള്ള അത്ഭുതകരവും ദുർഗ്രഹവുമായ പെരുമാറ്റ വിസ്മയങ്ങളോടെ രൂപപ്പെടുത്തുവാനും സൃഷ്ടിക്കാനും സാധ്യമായത്? തേനീച്ചയുടെ ആഭ്യന്തര സംവിധാനം, അതിന്റെ എല്ലാവിധ പ്രവർത്തന ശേഷിയോടൊപ്പം ക്രമേണ ക്രമേണ എങ്ങനെയാണ് രൂപപ്പെട്ടുവന്നതെന്ന് ഏതെങ്കിലും ശാസ്ത്രജ്ഞന് വിശദീകരിക്കാനാവുമോ? തേനീച്ച കാണുന്ന രീതിയും അതിന്റെ കണ്ണും അതിന്റെ കാഴ്ചയുമെല്ലാം പുറത്തുള്ള പുഷ്പങ്ങളുടേയും ഫലങ്ങളുടേയും ലോകവുമായി വളരെ രമ്യമനോഹരമായി താളപൊരുത്തത്തോടെ പ്രവർത്തിക്കുന്നു. ഇത് സ്വയം തന്നെ തികച്ചും അവികലമായൊരു പരിപൂർണമാതൃകയാണ്.

മുൻകൂട്ടിയുള്ള രൂപകൽപനയെ നിഷേധിക്കുന്ന പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാരെ സംബന്ധിച്ചിടത്തോളം ഇത് വമ്പിച്ചൊരു വെല്ലുവിളിയാണ്. ഏത് ശക്തിയാണ് അതിനെ രൂപപ്പെടുത്തിയത്? എങ്ങനെയാണ് അത് അസ്തിത്വത്തിന്റെ ലോകത്ത് സ്വയം തന്നെ പതുക്കെ പതുക്കെ നിലവിൽ വന്നത്? ഇത് മാത്രമല്ല, തേനീച്ച അതിന്റെ കൂട് നിർമിക്കുന്ന രീതി, ഈ നിർമാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വസ്തുക്കൾ ശേഖരിക്കുന്ന വിധം എന്നിവയെ സംബന്ധിച്ച് പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാരുടെ ഭാഗത്ത് നിന്ന് ഒരുപാട് വിശദീകരണം അർഹിക്കുന്നുണ്ട്. പാർപ്പിട നിർമാണത്തിന് വസ്തുക്കൾ കണ്ടെത്തുക എന്നത് എല്ലാ ജീവികളെ സംബന്ധിച്ചും പൊതുവായുള്ളതാണ്. പക്ഷേ, ആ വസ്തുക്കൾ സൂക്ഷ്മമായി ഒരു പ്രത്യേക കാര്യത്തിനു മാത്രം വിനിയോഗിക്കുക എന്നത് അപൂർവമാണ്. തേനീച്ചകൾ യഥാർഥത്തിൽ ചെയ്യുന്ന കാര്യങ്ങൾ ഇതാണ്.

തേനീച്ചയുടെ ഉദരത്തിലെ അടിഭാഗത്തെ 4 ജോഡി ഗ്രന്ഥികളിൽ നിന്ന് മെഴുക് പാളികൾ, പിൻകാലുകളിലെ ആദ്യത്തെ വലിയ ടാർസൽ(Tarsal) ഖണ്ഡകളാണ് നീക്കം ചെയ്യുന്നത്. അത് നിർമാണ പ്രവർത്തനങ്ങൾക്കായി മുൻകാലുകളും കീഴ്ത്താടിയും (Mandibles)കൂടി മുന്നോട്ടേക്ക് കൈമാറുന്നു....ആ മെഴുക് തേനീച്ചയുടെ ഉമിനീരുമായി മിശ്രണം ചെയ്ത് ശരിയായ അനുപാതത്തിൽ കുഴക്കുന്നു. അതിന് കൂട് നിർമ്മിച്ചെടുക്കാൻ പാകത്തിൽ വഴക്കവും ഈടും ഉണ്ടാവുന്നത് വരെ തേനീച്ച കുഴക്കൽ തുടരുന്നു.

ഭൗതിക വസ്തുക്കളുടെ ലോകത്തെ ശാസ്ത്രീയ സങ്കീർണതകൾ യാതൊന്നുമറിയാത്ത ഒരു പ്രാണി എന്തുകൊണ്ടാണ് പെട്ടെന്ന് അതിന്റെ നന്മക്കായി ഇങ്ങനെ പ്രവർത്തിക്കാനാരംഭിച്ചത്? അപ്രകാരം വളരെ മന്ദഗതിയിൽ രൂപപ്പെട്ടു വന്ന തേനീച്ച

യുടെ മനസ്സ് ആരാണ് രൂപപ്പെടുത്തിയത്? അതുപോലെ ഏത് പ്രകാരത്തിലാണ് തന്റെ വസതി നിർമിക്കേണ്ടതെന്നും ഏത് വിധത്തിലുള്ള വസ്തുക്കളാണ് നിർമാണത്തിന് വേണ്ടതെന്നുമുള്ള തേനീച്ചയുടെ അന്തർജ്ഞാനവും, അതിനെ പറ്റി അറിയുന്ന മറ്റാരെങ്കിലും നിഗൂഢമായ രീതിയിൽ തേനീച്ചയിൽ എത്തിച്ചിട്ടുണ്ടാവേണ്ടതല്ലേ? പക്ഷേ, നമ്മുടെ കണ്ണുകൾക്ക് കാണുന്നതിനേക്കാൾ അപ്പുറമാണ് കാര്യങ്ങൾ കിടക്കുന്നത്. തേനീച്ചക്കൂടിന്റെ ഒരോ അറയും നിർമിച്ചിരിക്കുന്നത് ഷഡ്ഭുജാകൃതി (Hexagonal)യിലാണ്. അറയുടെ ഓരോ ഭിത്തിയുടെ ഓരോ സന്ധിയും കൃത്യം 120 ഡിഗ്രി വ്യത്യാസത്തിലാണ് നിർമിച്ചിരിക്കുന്നത്.

തേനീച്ചക്കൂട് സ്വയം തന്നെ ജീവികളുടെ വാസ്തുശില്പകലയുടെ ഒരു വിസ്മയമാണ്. അഷ്ട ഭുജാകൃതിയിൽ തൊട്ടുതൊട്ടുകിടക്കുന്ന അറകൾ സമാന്തരമായി ഒരേ നിരയിൽ ക്രമീകരിച്ചു കൊണ്ട് അത് നിർമിക്കപ്പെട്ടിരിക്കുന്നു. ഓരോ തേനറയും തൊട്ടടുത്ത മറ്റൊന്നിൽ നിന്ന് ഒരു നിശ്ചിത അകലത്തിലായിരിക്കും സ്ഥിതി ചെയ്യുന്നത്.

തേനീച്ചകൾ അത്ഭുതകരമായ എഞ്ചിനീയറിങ്ങ് വൈദഗ്ദ്ധ്യമാണ് പ്രദർശിപ്പിക്കുന്നത്. അവ അത്യാധുനികമായ അളവ് ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ടാണ് തന്റെ കൂടിന്റെ നിർമാണ പ്രവർത്തനങ്ങൾ നടത്തിയത് എന്ന പ്രതീതിയാണ് ജനിപ്പിക്കുന്നത്.

പുതുതായി നിർമിക്കപ്പെട്ട ഒരു തേനീച്ചക്കൂടിന്റെ കൃത്യതയും ബലവും ശ്രദ്ധേയമാണ്. ഉദാഹരണത്തിന് അറയുടെ ഭിത്തിയുടെ കനം 0.073 0.002 മി.മീറ്ററും തൊട്ടടുത്ത അറയുടെ ഭിത്തിയുമായുള്ള കോൺ വ്യതിയാനം കൃത്യമായും 120 ഡിഗ്രിയുമാണ്. ഓരോ തേനറയും മറ്റൊന്നിൽ നിന്നും 0.95 സെ.മി ദൂരത്തിലാണുള്ളത്.

ഒരേ തരം മുട്ടയിൽ നിന്ന് വിരിയുന്ന തേനീച്ച കുഞ്ഞുങ്ങൾ മൂന്ന് വിധത്തിലുള്ള തൊഴിൽ ഗ്രൂപ്പുകളായിട്ടാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. റാണിമാർ, തൊഴിലാളികൾ, മടിയൻമാർ എന്നിവരാണവർ. റാണിക്ക് ഒരു ദിവസത്തിൽ ആയിരക്കണക്കിന് മുട്ടകൾ ഇടാനുള്ള ശേഷിയുണ്ട്.

സമുചിതമായി നാമകരണം ചെയ്യപ്പെട്ട റാണിയാണ് തേനീച്ചക്കൂട്ടിലെ മൊത്തം അധീശാധികാരി. ചുറ്റും സേവകൻമാർ വലയം ചെയ്തു നിൽക്കുന്ന റാണിക്ക് ഏറ്റവും പോഷക ഗുണമേറിയ ഭക്ഷണമാണ് നൽകപ്പെടുന്നത്. കൂടിനുള്ളിൽ വളരെ കുറച്ചാണെങ്കിലും നിർണ്ണായകമായ ജോലിയാണ് റാണി നിർവഹിക്കുന്നത്. റാണിയെ മുട്ട ഉൽപാദിപ്പിക്കുന്ന അസാധാരണമായ ഒരു യന്ത്രമാക്കി മാറ്റുന്ന വലിയ അണ്ഡകോശം നേർത്ത വരകളാൽ മറച്ചിരിക്കുന്നു. ഈ അണ്ഡകോശത്തിന് ഒരു ദിവസം ആയിരക്കണക്കിന് മുട്ടകളിടാനുള്ള ശേഷിയുണ്ട്. റാണിയുടെ ശക്തിമത്തായ ഫിറോമോണുകൾക്ക് അതിന്റെ സൗമ്യ സ്വഭാവം മൂടുപടമിടുകയാണ് ചെയ്യുന്നത്. റാണികൾ ഫിറോമോണിലൂടെ നൽകുന്ന രാസപരമായ അടയാളങ്ങ (Chemical Signals) ളാണ് അവയുടെ പെരുമാറ്റങ്ങളെ നിയന്ത്രിക്കുകയും സാമൂഹിക്മായ ഒരു പശിമ നൽകി തേനീച്ചകളെ ഒന്നിച്ചു ചേർത്തു നിറുത്തുകയും ചെയ്യുന്നത്.

തൊഴിലാളി തേനീച്ചകൾ തീറ്റിപോറ്റുന്ന മടിയൻമാരായ ആൺ തേനീച്ചകൾക്ക് ശക്തമായ പൗരുഷമുള്ള ശരീരമാണുള്ളത്. അവർ നിർവഹിക്കുന്ന ഒരേയൊരു പണി റാണിയുമായി ഇണചേരുക എന്നതാണ്. (അതിന് ശേഷം അവ ചാകുന്നു).

തേനീച്ചക്കൂട്ടിലെ മുഖ്യ സംഘടനാ വിഭാഗം തൊഴിലാളികളാണ്. അവരാണ് പൂമ്പൊടി ശേഖരിച്ചു കൊണ്ടുവന്ന് തേനുൽപ്പാദിപ്പിക്കുന്നത്. കൂടിനു ചുറ്റുമായി അവർ സദാസമയവും അണി നിരന്നു നിൽക്കുന്നു. എപ്പോഴും തേനീച്ചക്കൂടിനെ ആക്രമണത്തിൽ നിന്ന് പ്രതിരോധിക്കാനായി അവർ ജാഗരൂകരായി നിലയുറപ്പിക്കുന്നു. അവയുടെ പറക്കാനുള്ള പ്രവർത്തന ശേഷി ശരീരോഷ്മാവ് 35 ഡിഗ്രി സെന്റി ഗ്രേഡ് നിലനിറുത്തിക്കൊണ്ടാണെന്ന കാര്യം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. തേനീച്ചക്കൂടിന്റെ മദ്ധ്യഭാഗത്ത് ചൂട് യാതൊരു വിധ പ്രശ്നവും സൃഷ്ടിക്കാറില്ല. അത് നാലു ഭാഗത്ത് നിന്ന് സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, കൂടിന്റെ പുറം ഭാഗത്ത് തുറസ്സായ അന്തരീക്ഷത്തിന്റെ സ്വാധീനത്താൽ ഊഷ്മാവ് കുറയുന്നു. ഈ പ്രശ്നത്തെ അവ മറി കടക്കുന്നത് തങ്ങളുടെ ചിറകുകളെ സമയാസമയങ്ങളിൽ ഒരു ഫാൻ പോലെ പ്രവർത്തിപ്പിച്ചു കൊണ്ടാണ്. ചിറക് ചലിപ്പിക്കുമ്പോഴുണ്ടാകുന്ന ഘർഷണ ഊർജം കൊണ്ടാണ് അവ താപം ക്രമീകരിക്കുന്നത്.

മരത്തിന്റെ പൊത്തുകൾക്കിടയിലും ഇടുങ്ങിയ ഗുഹകൾക്കകത്തും തേനീച്ചകൾ കൂട് വെക്കുമ്പോൾ ആ കൂടിന് ഒരൊറ്റ പ്രവേശന കവാടം മാത്രമേ ഉണ്ടാവൂ. വായുവിന് കൂടിനുള്ളിലേക്ക് നിർബാധം പ്രവേശിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് തേനീച്ചക്കൂടിനുള്ളിലെ കാർബൺഡയോ

ക്സൈഡിന്റെയും മറ്റു വാതകങ്ങളുടേയും അളവ് കൂടിന് പുറത്തുള്ളത് പോലെ സ്വയം തന്നെ ക്രമീകരിക്കപ്പെടുന്നില്ല. കൂടിനകത്തെ കാർബൺഡയോക്സൈഡിന്റെ വർധന തേനീച്ചകളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാണ്. ഈ വിപത്തിനെ മറികടക്കാൻ തൊഴിലാളിതേനീച്ചകൾ കൂട്ടംകൂട്ടമായി കൂടിന്റെ പ്രവേശ കവാടത്തിലെത്തുന്നു. അവിടെ അവർ തങ്ങളുടെ പിൻ ചിറക് കൂടിന്റെ പുറം ഭാഗത്തേക്ക് വെച്ചു കൊണ്ട് നിലയുറപ്പിക്കുന്നു. പിന്നീട് തങ്ങളുടെ ചിറകുകൾ ഒരു ഫാൻ പോലെ അതിവേഗം ചലിപ്പിക്കുകയും കൂടിനുള്ളിലെ കെട്ടി കിടക്കുന്ന വായു പുറത്തേക്ക് നീക്കുകയും പുതിയ വായു അകത്തേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. 10 സെക്കന്റുകളാണ് അവ ഇങ്ങനെ പ്രവർത്തിക്കുന്നത്. പിന്നീട് ആവശ്യമെങ്കിൽ മറ്റൊരു സംഘം തൊഴിലാളികൾ പകരം ഈ പ്രവൃത്തി ഏറ്റെടുക്കുന്നു. കൂടിലെ ഊഷ്മാവ് 35 ഡിഗ്രി സെന്റിഗ്രേഡ് ഉയരും വരെ ഇത് ആവർത്തിച്ചു കൊണ്ടിരിക്കും. ഊഷ്മാവ് വ്യത്യാസമുണ്ടാവുന്ന അത്തരം സന്ദർഭങ്ങളിൽ ചിറകടിച്ച് വായു പ്രവാഹത്തിലൂടെ അത് ക്രമീകരിക്കുന്ന സമ്പ്രദായം തേനീച്ചകൾ വളരെ വിജയപ്രദമായി നടത്തി വരുന്നു. അവയുടെ ചിറകടിക്കുന്ന പരിപാടി ഒരേ സമയം ആരംഭിക്കുകയും ഒരേ സമയം നിറുത്തുകയും ചെയ്യുന്നു. ഈ ഫാൻ പോലെയുള്ള ചിറകടി സമ്പ്രദായത്തിനു പുറമെ, തേനീച്ചകൾ തേനിന് പകരം വെള്ളം കൂടുകളിലേക്ക് വലിച്ച് കൊണ്ട് വരാറുണ്ട്. എന്നിട്ട് അത് മുട്ട വിരിഞ്ഞ തേനീച്ച കുഞ്ഞുങ്ങളുടെ അറകൾക്ക് ചുറ്റും ശേഖരിച്ചു വെക്കുന്നു. തേനീച്ചകൾ ഇപ്രകാരം ചെയ്യുന്നത് കൂടിനുള്ളിലെ താപത്തിന്റെ ഏറ്റക്കുറച്ചിലുകൾ തേനീച്ച കുഞ്ഞുങ്ങളെ ബാധിക്കാതിരിക്കാനാണ്.

തേനീച്ചയുടെ ഭക്ഷണത്തിന്റെ അഭിരുചി, പൂക്കളുടെ മധുരമുള്ള കുഴമ്പിൽ നിന്ന് അവ ഓരോ തുള്ളി തേൻ ഉണ്ടാക്കുന്ന വിധം, തേനായി തീരുവാൻ വേണ്ടിയുള്ള ശ്യാനത (Viscosity)ക്കനുസൃതമായി അതിന്റെ ഉമിനീർ പൂക്കളുടെ മധുരക്കുഴമ്പുമായി കൂട്ടിക്കൂഴക്കുന്ന വിധം എന്നീ കാര്യങ്ങളെല്ലാം സ്വയം തന്നെ അത്യത്ഭുതകരമാണ്. അതിന്റെ നാവിലെ ഓരോ ബിന്ദുവിൽ വെച്ചും തേൻ പാകപ്പെടുന്നതു വരെ ഉമിനീരും തേൻകുഴമ്പുമായി അത് മിശ്രണം ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. ഓരോ തുള്ളി തേനും ഉൽപാദിപ്പിക്കാൻ വേണ്ടിയും പൂക്കളുടെ തേൻ കുഴമ്പ് അന്വേഷിച്ചു കൊണ്ട് പുറമേക്ക് നിരവധി പറക്കലുകൾ നടത്തേണ്ടതുണ്ട്. ഇത് ഒരു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ അതിൽ കവിഞ്ഞോ സമയമെടുത്താണ് തേനീച്ച നിർവഹിക്കുന്നത്. അവക്ക് പ്രത്യേകമായി നിശ്ചയിക്കപ്പെട്ട കൂടിലെ അറകൾ നിറയ്ക്കുന്നത് വരെ തേനീച്ചയുടെ ഈ യാത്രകൾ തുടരുന്നു. എങ്ങനെയാണെങ്കിലും സാധാരണ തേനും റോയൽ ജെല്ലി (Royal Jelly)യും തമ്മിലുള്ള വ്യത്യാസം തേനീച്ചകൾ തിരിച്ചറിയുന്നു. റാണിക്ക് വേണ്ടി മാത്രം തയ്യാർ ചെയ്യപ്പെടുന്ന ഭക്ഷണമാണ് റോയൽ ജെല്ലി. സവിശേഷമായ ചില ഗുണങ്ങൾ റോയൽ ജെല്ലിക്കുണ്ട്. അത് റാണിക്ക് അതിവേഗത്തിൽ മുട്ടയിടാൻ വേണ്ടി പ്രത്യുൽപാദനത്തിനുള്ള ഊർജം പ്രദാനം ചെയ്യുന്നു. ഓരോ ദിവസവും റാണി തന്റെ ശരീര ഭാരത്തിന് തുല്യമായ അളവ് മുട്ടയിടുന്നു. റാണിയുടെ ശരീരഭാരമാകട്ടെ സാധാരണ തേനീച്ചയേക്കാൾ വളരെ വലുതാണ്. മറ്റൊന്ന്, റോയൽ ജെല്ലിക്ക് നിഗൂഢമായ ചില ഗുണവിശേഷങ്ങളുണ്ട്. അത് സാധാരണ തേനീച്ചയേക്കാൾ നൂറിരട്ടി ആയുസ്സ് റാണിക്ക് പ്രദാനം ചെയ്യുന്നു. ഒരു തേനീച്ച ക്കൂടിൽ ചിലപ്പോൾ എണ്ണായിരത്തോളം തേനീച്ചകളുണ്ടാവും. അവയെല്ലാം റാണിയുടെ പ്രജകളാണ്. മനുഷ്യന്റെ രാജഭരണത്തിൽ പോലും ഇതിനേക്കാൾ മികച്ച അച്ചടക്കം കാണുവാൻ സാധ്യമല്ല.

മുകളിൽ പ്രതിപാദിച്ച ജോലികൾക്ക് പുറമെ മികച്ച തൊഴിലാളികളായ തേനീച്ചകൾക്ക് മറ്റൊരു പര്യവേക്ഷണ ദൗത്യം കൂടിയുണ്ട്. അതായത് പഴയ കോളനി ഉപേക്ഷിക്കുമ്പോൾ പുതിയവ നിർമിക്കാനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള ദൗത്യമാണ് അവർക്ക് നിർവഹിക്കാനുള്ളത്. ഈ ദൗത്യം നിർവഹിക്കുന്ന പര്യവേക്ഷകരായ തേനീച്ചയും അവ അത് നിർവഹിക്കുന്ന രീതിയും ജീവികളുടെ പെരുമാറ്റ വിജ്ഞാനീയത്തിന്റെ അതിമഹത്തായ അത്ഭുതങ്ങളിലൊന്നാണ്. നിയോഗിക്കപ്പെട്ട തേനീച്ചകൾ പൂന്തേൻ സമൃദ്ധമായി ലഭ്യമാകുന്നതും അനുയോജ്യമായതും സുരക്ഷിതവുമായ ഒരു സ്ഥലം അന്വേഷിച്ച് നിർണ്ണയിക്കുന്നു. അത്തരം സ്ഥലങ്ങൾ പൂക്കളുള്ള മേഖലയിൽ നിന്ന് പലവിധ ദൂരവ്യത്യാസങ്ങളിലും നിലകൊള്ളുന്നവയായിരിക്കും. അവ താരതമ്യേന പുതിയ കൂട് നിർമിക്കാൻ അനുയോജ്യമായതോ, അല്ലാത്തതോ ആയ സ്ഥലമാവാം. പര്യവേക്ഷകരായ വിവിധ തേനീച്ചകൾ കൊണ്ടു വരുന്ന വിവരങ്ങൾ, റാണിയുടെ സവിധത്തിൽ വിധി പറയാൻ വേണ്ടി സമർപ്പിക്കുന്നു. പല പര്യവേക്ഷകരുടേയും പുതിയ കൂടിനെ പറ്റിയുള്ള വിവരങ്ങൾ ഏതോ തരത്തിൽ റാണിയാൽ നിർവഹിക്കപ്പെടുന്ന അപഗ്രഥനത്തിനും താരതമ്യ പഠനത്തിനും വേണ്ടി സമർപ്പിക്കുന്നു. സർവേയർമാരായ തേനീച്ചകൾ ഈ വിവരങ്ങൾ എങ്ങനെയാണ് റാണിയെ ധരിപ്പിക്കുന്നതെന്ന കാര്യം യാതൊരു തരത്തിലും മനസ്സിലാക്കാൻ സാധിച്ചിട്ടി ല്ല. വാസ്തവത്തിൽ മുഴുവൻ ജീവിലോകവുമായി താരതമ്യം ചെയ്യുമ്പോൾ തേനീച്ചയുടെ ഈ പ്രവർത്തനങ്ങൾ അതുല്യമാണ്. ഒരു ആസൂത്രകനും നിർവാഹകനുമില്ലാതെ എങ്ങനെയാണ് വിചിത്രമായ ഈ ആശയവിനിമയ രീതി

നിലവിൽ വന്നതെന്ന വസ്തുത ഏറ്റവും പുരോഗമനകാരിയായ പ്രകൃതിവാദി ശാസ്ത്രജ്ഞന്റെ മന സ്സിനെ പോലും അമ്പരപ്പിക്കുന്ന തായിരിക്കും. പക്ഷേ, അവർ എപ്പോ ഴെങ്കിലും ഇതിനെക്കുറിച്ച് അഗാധ മായി ചിന്തിക്കുകയോ അത്ഭുതം കൂറുകയോ ചെയ്തിട്ടുണ്ടോ? പുതിയ കൂടിനുള്ള സ്ഥലം അന്വേ ഷിച്ചു പോകുന്ന എല്ലാ പര്യവേക്ഷ കരായ തേനീച്ചകളും റാണിയുടെ മുമ്പിൽ വെച്ച് വിസ്മയകരമായ ഒരു നൃത്തം കാഴ്ചവെക്കും. അത് സ്വയം തന്നെ സൂക്ഷ്മമായ ഒരു ദിശ യിൽ വന്നു നിന്ന് നൃത്തം ആരംഭി ക്കുന്നു. അങ്ങനെ ആ നൃത്തത്തി ലൂടെ താൻ ശേഖരിച്ച എല്ലാ സന്ദേ ശവും, അതായത് പുതിയ സ്ഥല ത്തിന്റെ ദിശ, കിടപ്പ്, സ്ഥലം മുത ലായവ റാണിക്ക് കൈമാറുകയും ചെയ്യുന്നു. നൃത്തത്തിലൂടെ വിനി മയം ചെയ്യപ്പെടുന്ന വിവരങ്ങൾ അതിനേക്കാൾ നന്നായും സൂക്ഷ്മ മായും മനുഷ്യഭാഷയിൽ വിനിമയം ചെയ്യപ്പെടുവാൻ സാധ്യമല്ല. അത് നൃത്തത്തിലൂടെ താൻ പുതിയ കൂടിന് കണ്ട സ്ഥലത്തെ പറ്റിയും എവിടെയാണ് അത് കണ്ടെതെന്നും ഇപ്പോഴത്തെ കൂടിൽ നിന്ന് എത്ര ദൂരെയാണ് അത് സ്ഥിതി ചെയ്യുന്ന തെന്നും അനുയോജ്യമായ ഒരു പുഷ്പമേഖല ആ സ്ഥലത്തു നിന്ന് എത്ര അകലെയാണെന്നുമുള്ള വിവരങ്ങളെല്ലാം റാണിയെ ധരിപ്പി ക്കുന്നു. ആ സ്ഥലത്തെ പറ്റി പരി പൂർണമായ വിവരണം റാണിക്ക് നൽകുന്നു. അതായത്, എപ്രകാര മാണ് പ്രകൃതിയുടെ കടന്നു കയറ്റ ത്തിൽ നിന്നും പ്രസ്തുത സ്ഥലം സംരക്ഷിക്കപ്പെട്ടിരിക്കുന്നതെന്നും, ആ സ്ഥലം ഒരു മരത്തിന്റെ പൊത്താണെന്നോ അല്ലെങ്കിൽ ഒരു പാറയുടെ ഗുഹാമുഖമാണെന്നോ, ഒരു മരത്തിന്റെ ശാഖകളാൽ ചുറ്റ പ്പെട്ട കൊമ്പിലാണെന്നോ ഉള്ള വിശ ദമായ വിവരങ്ങളാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. കൂടിന്റെ സ്ഥല ത്തിന് വേണ്ടി പര്യവേക്ഷണം നട ത്തിയ ഓരോ തേനീച്ചയും ഊഴമ നുസരിച്ച് വിശദീകരണം നൽകു കയും അവരുടെയെല്ലാം വിശദീകരണം അവസാനിക്കുന്നത് വരെ റാണി കാത്തു നിൽക്കുകയും ചെയ്യുന്നു. അതിന് ശേഷം മാത്ര മാണ് റാണി താൻ എന്താണ് ചെയ്യേ ണ്ടത് എന്നതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതും താൻ തിര ഞ്ഞെടുക്കുന്ന സ്ഥലത്തേക്ക് കൃത്യ മായ ദിശയിലൂടെ അത് പറന്നു പോകുകയും ചെയ്യുന്നത്. എങ്ങനെ യാണ് ഈ കൂടുമാറ്റം അന്തിമമായി നിർവഹിക്കപ്പെടുന്നതെന്നും അവ സാനം പുതിയ ഒരു കൂട് എങ്ങനെ നിർമിക്കപ്പെടുന്നു എന്നതും മറ്റൊരു അത്ഭുതകരമായ കഥയാ ണ്.

ആധുനിക കാലത്തെ ആശുപ ത്രികളും ക്ലിനിക്കുകളും ശുചീക രണം പാലിക്കപ്പെടുന്ന രീതിയെ നാണിപ്പിക്കും വിധം തേനീച്ചകൾ, തേനീച്ചക്കൂട് എങ്ങനെയാണ് ശുചി യാക്കി വെക്കുന്നതെന്ന കാര്യം നാം അവസാനം പ്രതിപാദിക്കുന്ന താണ്. വൈറസുകളേയും രോഗാ ണുക്കളേയും വഹിക്കുന്ന കുപ്രസി ദ്ധനായ കൊതുകിൽ നിന്ന് കടക വിരുദ്ധമായി തേനീച്ചകൾ അതിന്റെ ശരീരത്തിൽ യാതൊരു വൈറസി നേയൊ രോഗാണുവിനേയോ വഹി ക്കുന്നില്ല എന്ന് ഗവേഷകൻമാർ കണ്ടെത്തിയിട്ടുണ്ട്. എന്തുകൊ ണ്ടാണ് തേനീച്ച രോഗാണുരഹിത മായി കാണപ്പെടുന്നത് എന്ന കാര്യം ഗവേഷകൻമാരെ തികച്ചും അമ്പ രപ്പിച്ചിരിക്കുകയാണ്. അവർ ഇതു സംബന്ധിച്ച് പുതിയ ഒരു ഗവേ ഷണ പരിപാടി ആരംഭിച്ചിരിക്കുക യാണ്. തേനീച്ചകൾ എങ്ങനെ യാണ് അവയുടെ രോഗാണു ക്കൾക്കെതിരായുള്ള പ്രതിരോധ വസ്തുക്കൾ നിർമിക്കുന്നതെന്ന വിസ്മയകരമായ മറ്റൊരു കഥയാണ് ഇത് അനാവരണം ചെയ്യുന്നത്. ഈ രോഗാണു പ്രതി രോധ വസ്തുക്കൾ ചില സസ്യങ്ങ ളുടെ കറകളിൽ നിന്നാണ് ശേഖരി ക്കുന്നത്. അവ ഇപ്പോൾ പ്രൊപോ ലിസ് (Propolis) എന്ന പേരിൽ അറി യപ്പെടുന്നു. ഈ വസ്തുവിന് എല്ലാ വിധ ബാക്ടീരിയകളേയും വൈറ സുകളേയും നശിപ്പിക്കാനുള്ള അത്ഭുതകരമായ കഴിവുണ്ട്. തേനീ ച്ചകൾ അവയുടെ കൂടിന്റെ നിർമാണ വേളയിൽ അതിന്റെ ബാഹ്യാവരണത്തിൽ മുഴുവൻ ഈ കറ പുരട്ടുന്നു. ഓരോ തേനീച്ചയും കൂടിലേക്ക് മടങ്ങിയെത്തുമ്പോൾ ആദ്യമായി കൂടിന്റെ ബാഹ്യാവരണ ത്തിൽ വന്നു നിൽക്കുന്നു. അങ്ങനെ വന്നു നിൽക്കുമ്പോൾ തേനീച്ചയുടെ കൊച്ചു പാദങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന രോഗാണുക്കൾ കൂടിലേക്ക് പ്രവേശിക്കുന്നതിന് മുമ്പേ തന്നെ പ്രോപോലിസ് അവയെ നശിപ്പിച്ചിരിക്കും.

നാം തേനീച്ചയെക്കുറിച്ച് അൽപം വിശദമായ രീതിയിൽ ഇവിടെ ചർച്ച ചെയ്തു. ഏറ്റവും കൗതുകമുണർത്തുന്ന ജീവികളെ ക്കുറിച്ചും നാം ഇതിനു മുമ്പേ പ്രതി പാദിച്ചുവെങ്കിലും നാം അതിനെ കുറിച്ചൊന്നും വിശദമായ വിവരണ ത്തിലേക്ക് പ്രവേശിച്ചിട്ടില്ല. നാം തേനീച്ചയെക്കുറിച്ച് വിശദമായി പ്രതിപാദിക്കാൻ കാരണം വിശുദ്ധ ഖുർആൻ അതിനെക്കുറിച്ച് ആ രീതിയിൽ പറഞ്ഞത് കൊണ്ടാണ്. പ്രകൃതി വാദികളായ ശാസ്ത്ര ജ്ഞൻമാർ ജീവനെക്കുറിച്ചു യർത്തുന്ന പ്രഹേളികക്ക് തേനീച്ച യുടെ വിവരണം പരിഹാരമാകുന്ന താണ്. തേനീച്ചയെ നാം ആഴ ത്തിലും പരപ്പിലുമുള്ള ചിന്തക്ക് മുമ്പിൽ സമർപ്പിക്കാൻ തിരഞ്ഞെടു ത്തത് അതിനെ ഒരു മാതൃകയായി മുന്നോട്ടു വെച്ച അതിന്റെ സ്രഷ്ടാ വിനെ തിരിച്ചറിയാൻ വേണ്ടിയാണ്. തീർച്ചയായും തേനീച്ചയെക്കുറിച്ചും അതിന്റെ സങ്കീർണമായ ലോക ത്തെക്കുറിച്ചുമുള്ള വിഷയത്തിൽ നമ്മെക്കാൾ വൈദഗ്ധ്യം നേടിയവ രാണ് പ്രകൃതി വാദികളായ ശാസ്ത്ര ജ്ഞൻമാർ. ഇതിൽ ബുദ്ധിപരമായ സത്യസന്ധത കാണിക്കേണ്ടതുണ്ട്. അവർ തേനീച്ചയും അതുമായി ബന്ധപ്പെട്ട മറ്റു വിസ്മയകരമായ കാര്യങ്ങളും ആകസ്മികമായി ഉണ്ടായതാണെന്ന് പറഞ്ഞ് വളരെ

ലാഘവത്തോടെ നിരാകരിക്കുകയാണ്.

പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ അവരുടെ ആയുധങ്ങൾ താഴെ വെക്കുകയും ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണമെന്ന കാര്യം അവർ അംഗീകരിക്കുകയും ചെയ്യട്ടെ. ആ സ്രഷ്ടാവ് വിശുദ്ധ ഖുർആനിലൂടെ സംസാരിക്കുകയും ജീവനെ സംബന്ധിച്ച പ്രഹേളിക കാലാകാലത്തേക്കുമായി പരിഹരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. തേനീച്ചയെ സംബന്ധിച്ച ഖുർആൻ വചനങ്ങൾ ഇപ്രകാരമാണ്.

> നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യൻ കെട്ടിയുണ്ടാക്കുന്ന പന്തലിൽ നിന്നും ചിലയിടങ്ങളിൽ നീ കൂടുകളുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. അവയുടെ വയറുകളിൽ നിന്ന് വിവിധ വർണങ്ങളോടു കൂടിയ ഒരു പാനീയം പുറത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്.

ലോകത്തിലാകമാനം നിറഞ്ഞു നിൽക്കുന്ന ചെറു പ്രാണികളിൽ ദൈവം തേനീച്ചയെ മാത്രം തിരഞ്ഞെടുത്തതുകൊണ്ട് സാധാരണ ജീവി വർഗത്തിൽപ്പെട്ട പ്രാണികളോടു അവൻ വിനിമയ ബന്ധം മുഖേന ബന്ധപ്പെടും എന്ന് തേനീച്ചയെ സംബന്ധിച്ച ഈ ഉദാഹരണത്തിലൂടെ തെളിയിച്ചിരിക്കുകയാണ്. അതേ ഇനത്തിൽപ്പെട്ട മറ്റു പ്രാണിവർഗങ്ങളുമായി താരതമ്യമില്ലാത്ത വിധം തേനീച്ച എത്രമാത്രം ഉയർന്നു നിൽക്കുന്നു എന്ന് മനസ്സിലാവുന്നു. എല്ലാറ്റിനും ശേഷം തേനീച്ച വെറുമൊരു കൊച്ചു പ്രാണി മാത്രമാണ്. എന്നാൽ, എന്ത് മാത്രം അത്ഭുതരമായ പ്രാണിയാണിത്! തേനീച്ചയുടെ സൃഷ്ടിപ്പിന്റെ പ്രഥമഘട്ടത്തിൽ തന്നെ അതിനുള്ള സന്ദേശം നൽകപ്പെട്ടിട്ടുണ്ട്. അതാണ് ഇപ്രകാരം തേനീച്ചയെ പ്രവർത്തിപ്പിക്കുന്നത്. തേനീച്ച അതിന്റെ പ്രവർത്തനങ്ങൾ മനസ്സിന്റെ ബോധപൂർവമുള്ള നിയന്ത്രണത്തോടുകൂടിയല്ല നിർവഹിക്കുന്നത്. സ്വന്തമായി മനസ്സില്ലാത്ത ജീനുകളാണ് തേനീച്ചക്ക് എന്താണ് ചെയ്യേണ്ടതെന്ന് പഠിപ്പിക്കുന്നത്. പക്ഷേ, ജീനുകളെ സൃഷ്ടിച്ചവനാരോ അവന് ബോധമനസ്സുണ്ട്. ജീനുകൾ ഒരു സേവകനെ പോലെ അവന്റെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നു. അവൻ അക്കാര്യം ലോകത്തിന് കാണിച്ചു കൊടുക്കാനായി നിസ്സാരമായ ഒരു പ്രാണിയെ പ്രത്യേകമായി തിരഞ്ഞെടുത്തപ്പോൾ പ്രാണികളുടെ ലോകത്ത് അതിന് പരമോന്നതമായ ഒരു സ്ഥാനം ലഭിക്കുകയുണ്ടായി. അത് രോഗം പരത്തുന്ന മറ്റു ഷഡ്പദങ്ങളെപോലെയാകുന്നതിന് പകരം രോഗശമനത്തിന്റേയും ആശ്വാസത്തിന്റേയും സ്രോതസ്സായി മാറി. അവ രണ്ടും തമ്മിൽ പ്രവർത്തനത്തിൽ ധ്രുവങ്ങളുടെ അന്തരമാണുള്ളത്.

തേനിന്റെ രോഗശമന ഗുണത്തെ സംബന്ധിച്ച് പറയുമ്പോൾ അതിനെപറ്റിയുള്ള ഗവേഷണങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഗവേഷകൻമാർ തേനിനെ പറ്റി അത്ഭുതകരമായ ചില കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇനി എത്രയോ കാര്യങ്ങൾ വെളിപ്പെടുത്താനുണ്ടെന്നും പ്രതീക്ഷിക്കുന്നു. വൈദ്യശാസ്ത്രം അത് സംബന്ധിച്ച് തിരിച്ചറിഞ്ഞ സംഗതികളെല്ലാം താഴെ പറയുന്ന വചനങ്ങളിൽ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു.

> ഇപ്പോൾ തേൻചികിത്സ ഗാസ്ട്രോഇന്റസ്റ്റിനൽ (Gastrointestinal), രക്തചംക്രമണ സംബന്ധമായ രോഗങ്ങൾ (Cardio-vascular), ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ (Pulmonary) വൃക്ക സംബന്ധമായ രോഗങ്ങൾ (Renal) ത്വക്ക്, നാഡി, സ്വനപേടകം ചെവി, തൊണ്ട, മൂക്ക്, സ്ത്രീകളുടെ ലൈംഗികാവയവം, ഗർഭാശയം മുതലായവയെ ബാധിക്കുന്ന രോഗങ്ങൾ എന്നിവക്ക് ചികിത്സിക്കാൻ ഉപയോഗിക്കുന്നു.

തേനിന്റെ അത്ഭുതകരമായ ഒരു ശമന ഗുണത്തെ ബ്രിട്ടീഷ് ശാസ്ത്രജ്ഞൻമാർ കണ്ടെത്തിയിട്ടുണ്ട്. മാറാവ്യാധിയെന്നു കരുതപ്പെട്ട ചില കണ്ണു ചീയൽ രോഗത്തിൽ നിന്ന് രോഗം ഭേദമാക്കുവാൻ തേനിനുള്ള കഴിവാണ് അവർ കണ്ടെത്തിയത്. തേൻ ഉപയോഗിച്ചു കൊണ്ട് പല രോഗികളും പൂർണമായ അന്ധതയിൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ട്.

ചെങ്കണ്ണും അൾസറുമുള്ള രോഗികൾക്ക് തേൻ ചികിത്സ കൊണ്ട് കടച്ചിൽ, കണ്ണിൽ മൺതരി പോയത് പോലെയുള്ള അനുഭവം മുതലയാവയെല്ലാം അപ്രത്യക്ഷമായി ..കണ്ണിന്റെ ചെമപ്പ് കുറയുകയോ അപ്രത്യക്ഷമാവുകയോ ചെയ്തു. കണ്ണിന്റെ പോളയുടെ കോണുകൾക്കുള്ളിലെ വ്രണങ്ങൾ തേൻ കൊണ്ടുള്ള ചികിത്സയുടെ കാലയളവിൽ കുറയുകയുണ്ടായി. കൃഷ്ണമണിയെ ബാധിക്കുന്ന രോഗം ഭേദപ്പെടുകയും പ്രകാശം കാണുമ്പോഴുണ്ടാകുന്ന അസ്വസ്ഥത മാറിക്കിട്ടുകയും കാഴ്ച മെച്ചപ്പെടുകയും ചെയ്തു.

ഇതിൽ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർക്ക് ചിന്തിക്കാനുള്ള സന്ദേശമില്ലേ? എങ്ങനെ നാം അത്ഭുതപ്പെടാതിരിക്കും, ആശക്ക് വകയില്ലെങ്കിലും ആശ കൈവെടിയുന്നില്ല!(തുടരും. വിവ: എ.എം)

# നല്ല ആഹാരം: വിശുദ്ധ ഖുർആന്റെ മാർഗ ദർശനം

നല്ലതു തിന്നുക, കുടിക്കുക എന്നതിന്റെ പ്രാധാന്യം ശാരീരികമെന്ന പോലെ ആത്മീയമായും ബന്ധപ്പെട്ടതാണ്. ആരോഗ്യകരമായ ജീവിതം നിലനിർത്താൻ എന്താണ് ഭക്ഷിക്കേണ്ടത് എന്ത് ഭക്ഷിച്ചു കൂടാ എന്നീ കാര്യത്തിൽ വിശുദ്ധ ഖുർആൻ മാർഗദർശനം നൽകുന്നുണ്ട്. വിവ: കെ.വി ഹസ്സൻ കോയ, കോഴിക്കോട്

ഡോ. ലത്തീഫ് ഖുറേശി, യു കെ.

### ആഹാരത്തിലെ ഘടകങ്ങൾ

ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്താൻ നല്ലതും സന്തുലിത വുമായ ആഹാരം സുപ്രധാനമാണ്. ആഹാരത്തിൽ പ്രാഥമികമായുണ്ടാ കേണ്ട ഘടകം ദ്രാവകമാണ്. മുഖ്യമായും ജലം. ശരീരത്തിന്റെ മർമ പ്രധാനമായ പ്രവർത്തനങ്ങൾക്ക് ഇത് ആവശ്യമാണ്. രണ്ടാമത്തെ പരിഗണന ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ഊർജമാണ്. ഇവയാകട്ടെ പ്രായം, ലിംഗഭേദം ഒരു വ്യക്തിയുടെ ശാരീരിക പ്രവർത്തനങ്ങളുടെ അളവ് എന്നിവയെ ആശ്രയിച്ചിരിക്കും. ദിവസന്തോറും വ്യത്യസ്തമായേക്കും. ശരീരത്തിൽ നടക്കുന്ന ജീവിതാധാരമായ പ്രക്രിയകൾക്കാവശ്യമായ ഊർജം ലഭ്യമാക്കുന്നത് പ്രധാനമായും ഗ്ലൂക്കോസ് ആണ്. വിവിധ തരം ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കാണപ്പെടുന്ന സ്റ്റാർച്ച് അഥവാ സങ്കീർണമായ കാർബോ ഹൈഡ്രേറ്റ് തന്മാത്രകളുടെ വിഘടനം മൂലമാണ് പ്രധാനമായും ഗ്ലൂക്കോസ് ലഭ്യമാകുന്നത്. ഗ്ലൂക്കോസ് ഓക്സിജനോടൊപ്പം രക്തത്തിൽ കൂടി ശരീരത്തിന്റെ എല്ലാ കോശവ്യൂഹങ്ങളിലേക്കും നിരന്തരം പരിക്രമണം നടത്തുകയും ദിവസം മുഴുവനും ആവശ്യമായ ഊർജം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശരീരോർജത്തിന്റെ ആവശ്യത്തിൽ കവിഞ്ഞ് ഭക്ഷണവും കൊഴുപ്പുരൂപത്തിൽ ശരീരത്തിൽ സൂക്ഷിക്കപ്പെടുന്നു. ശരീരത്തിൽ രാസ പ്രവർത്തനങ്ങൾ നടക്കുമ്പോൾ തൂക്കത്തിന്റെ അടിസ്ഥാനത്തിൽ കാർബോ ഹൈഡ്രേറ്റുകളേയും ഊർജം പ്രദാനം ചെയ്യുന്ന വസ്തുക്കളേയും അപേക്ഷിച്ച് കൊഴുപ്പ് നൽകുന്നത് ഇരട്ടി കലോറിയാണ്. അതിനാൽ കുറഞ്ഞതോതിൽ മാത്രമേ ഇത് ശരീരത്തിൽ സംഭരിക്കപ്പെടേണ്ടതുള്ളു. വളർച്ചാപ്രക്രിയക്കും തേയ്മാനം തീർക്കാനും പകരം വെക്കാനും പ്രോട്ടീൻ ആവശ്യമാണ്. പ്രോട്ടീൻ നിർമിക്കാൻ മനുഷ്യശരീരം പ്രാപ്തമാണെങ്കിലും അതിനാവശ്യമായ അമിനോ ആസിഡുകൾ വേണം. ചിലവ ശരീരത്തിനകത്ത് തന്നെ നിർമിക്കപ്പെടുന്നു. ചിലവ മാംസത്തിൽ നിന്നും പച്ചക്കറികളിൽ നിന്നും ലഭിക്കുന്നു. പ്രത്യേകിച്ച് പയർ വർഗങ്ങളിൽ നിന്നും ലഭിക്കുന്നു. പച്ചക്കറികളിൽ നിന്ന് ലഭിക്കുന്ന പ്രോട്ടീൻ മാത്രം ശരീര വളർച്ചക്ക് മതിയാവുന്നില്ല. ചില തരം അമിനോ ആസിഡുകൾ പച്ചക്കറികളിൽ നിന്ന് ലഭിക്കുന്നില്ല. അവ മൃഗ പ്രോട്ടീനുകളിൽ നിന്നാണ് ലഭിക്കുന്നത്.

നല്ല ആഹാരം ശരീരത്തിനാവശ്യമായ ലവണങ്ങളും ഇലക്ട്രോലൈറ്റുകളും പ്രദാനം ചെയ്യുന്നു. എല്ലുകൾക്ക് ശക്തി നൽകുന്ന ഒരു ലവണമാണ് കാൽസിയം. അത് പാലിൽ നിന്നു ലഭിക്കുന്നു. തുടക്കം മുതൽക്കേ ഇത് ശരീരത്തിന് ആവശ്യവുമാണ്. ശരീരത്തിൽ പ്രധാന പ്രവർത്തനം നടത്തുന്ന ഒരു ലവണമാണ് ഇരുമ്പ്. ശരീരത്തിൽ ഇരുമ്പിന്റെ സംഭരണി തന്നെയുണ്ട്. ആഹാരത്തിൽ കൂടി ഇരുമ്പ് സംഭരണി നിറക്കേണ്ടതുണ്ട്. ശരീരത്തിൽ വളരെ പ്രധാന കൃത്യങ്ങൾ നിർവഹിക്കുന്ന സിങ്ക്, മഗ്നീഷ്യം, കോബാൾട്ട് എന്നീ ലവണങ്ങളാണ്. മാംസവും പുത്തൻ പഴങ്ങളും പച്ചക്കറികളും

ഇവയെ ശരീരത്തിന് പ്രദാനം ചെയ്യുന്നു. ശരീര ടിഷ്യൂ കോശങ്ങൾക്കിടയിലും പുറത്തും അനിവാര്യമായ ധർമങ്ങൾ നിർവ ഹിക്കുന്ന ഇലക്ട്രോലൈറ്റുകളാണ് സോഡിയവും പൊട്ടാസ്യവും. അവയുടെ കേന്ദ്രീകരണം ഒരു പ്രത്യേക പരിധിക്കുള്ളിൽ സ്ഥിരമായി നിലകൊള്ളുന്നു. വളരെ നല്ല സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സങ്കീർണമായ ഒരു വ്യവസ്ഥയുണ്ട്. വൃക്കകളും ഉദരവും മറ്റു നിരവധി അവയവങ്ങളും ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കുന്നു. കറിയുപ്പും പഴങ്ങളും പച്ചക്കറികളുമാണ് ഈ ഇലക്ട്രോലൈറ്റുകൾ ശരീരത്തിന് നൽകുന്നത്.

ജീവകങ്ങൾ (vitamin) രണ്ടു വിധമുണ്ട്. ദീർഘകാല ഉപയോഗത്തിന് ശരീരത്തിൽ സംഭരിച്ചു വെക്കപ്പെടുന്ന ജീവകമാണ് ഒന്ന്. അവയെ കൊഴുപ്പിൽ ലയിപ്പിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഇവ പ്രധാനമായും ജീവകങ്ങൾ എ, ഡി, കെ എന്നിവയാണ്. പാൽ, മത്സ്യം, എണ്ണ എന്നിവയിൽ നിന്നാണ് ഇവ ലഭിക്കുന്നത്. ശരീരത്തിൽ പരിമിതമായി സംഭരിച്ചു വെക്കപ്പെടുന്നതിനാൽ പതിവായി നൽകപ്പെടേണ്ട മറ്റു ജീവകങ്ങളുമുണ്ട്. ഇവയെ ജലത്തിൽ ലയിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഏകദേശം പന്ത്രണ്ടോളം വരുന്ന ബി കോംപ്ലക്സ് ജീവകങ്ങളും ജീവകം ബിയുമാണവ. പുത്തൻ പച്ചക്കറികളും പഴങ്ങളുമാണ് ഈ ജീവകങ്ങൾ നൽകുന്നത്.

ഔഷധ ഫലങ്ങൾ ഉള്ള ചില വസ്തുക്കളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചായ, കാപ്പി, ആൾക്കഹോൾ ഇല്ലാത്ത കോള പാനീയങ്ങൾ, ആൾക്ക ഹോളിക പാനീയങ്ങൾ, സിഗരറ്റ്, ചുരുട്ട് പുകയിലയുടെ മറ്റു ഉൽപന്നങ്ങൾ എന്നിവ നിരവധി രാജ്യങ്ങളിൽ ആഹാരത്തിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുന്നു. ഇവ തലച്ചോറിന് മേൽ പ്രകടമായ ഫലങ്ങളുളവാക്കുന്നു. കഫീനും ചായയുടെ ഒരു ഘടകവും കാപ്പിയും കോള പാനീയങ്ങളും മനുഷ്യന്റെ തലച്ചോറിനെ ഉദ്ദീപിപ്പി ക്കുന്നു. അവ തലച്ചോറിലുണ്ടാക്കു ന്ന ഉത്തേജക ഗുണങ്ങളുടെ ഫലമായി ഒരു ഉണർവും ഉന്മേഷ വും ഉണ്ടാകുന്നു. ഇതൊരു ശീല മാവുകയും ചിലർ അവക്കടിമപ്പെടു കയും ചെയ്യുന്നു. ആൾക്കഹോളി ക്ക് പാനീയങ്ങളുടെ ഒരു ഘടകമായ ഈതൈൽ ആൾക്ക ഹോൾ മനുഷ്യ മസ്തിഷ്ക്കത്തിന് നിന്മാവസ്ഥയുണ്ടാക്കുന്നു. തുടക്ക ത്തിൽ സുഖത്തിന്റേയും വിശ്രമ ത്തിന്റേയും പ്രതീതിയുണ്ടാക്കുന്നു. തുടർന്ന് അത് തലച്ചോറിന്റെ പ്രവർത്തനങ്ങൾ ക്രമരഹിതമാക്കു ന്നു. പിന്നീട് അബോധാവസ്ഥയി ലേക്കും മരണത്തിലേക്ക് പോലും നയിക്കുന്നു. ഇതൈയിൽ ആൾക്ക ഹോൾ ശീലമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമായ വസ്തു വാണ്. അതിന്റെ വിഷമയമായ ദൂഷ്യഫലങ്ങൾ കരൾ, ഹൃദയം, തലച്ചോർ എന്നിവയെ ബാധിക്കു ന്നു.

പുകയിലയിൽ അടങ്ങിയിരി ക്കുന്ന നിക്കോട്ടിൻ നാഡീവ്യവ സ്ഥയിൽ സങ്കീർണമായ ഫലങ്ങ ളുണ്ടാക്കുന്നു. അത് ശല്യമുണ്ടാ ക്കുന്നതും അടിമപ്പെടുത്തുന്നതുമാ ണ്. അർബുദം, ഹൃദ്രോഗം മുതലായ വക്ക് കാരണമായ വിഷവസ്തു ക്കളടങ്ങിയ രാസവസ്തുക്കളിൽ നിക്കോട്ടിൻ അടങ്ങിയിരിക്കുന്നു വെന്ന് കണ്ടെത്തിയിട്ടുണ്ട്.

നാം കഴിക്കുന്ന ഭക്ഷണം മുഴുവൻ ദഹിക്കുന്നില്ല. എന്നാൽ ഉദരത്തിൽ അത് മറ്റു ചില പ്രധാന ധർമങ്ങൾ നിർവഹിക്കുന്നു. നാരുകളും സെല്ലുകളും അത്തര ത്തിലുള്ളതാണ്. അവ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയി ൽ കണ്ടുവരുന്നു. അവ ഭക്ഷണത്തി ന്റെ അളവ് കൂട്ടുകയും ഉദരത്തിൽ നിന്നും പല വസ്തുക്കളും പ്രത്യേകിച്ച് പഞ്ചസാര ആഗിരണം ചെയ്യുന്നതിനെ ദൃഢമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പലപ്പോഴും നാം ഭക്ഷണത്തിൽ ചേർക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ അതിനെ സ്വാദിഷ്ടമാക്കുന്നു. സവാള, വെള്ളുള്ളി, ഇഞ്ചി, പൊതി ന ചപ്പ്, ഗ്രാമ്പൂ, മല്ലി, ഏലക്കാ തുടങ്ങിയ സാധനങ്ങൾ കൂടുതൽ നല്ല മണം ഉണ്ടാകാൻ വേണ്ടിയാണ് നാം ചേർക്കുന്നത്. മത്സ്യം, സമു ദ്രോൽപന്നങ്ങൾ മുതലായവയുടെ രൂക്ഷമായ ഗന്ധം മറച്ചു വെക്കാനാ ണ് നാമിത് ഉപയോഗിക്കുന്നത്. ചില വസ്തുക്കൾ നാം ചേർക്കുന്നത് നിറം നൽകപ്പെടുവാനാണ്. മഞ്ഞൾ, കുങ്കുമപ്പൂ, ചുകന്ന മുളക് എന്നിവ ഈ വിഭാഗത്തിൽ പെടുന്ന പ്രകൃതി വസ്തുക്കളാണ്. ഇപ്പോൾ സിന്തറ്റിക്ക് വസ്തുക്കളും ഉപയോഗ ത്തിലുണ്ട്. തേൻ, പഞ്ചസാര, ലാക്റ്റോസ് മുതലായവ മധുര ത്തിന് വേണ്ടി നാം ഉപയോഗിക്കു ന്നു. ഭക്ഷണ സാധനങ്ങൾ സൂക്ഷി ച്ചു വെക്കാനും ഇത് ഉപയോഗിക്കു ന്നു. എന്നാൽ ഭക്ഷ്യ വ്യവസായ ത്തിൽ ഇപ്പോൾ മധുരത്തിന് വേണ്ടിയും ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കുന്നതിനും പൊതുവിൽ നിരവധി രാസവസ്തു ക്കൾ ഉപയോഗിക്കുന്നു.

## സന്തുലിതാഹാരം

ദോഷ ഫലങ്ങളുളവാക്കാതെ എല്ലാം അടങ്ങിയ ആഹാരത്തിനാ ണ് സന്തുലിതാഹാരം എന്ന് പറയുന്നത്. ദിനേന ആവശ്യമുള്ള ദ്രാവകങ്ങൾ, ഊർജം, വിറ്റാമിനു കൾ, ലവണങ്ങൾ തുടങ്ങിവയി ലെല്ലാം സന്തുലിതാഹാരത്തിൽ അടങ്ങിയിരിക്കണം. ഓരോ മനുഷ്യനും അയാളുടെ പ്രായം, ലിംഗഭേദം, ഉയരം, പ്രവർത്തനങ്ങൾ എന്നിവക്കനുസരിച്ചുള്ള ആവശ്യ ങ്ങൾ ഉണ്ട്. ഒരു നവജാത ശിശുവിന്റെ സന്തുലിതാഹാരം പ്രായ പൂർത്തിയായ ഒരാളിൽ

നിന്നും വ്യത്യസ്തമായിരിക്കും. ഒരു മുഴു സമയ തോട്ടക്കാരന്റെ ആവശ്യങ്ങളും ഒരു ഓഫീസ് ജോലിക്കാരന്റെ ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. ഗർഭിണിയുടെ ആവശ്യങ്ങൾ ഗർഭിണിയല്ലാത്ത സ്ത്രീയുടെതിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഒരു നവജാത ശിശുവിന്റെ ഏറ്റവും അനുയോജ്യവും സന്തുലിതവുമായ ആഹാരം മുലപ്പാലാണ്. ജലം, കലോറി, പ്രോട്ടീനുകൾ അമ്മയിൽ നിന്നും ശിശുവിലേക്ക് മാറുന്നതിന്റെ ഫലമായി ഉണ്ടാവുന്ന നിരവധി രോഗങ്ങളിൽ നിന്ന് ശിശുവിനെ മുലപ്പാൽ സംരക്ഷിക്കുന്നു. അതിനാൽ ശിശുവിനെ സംബന്ധിച്ചിടത്തോളം ഇതാണ് ഏറ്റവും സന്തുലിതമായ ആഹാരം.

ഗർഭിണിയായ ഒരു സ്ത്രീയുടെ സന്തുലിതാഹാരം എന്ന് പറയുമ്പോൾ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിന്റെ ആവശ്യങ്ങളും കൂടി പരിഗണിക്കണം. എന്നാൽ അടിസ്ഥാന തത്ത്വം മേൽ വിവരിച്ചത് തന്നെയാണ്. ശാരീരികമായ വർധിച്ച പ്രവർത്തനം വർധിച്ച രീതിയിലുള്ള ഗ്ലൂക്കോസ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന് ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം ഗുണകരമായ ഫലങ്ങളുണ്ട്. പ്രവർത്തനങ്ങൾ വർധിക്കുമ്പോൾ കൂടുതൽ ഊർജം ആവശ്യമായി വരുന്നു.

കുട്ടികൾക്കും മുതിർന്നവർക്കും ആണിനും പെണ്ണിനും വൃദ്ധർക്കുമുള്ള സമീകൃതാഹാരത്തിൽ മായം ചേർക്കാത്ത ശുദ്ധമായ കുടിവെള്ളം ഉണ്ടായിരിക്കണം.

ഒരു വ്യക്തിയുടെ സാഹചര്യമനുസരിച്ച് മതിയായ കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീനുകൾ എന്നിവ മുഖേന കലോറി ആവശ്യങ്ങൾ നിറവേറ്റപ്പെടണം പുത്തൻ പഴങ്ങളും പച്ചക്കറികളും പതിവായി ഭക്ഷിക്കണം. പാലിൽ ധാരാളം കാൽസിയവും പ്രോട്ടീനുമുള്ള തിനാൽ കുട്ടികൾക്കും മുതിർന്നവർക്കും അത് വളരെ ഉപകാര പ്രദമാണ്. സമുദ്രോൽ പന്നങ്ങളും മത്സ്യവും ധാരാളം പ്രോട്ടീനുകളുടെയും ജീവകങ്ങളുടെയും എണ്ണകളുടേയും സ്രോതസ്സാണ്. നല്ല ആരോഗ്യം നിലനിർത്താൻ ഇവ ആവശ്യമാണ്. ഇത്തരം വസ്തുക്കൾ നന്നെ കുറഞ്ഞാലും വളരെ കൂടുതലായാലും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ദോഷഫലങ്ങളുണ്ടാക്കുന്ന വസ്തുക്കൾ ആഹാരത്തിന്റെ ഭാഗമാക്കരുത് . അതേ പ്രകാരം സുഗന്ധദ്രവ്യങ്ങൾ, നിറം കൊടുക്കുന്ന വസ്തുക്കൾ, ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുപയോഗിക്കുന്ന വസ്തുക്കൾ (പ്രിസർവേറ്റേഴ്സ്) എന്നിവ വർജിക്കുന്നതാണ് നല്ലത്. ഔഷധപരമായ ആവശ്യത്തിനല്ലെങ്കിൽ ആഹാരത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ മാർഗ ദർശനമെന്താണ്?

## കഴിക്കാവുന്ന ആഹാരം

ആഹാരത്തെ സംബന്ധിക്കുന്ന നിരവധി മാർഗ ദർശനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. എന്താണ് ഭക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള പ്രതിപാദനമാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇത് വിശുദ്ധ ഖുർആനിലെ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന സൂക്തം ഇത് വ്യക്തമായി വിവരിക്കുന്നു.

***'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവീൻ'. (2:169)***

അറബി ഭാഷയിൽ ഉപയോഗിച്ച പദം തയ്യിബ് എന്നാണ്. അതായത് പരിശുദ്ധമായത്, നല്ലത് എന്നൊക്കെയാണ് അതിന്റെ അർഥം. ആരോഗ്യകരം, വൃത്തിയുള്ളത്, ശുദ്ധമായത് എന്നൊക്കെ തർജമ നൽകാവുന്നതാണ്. ഇത് ആധുനിക ആരോഗ്യ ശാസ്ത്രത്തിലുള്ള വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. രോഗബീജങ്ങൾ സംക്രമിച്ച് ദ്രാവകങ്ങൾ കഴിച്ചാലുണ്ടാകാവുന്ന ഗുരുതരമായ രോഗങ്ങൾ (കോളറ, ഡിസൻട്രി, ടൈഫോയ്ഡ്, ഹൈപ്പറ്റൈറ്റിസ് എന്നിവ) ബാധിക്കുന്നു. വെള്ളത്തിലടങ്ങിയ രോഗാണുക്കൾ നശിപ്പിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. പാലിലെ രോഗാണുക്കളെ നശിപ്പിക്കാൻ അത് പാസ്ചറൈസ് ചെയ്യുന്നു. പഴുക്കാത്തതും കേടുവന്നതുമായ പഴങ്ങളും പച്ചക്കറികളും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രോഗാണു ബാധിച്ച മാംസവും ക്രീമും ഭക്ഷണത്തെ വിഷമയമാക്കുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ ദർശനത്തിൽ ഈ സാദ്ധ്യതകളെയെല്ലാം പരിഗണിക്കുന്നു.

***'തങ്ങൾക്ക് ഭക്ഷിക്കുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ളതെന്താണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.'(5:5)***

തയ്യിബത്ത് എന്ന് അറബി പദമാണ് വീണ്ടും ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

ശരീരത്തിന് ഏറ്റവും ആവശ്യമായ വെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റി താഴെ പറയുന്നു:

***' ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്നും ഉണ്ടാക്കുകയും ചെയ്തു.'(21: 31)***

താഴെ പറയുന്ന സൂക്തങ്ങൾ പാലിനെ പരിശുദ്ധമായ ആഹാരമായി വിവരിച്ചിരിക്കുന്നു.

***'തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിൽ ഉള്ളതിൽ നിന്ന് ശുദ്ധവും കുടിക്കുന്നവർക്ക് രുചികരമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു.' (16:67)***

കന്നുകാലികൾ ഭക്ഷിക്കുന്ന പുല്ലും മറ്റു സസ്യങ്ങളും എങ്ങനെയാണ് സ്വാദിഷ്ടവും പോഷകങ്ങളടങ്ങിയതുമായ പാലാക്കി മാറ്റുന്നതെന്ന് ഈ സൂക്തത്തിൽ വളരെ

മനോഹരമായി വിവരിച്ചിരിക്കുന്നു. പാലിൽ പ്രോട്ടീനും പഞ്ചസാരയും കൊഴുപ്പും കാൽസിയവും അടങ്ങിയിരിക്കുന്നു.

ശിശുക്കൾക്കും കൗമാരക്കാർക്കും യുവാക്കൾക്കും പാൽ നൽകേണ്ടതിന്റെ പ്രാധാന്യം താഴെ സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു.

***'മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നൽകിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ധരിക്കുകയും പ്രയാസപ്പെട്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിർത്തുന്നതിനും (ചുരുങ്ങിയത്) മുപ്പത് മാസക്കാലമെടുക്കുന്നു.' (46: 16)***

മുലപ്പാൽ രോഗ വിമുക്തമാണ്. ഉപയോഗിക്കുന്നതിന് മുമ്പേ അത് പാസ്ച്ചറൈസ് ചെയ്യുകയോ തിളപ്പിക്കുകയോ ചെയ്യേണ്ടതില്ല. നവജാത ശിശുവിന്റെ ഉത്തമാഹാരമാണ് മുലപ്പാൽ. രോഗങ്ങളെ പ്രതിരോധിക്കാനുള്ള സംരക്ഷണ വസ്തുക്കൾ പാലിലൂടെ മാതാവിൽ നിന്ന് ശിശുവിലേക്ക് മാറ്റപ്പെടുന്നു. പാലൂട്ടുന്നതിന്, കൃത്രിമമായി പാലുട്ടുന്ന രീതിക്ക് പ്രോത്സാഹനങ്ങളുള്ള കാലമുണ്ടായിരുന്നു. എന്നാൽ പിന്നീട് മുലപ്പാലിന്റെ പ്രാധാന്യം ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. മാതാക്കൾ കുഞ്ഞുങ്ങളെ മുലയുട്ടേണ്ട കാലത്തെപറ്റിയും അതിന്റെ പ്രയോജനത്തെ പറ്റിയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. എന്നാൽ വ്യക്തികളുടെ സാഹചര്യത്തെ ആശ്രയിച്ച് അതിൽ ഇളവുകൾ വെച്ചിരിക്കുന്നു:

***'മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണമായും രണ്ട് വർഷം മുല കൊടുക്കേണ്ടതാണ്. (നിശ്ചിത കാലംവരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ (ഈ വിധി)'*** (2:234) ***(തുടരും)***

(The Review of religions nov 2006. വിവ: കെ.വി ഹസ്സൻ കോയ)

**പേജ് 23 ൽ നിന്ന് തുടർച്ച**

പിരിച്ചെടുത്ത 105490 ക, ശാംബി ഹാരിലാൽ എന്നൊരാൾ പിടുങ്ങിക്കളഞ്ഞ സംഭവമാണത്. അപമാന ഭാരവും ദുഃഖവും നിമിത്തം മുന്നു ദിവസം വരെ അദ്ദേഹം ആഹാരമൊന്നും കഴിച്ചിട്ടില്ലെന്ന് മാത്രമല്ല പലതവണ പ്രജ്ഞയറ്റ് വീഴുകയും ചെയ്തിരുന്നു. തദവസരത്തിൽ താൻ അലിഗഡിലില്ലായിരുവെങ്കിൽ പിതാവ് ശോക പാരവശ്യം കാരണം മരണ മടഞ്ഞേനെ എന്ന് പുത്രൻ സയ്യിദ് മഹ്മൂദ് പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

സർസയ്യിദിന്റെ ചരമം അടുത്തെത്തിയിട്ടുണ്ടെന്ന് ദൈവത്തിൽ നിന്ന് അറിവ് കിട്ടിയതി നെ തുടർന്ന് ഹ: അഹ്മദ് (അ) 1897 മാർച്ച് 12-ാം തീയതി ഒരു വിജ്ഞാപനം മുഖേന അദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിന് ക്ഷണിക്കുകയുണ്ടായി. അതിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു: 'പ്രാർഥന ഫലിക്കില്ലെന്ന ധാരണ സർ സയ്യിദ് സാഹിബിന് പറ്റിയ ഒരു പിഴവാണ് കഷ്ടം! നാൽപ്പത് ദിവസമെങ്കിലും അദ്ദേഹം എന്റെ കൂടെ താമസിച്ചുവെങ്കിൽ നവവും വിശുദ്ധവുമായ വിവരങ്ങൾ അദ്ദേഹം നേടിയിരിക്കുമായിരുന്നു. ഇനി നാം തമ്മിൽ മറുലോകത്ത് വെച്ചായിരിക്കും കണ്ടുമുട്ടുക. നേരിട്ട് കൂടി കാഴ്ച്ച ലഭിച്ചില്ലെന്നതും കഷ്ടം തന്നെ. സയ്യിദ് സാഹിബ് ഈ വിജ്ഞാപനം ശ്രദ്ധാപൂർവം പാരായണം ചെയ്യട്ടെ. എന്തെന്നാൽ ഇനി കൂടിക്കാഴ്ച്ചക്ക് പകരമായി ഈ വിജ്ഞാപനം മാത്രമാണുള്ളത്. (വിജ്ഞാപനം 12 3 99, തദ്ക്കിറ, ഒന്നാം പതിപ്പ് ഭാ, 288)

എന്നാൽ നമസ്ക്കാരം, നോമ്പ് മുതലായ നിർബന്ധകാര്യങ്ങൾ പോലും ഉപേക്ഷിച്ചു കഴിയുന്ന സർസയ്യിദിന് ആ സ്വർഗീയ വിളിക്ക് ഉത്തരം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അദ്ദേഹം കൃത്യം ഒരു കൊല്ലം കഴിഞ്ഞ് 1898 മാർച്ച് 28ാം തീയതി ചരമമടഞ്ഞു.

**പേജ് 10 ൽ നിന്ന് തുടർച്ച**

ക്കേണ്ടി വരും; നമ്മുടെ ഓരോ വാക്കിനെയും പ്രവൃത്തിയെയും ശിർക്കിൽ നിന്ന് പൂർണമായും ശുദ്ധീകരിക്കേണ്ടി വരും; സ്വന്തം സമ്പത്തും ദൈവമാർഗത്തിൽ ചെലവഴിക്കേണ്ടി വരും; ഖിലാഫത്തിനോടുള്ള കൂറും അനുസരണത്തിന്റെ നിലവാരവും സംരക്ഷിക്കേണ്ടി വരും; എങ്കിൽ മാത്രമേ ഖിലാഫത്തിൽ അല്ലാഹു വെച്ചിട്ടുള്ള അനുഗ്രഹങ്ങളെ സ്വായത്തമാക്കാനാവൂ; ഖിയാമത്ത് നാൾ വരെ നിലനില്ക്കുന്ന ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കാനും ഭാവി തലമുറകളെ ഇതുമായി ചേർത്തു നിർത്താനും കഴിയുകയുള്ളു.

അല്ലാഹു നമുക്ക് ഖിലാഫത്തിന്റെ അനുഗ്രഹം നല്കി. കഴിഞ്ഞ ഏതാണ്ട് 110 വർഷമായി നാം അവന്റെ അനുഗ്രഹങ്ങളുടെ ദൃശ്യവും വാഗ്ദത്ത മസീഹിനോട് ചെയ്യപ്പെട്ട വാഗ്ദാനങ്ങൾ പൂർത്തിയാകുന്നതും കണ്ടു വരുന്നു. അല്ലാഹു വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ ചേർന്നവർക്ക് അല്ലാഹുവിന്റെ നിർദേശങ്ങളെ മുന്നിൽ വെച്ചു കൊണ്ട് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

കഴിഞ്ഞ ആഴ്ചയും ഞാൻ പാക്കിസ്താനികൾക്കു വേണ്ടി പ്രത്യേകം ദുആ ചെയ്യാൻ വേണ്ടി പറഞ്ഞിരുന്നു. ദുആയിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് വീണ്ടും പറയാനുള്ളത്. സ്വന്തം നമസ്കാരങ്ങളെയും ദിക്റുകളെയും മുൻപത്തേക്കാളധികം വർധിപ്പിക്കേണ്ടതാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

www.alislam.org

# നൂറിന്റെ നിറവിൽ പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

പ്രൊഫ. മഹ്മൂദ് അഹ്മദ്

പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശതാബ്ദിയുടെ ദിവ്യവഴിയിൽ പ്രവേശിച്ചിരിക്കുകയാണ്. ഒരാത്മീയ പ്രസ്ഥാനത്തിന്റെ വ്രതശുദ്ധിയോടെ ശതാബ്ദിയെ സമീപിക്കാൻ ജമാഅത്ത് തീരുമാനിച്ചിരിക്കുന്നു.




1919 ജൂലായ് മാസത്തിലാണ് വാഗ്ദത്ത മസീഹിന്റെ സഹാബിയായ ഹദ്റത്ത് മൗലാന ഗുലാം റസൂൽ സാഹിബ് രാജ്കി (റ) പഴയങ്ങാടി അഹ്മദിയ്യാ മസ്ജിദിന് തറക്കല്ലിട്ടത്. ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദാണ് പഴയങ്ങാടിയിലേത്. കേരളത്തിലെ ഇസ്‌ലാമിക പ്രഭാവത്തിന്റെ ആദ്യ വെളിച്ചമെത്തിയ മാടായിയിൽ തന്നെയാണ് ആധുനിക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ സൂര്യതേജസ്സുമായി അഹ്മദിയ്യാ ജമാഅത്തും ആദ്യഘട്ടത്തിൽതന്നെ എത്തിച്ചേർന്നത്.

പഴയങ്ങാടിയിലെ അഹ്മദിയ്യാ മസ്ജിദിന് സ്ഥലം നൽകിയതും പള്ളി നിർമിച്ചതും സീരെവീട്ടിൽ കുഞ്ഞഹ്മദ് സാഹിബ് എന്ന അഭിവന്ദ്യ അഹ്മദി ആണ്. 1920 ഏപ്രിൽ 12 വെള്ളിയാഴ്ച ഹദ്റത്ത് മൗലാന സയ്യിദ് അബ്ദുറഹീം സാഹിബ് ബിഹാരി (റ) ആണ് മസ്ജിദ് ഉൽഘാടനം ചെയ്തത്. വാഗ്ദത്ത മസീഹിന്റെ സഹാബിമാരായ ഹദ്റത്ത് അല്ലാമാ ഹാഫിള് റോശൻ അലിസാഹിബ്(റ) - 1925, ഹദ്റത്ത് ഡോ: മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് ഭേരവി(റ) - 1927, ഹദ്റത്ത് മൗലാനാ അബ്ദുറഹീം സാഹിബ് നയ്യർ(റ) - 1934, എന്നിവർ പഴയങ്ങാടി ജമാഅത്ത് സന്ദർശിച്ച പുണ്യവ്യക്തിത്വങ്ങൾ ആണ്. വാഗ്ദത്ത മസീഹിന്റെ പൗത്രനും ഇന്ത്യയിലെ അഹ്മദിയാ ജമാഅത്തിന്റെ അഭിമാനവുമായ

ഹദ്റത്ത് മീർസാ വസീം അഹ്മദ് സാഹിബും പല പ്രാവശ്യം ഈ ജമാഅത്ത് സന്ദർശിച്ചിട്ടുണ്ട്.

കണ്ണീരും, പുഞ്ചിരിയും പോലെ സുഖദുഃഖങ്ങൾ നിറഞ്ഞതാണ് പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം. ത്യാഗത്തിന്റെ കനലിലെരിഞ്ഞ് അഗ്നിശുദ്ധി വരുത്തിയ പഴയകാല ഓർമകൾ ജമാഅത്തിനുണ്ട്. ആദ്യകാല അഹ്മദികളിൽ പലരും യാതനാപൂർണമായ ജീവിതത്തിലൂടെ അല്ലാഹുവിന്റെ സത്യപ്രസ്ഥാനത്തിന് താങ്ങുംതണലുമായി. പഴയങ്ങാടിയിലെ സാമൂഹ്യജീവിതത്തിന്റെ മുകൾപ്പരപ്പിലുള്ളവർ ജമാഅത്തിൽ പ്രവേശിച്ച് ദൈവവഴിയിൽ വന്നുവെന്നതാണ് ഇവിടെ ഉദ്ദേശിക്കുന്ന മധുരം. മാടായി പള്ളിയുടെ മൂന്ന് കാരണവന്മാർ ജമാഅത്തിലേക്ക് വന്നു എന്നത് ശ്രദ്ധാർഹമാണ്. പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്ത് നൂറുവർഷത്തിലെത്തി നിൽക്കുമ്പോൾ പഴയങ്ങാടിയുടെ സാമൂഹ്യസാംസ്കാരിക മേഖലകളിൽ തിളക്കമാർന്ന വ്യക്തികളിലൂടെ സമൂഹത്തിന് സേവനം സമർപ്പിക്കാൻ ജമാഅത്തിന് കഴിഞ്ഞുവെന്ന വസ്തുത ഇവിടെ ഓർമിക്കട്ടെ.

അഹ്മദിയ്യാ ജമാഅത്തിന്റെ പുണ്യകേന്ദ്രമായ, വാഗ്ദത്ത മസീഹിന്റെ ജനനം കൊണ്ട് അനുഗൃഹീതമായ ഖാദിയാൻ കേരളത്തിൽ നിന്ന് ആദ്യമായി സന്ദർശിച്ച സാത്വികനും ത്യാഗിവര്യനുമായ ഹദ്റത്ത് മൗലാന ശെയ്ഖ് മുഹിയിദ്ദീൻ കുട്ടി സാഹിബ്, ദക്ഷിണേന്ത്യയിലും, ശ്രീലങ്കയിലും അഹ്മദിയ്യത്തിന്റെ പ്രകാശം ജാജ്വല്യമാനമാക്കിയ അതുല്യപ്രതിഭയായ ഹദ്റത്ത് മൗലാന ബി. അബ്ദുല്ലാസാഹിബ് H. A, മലബാർ അഹ്മദിയ്യാ സംഘത്തിന്റെ ആദ്യസാരഥിയായ എം. അഹ്മദ്കുട്ടി സാഹിബ്, സിലോണിലെ ആദ്യത്തെ അഹ്മദിയ്യാ മിഷണറിയായ മൗലവി എ.പി ഇബ്രാഹിം സാഹിബ്, മതപണ്ഡിതനും അറബിഭാഷാവിശാരദനുമായ മൗലാന മുഹമ്മദ് അബുൽവഫാ സാഹിബ് തുടങ്ങിയവർ പഴയങ്ങാടി ജമാഅത്തിനെ സജീവമാക്കിയതിൽ പ്രമുഖരാണ്.

പഴയങ്ങാടിയിലെ അഹ്മദിയ്യാ മസ്ജിദ് രണ്ടുതവണ പുനർനിർമിക്കപ്പെടുകയുണ്ടായി. 1976 ഏപ്രിലിൽ മൗലാനാ ശരീഫ് അഹ്മദ് സാഹിബ് അമീനിയും 2004 ജനുവരിയിൽ ഹദ്റത്ത് മീർസാ വസീം അഹ്മദ് സാഹിബുമാണ് രണ്ട് ഘട്ടങ്ങളിലായുള്ള പുനർനിർമാണത്തിന്റെ ഉൽഘാടനം നിർവഹിച്ചത്. ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹു) മസ്ജിദിന് താഹിർ മസ്ജിദ് എന്ന് നാമകരണം ചെയ്തു. മനോഹരവും ശില്പഭംഗി കലർന്നതും പ്രൗഢവുമായ മസ്ജിദ് വിശ്വാസികൾക്ക് ആകർഷകമായി നിലകൊള്ളുന്നു. അതോടൊപ്പം ജമാഅത്തംഗങ്ങൾക്ക് മാടായികുന്നിന്റെ താഴ്‌വാരത്തിൽ അടുത്തിലയിൽ ഒരു പള്ളിയും 'ഗാർഡൻസ്' എന്ന പേരിൽ ഹൗസിംഗ് കോളനിയുമുണ്ട്. അടുത്തിലയിൽതന്നെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഫസലെ ഉമർ പബ്ലിക്ക് സ്ക്കൂൾ കൂടി ആവുമ്പോൾ ഈ പ്രദേശത്തിന്റെ വികസന ഭൂപടത്തിൽ ജമാഅത്ത് നിർണായകസ്ഥാനം നേടുന്നു. പഴയങ്ങാടിയുടെ സമീപപ്രദേശമായ ഏഴോത്ത് ജമാഅത്തിന് ഒരു മിഷൻ ഹൗസ്കൂടിയുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദി ആഘോഷം 2018 ജൂലൈ 15ന് കേന്ദ്ര അഹ്മദിയ്യാ പ്രതിനിധി ഉൽഘാടനം ചെയ്യും.(ഇ.അ) ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടിക്കാണ് ജമാഅത്ത് രൂപകല്പന ചെയ്തിരിക്കുന്നത്. ഉൽഘാടന സമ്മേളനത്തിന് പുറമേ വിദ്യാഭ്യാസസാംസ്കാരിക സമ്മേളനം, വിശുദ്ധ ഖുർആൻ എക്സിബിഷൻ, നബികീർത്തന സമ്മേളനം, മസീഹ് മൗഊദ് - മുസ്ലിഹ് മൗഊദ് ദിന സമ്മേളനങ്ങൾ എന്നിവയൊക്കെ ഈ ജൂബിലിവർഷത്തിൽ നടത്തുന്നതാണ്. ചാരിറ്റി പ്രവർത്തനങ്ങൾ, ദീനീ പരീക്ഷകൾ, വൈജ്ഞാനികമത്സരങ്ങൾ എന്നിവയും ഇതോടൊപ്പം ഉണ്ടാവും. ആഗോള അഹ്മദിയ്യാ ചരിത്രത്തിൽ നിന്ന് തുടങ്ങി പഴയങ്ങാടിയിലെത്തി നിൽക്കുന്ന ജമാഅത്തിന്റെ ഗതിവിഗതികൾ സൂചിപ്പിക്കുന്ന ഡോക്യുമെന്ററിയും, എന്നും കരുതിവെക്കാവുന്ന വിഷയങ്ങൾ ഉൾപ്പെടുന്ന സോവനീറും ജൂബിലിയോടൊപ്പം തയ്യാറാക്കാൻ ജമാഅത്ത് ഒരുക്കമാരംഭിച്ചിട്ടുണ്ട്. അഹ്മദിയ്യാ വനിതാവിഭാഗത്തിന്റെ വകയായി വനിതാ സമ്മേളനവും, സെമിനാറും, വൈജ്ഞാനിക-സേവന സന്നദ്ധ പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

പ്രാർഥനയും സൽകർമങ്ങളും ജീവിതമാതൃകയുമാണ് ഏതൊരു ആത്മീയ പ്രസ്ഥാനത്തിന്റെയും മൂലധനം. പഴയങ്ങാടി ജമാഅത്തിന്റെ ശതാബ്ദിപരിപാടികൾ വിജയകരമാവാൻ സർവശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യണമെന്ന് എല്ലാ സഹോദരീസഹോദരന്മാരോടും വിനയപൂർവം അഭ്യർഥിക്കുന്നു.



കുറിപ്പുകൾ
1

# അമേരിക്കയുടെ കരാർ ലംഘനം

**മുസാഫിർ**



ഇറാനുമായി അമേരിക്കയും മറ്റു 6 രാജ്യങ്ങളും 2015 ജൂലൈ 14നാണ് ജോയിന്റ് കോമ്പ്രഹെൻസീവ് പ്ലാൻ ഓഫ് ആക്ഷൻ (JCPOA) എന്ന് ഔദ്യോഗികമായി അറിയപ്പെടുന്ന ഇറാൻ ആണവക്കരാർ നിലവിൽ വന്നത്. ഖുമേനിയുടെ നേതൃത്വത്തിൽ നടന്ന ഇസ്ലാമിക വിപ്ലവത്തെ തുടർന്ന് ഇറാൻ ന്യൂക്ലിയർ ബോംബ് നിർമിക്കുന്നു എന്ന് വർഷങ്ങളോളം നിണ്ടുനിന്ന ആരോപണ കോലാഹലങ്ങളെ തുടർന്ന് ഇറാൻ യു എൻ ഉപരോധത്തിലായിരുന്നു. അതിന് ശേഷം നിരന്തര ചർച്ചകൾക്ക് ഒടുവിലാണ് ഒബാമ അമേരിക്കൻ പ്രസിഡന്റായിരുന്നപ്പോൾ മിതവാദിയായ ഇറാൻ പ്രസിഡന്റ് ഹസ്സൻ റൂഹാനിയുമായി ആണവകരാറിനുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചത്. ഐക്യരാഷ്ട്ര സഭയിലെ സ്ഥിരാംഗങ്ങളായ (Permenent Members) അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, റഷ്യ എന്നീ 5 രാജ്യങ്ങളും + ജർമനിയും കരാറിൽ കക്ഷികളായതിനാൽ P5+1 എഗ്രിമെന്റ് എന്നും ഈ കരാർ അറിയപ്പെടുന്നു. ആ കരാറിൽ നിന്നാണ് യഹൂദ രാഷ്ട്രമായ ഇസ്റയേലും സലഫികളുടെ മാതൃകാ രാജ്യമായ സഊദി അറേബ്യയും ചേർന്നുള്ള ദുഷ്പ്രചരണത്തിന്റെയും സമ്മർദത്തിന്റെയും ഗൂഢാലോചനയുടെയും ഫലമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പിന്മാറിയിരിക്കുന്നത്. ഇസ്റയേലിന്റെ ഏജന്റായ അമേരിക്കൻ പ്രസിഡന്റ് എന്ന് അറിയപ്പെടുന്ന ട്രംപ് ആ അഭിധാനം അന്വർഥമാക്കുമാറാണ് അന്താരാഷ്ട്ര വേദികളിൽ പെരുമാറുന്നത്. അന്തർദേശീയ രംഗത്ത് പാലിക്കേണ്ട നീതിതത്ത്വങ്ങളും നയതന്ത്ര മര്യാദകളും ലംഘിച്ചുകൊണ്ട് ഇസ്റായേലിന് വേണ്ടിയുള്ള ട്രംപിന്റെ ഈ പോക്ക് ലോകത്ത് അശാന്തി വിതക്കുന്നതാണ്.

മുസ്ലിം തീവ്രവാദം ഗ്രസിക്കുമെന്നും ന്യൂക്ലിയർ ആയുധങ്ങൾ സ്വായത്തമാക്കുമെന്നും ലോകം ആശങ്കപ്പെട്ടിരുന്ന ഇറാന്റെ ആണവ പദ്ധതികൾ സമാധാന പാതയിലേക്ക് തിരിച്ചുവിടാൻ ഉപയുക്തമായ രീതിയിൽ കർശനമായ വ്യവസ്ഥയോടെയാണ് അമേരിക്ക ഒപ്പിട്ട ഈ കരാർ നിലവിൽ വന്നത്. യൂറോപ്യൻ രാജ്യങ്ങളുടെ പൂർണ പിന്തുണ കരാറിനുണ്ടായിരുന്നു. യഹൂദ രാജ്യമായ ഇസ്റയേൽ ആണവ കരാറിൽ നിന്ന് പിൻവാങ്ങാൻ അമേരിക്കക്ക് മേൽ സമ്മർദം പ്രയോഗിക്കുക സ്വാഭാവികം. എന്നാൽ ഇസ്റയേലുമായി യോജിച്ച് മുസ്ലിം രാജ്യങ്ങളെ വിഘടിപ്പിക്കാനും ധ്രുവീകരിക്കാനും ഇറാനെതിരെ സഊദി അറേബ്യ തയ്യാറാവുന്നത് വളരെ വിചിത്രവും അപലപനീയവുമാണ്.

ഇറാൻ ആണവ പദ്ധതികൾ തുടർന്നാൽ അമേരിക്കയുടെ സഹായത്തോടെ ഇറാനെതിരെ തങ്ങളും ന്യൂക്ലിയർ ആയുധങ്ങൾ നിർമിക്കുമെന്ന് സഊദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാൻ ഈ അവസരത്തിൽ തന്നെ പറഞ്ഞത് അമേരിക്കയേയും ഇസ്റയേലിനെയും സഹായിക്കാനാണെന്ന് വ്യക്തം. സഊദിയുടെ ഈ പ്രസ്താവന യുദ്ധഭരിതമായ പശ്ചിമേഷ്യയിൽ മുസ്‌ലിം രാജ്യങ്ങൾക്കിടയിൽ ആണവായുധ മത്സരത്തിന് തുടക്കം കുറിക്കുമോ എന്ന ആശങ്ക ഉയർത്തുന്നു.

അമേരിക്കയോടൊപ്പം ഇറാനുമായി കരാറിൽ ഒപ്പിട്ട സഖ്യരാജ്യങ്ങളായ ബ്രിട്ടനും ഫ്രാൻസും ജർമനിയും അമേരിക്കയുടെ പിന്മാറ്റത്തോട് കടുത്ത വിയോജിപ്പാണ് പ്രകടിപ്പിച്ചത്. കരാറിന്റെ ഫലമായി ലോകം സമാധാനത്തിന്റെ മാർഗത്തിൽ വളരെ മുന്നോട്ടു പോയി എന്നാണ് പൊതുവേ വിലയിരുത്തപ്പെട്ടിരുന്നത്. കരാറിലെ നിബന്ധനകളെല്ലാം ഇറാൻ പാലിക്കുന്നുണ്ടെന്ന് അന്താരാഷ്ട്ര ആണവോർജ ഏജൻസി (IAEA) പ്രസ്താവിച്ചതാണ്. ഇറാൻ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് അമേരിക്കയും സമ്മതിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെയാണ് ഇസ്റയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ മാദ്ധ്യമങ്ങൾക്ക് മുന്നിൽ നിന്നുകൊണ്ടുള്ള നാടകീയമായ ആരോപണ പ്രഖ്യാപനത്തോടെ അമേരിക്ക കരാറിൽ നിന്ന് പിന്മാറിയത്. അമേരിക്കയും വീറ്റോ രാജ്യങ്ങളുമായി ആണവ കരാർ ഉറപ്പിക്കുന്നതിന് മുമ്പ് ഇറാൻ ന്യൂക്ലിയർ ബോബ് നിർമിക്കുന്നു എന്ന മാധ്യമങ്ങളുടെ പ്രചാരണമുണ്ടായിരുന്നു. ആ പ്രചരണത്തിന് ആധാരമായ രേഖകൾ പിന്നീട് കള്ളമാണെന്ന് കണ്ടെത്തുകയും 2015 ൽ ഇറാനുമായി അമേരിക്കയടക്കം യൂറോപ്യൻ രാജ്യങ്ങളും റഷ്യയും ചൈനയും ന്യൂക്ലിയർ കരാറിൽ ഒപ്പുവെക്കുകയുമാണുണ്ടായത്. ആ രേഖകളാണ് പുതിയ കണ്ടെത്തലാണെന്ന മട്ടിൽ ഇസ്റയേൽ പ്രധാനമന്ത്രി നെതന്യാഹു അവതരിപ്പിച്ചത്. അത്കേട്ടയുടനെ ഇസ്റയേൽ ഭക്തനായ ഡൊണാൾഡ് ട്രംപ് കരാറിൽ നിന്ന് പിൻവാങ്ങുകയും ചെയ്തു. മറ്റൊരു വ്യക്തമായ വൈരുദ്ധ്യം ഇറാൻ അണ്വായുധ നിർവ്യാപന കരാറിൽ ഒപ്പിട്ട രാജ്യമാണ്. അന്താരാഷ്ട്ര ആണവ ഏജൻസിയുടെ കടുത്ത പരിശോധനകൾക്ക് അവിടുത്തെ എല്ലാ ആണവനിലയങ്ങളും തുറന്ന് കൊടുക്കുകയും വേണം. അണ്വായുധ നിർവ്യാപന കരാറിൽ ഒപ്പുവെക്കാതെ രഹസ്യമായി ന്യൂക്ലിയർ ബോംബുകൾ നിർമിച്ച് കൈവശം വെക്കുന്ന രാജ്യമാണ് ഇസ്റയേൽ. അങ്ങനെയുള്ള ഒരു രാജ്യമാണ് ഇറാനെതിരെ ഈ ആരോപണം നടത്തുന്നത്!!

അമേരിക്ക ഇറാനുമായുള്ള കരാറിൽ നിന്ന് പിന്മാറുക മാത്രമല്ല ഇറാനെതിരെ പഴയ ഉപരോധം പുനസ്ഥാപിക്കുകയും ചെയ്തിരിക്കയാണ്. ഇറാനുമായി ഇടപാട് നടത്തുന്ന കമ്പനികൾക്കും ബാങ്കുകൾക്കും ഉപരോധം ബാധകമാണെന്നാണ് യു എസ് പറയുന്നത്. ഇപ്പോൾ ഇറാനുമായി ബന്ധമുള്ള ബാങ്കുകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തിഗത സംരംഭങ്ങൾക്കും അവരുമായുള്ള ബന്ധം വിഛേദിക്കാൻ മൂന്നു മാസം മുതൽ ആറു മാസം വരെയാണ് അമേരിക്ക അവധി കൊടുത്തിരിക്കുന്നത്. 2015 ൽ കരാർ നിലവിൽ വന്നതിന് ശേഷം യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുമായുള്ള ഇറാന്റെ ബിസിനസ് അധികരിക്കുകയും ഇറാന്റെ സ്വാധീനം ഗണ്യമായി വർധിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷം യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഇറാനിലേക്കുള്ള ഇറക്കുമതി 11 ബില്ല്യൻ യൂറോ ആയിരുന്നു. ഏകദേശം അത്രതന്നെ കയറ്റുമതിയുമുണ്ടായി. ഈ വ്യാപാര ബന്ധങ്ങൾ മുഴുവൻ നിർത്തലാക്കാനാണ് അമേരിക്ക യൂറോപ്യൻ രാജ്യങ്ങളോട് ആവശ്യപ്പെടുന്നത്. തങ്ങളുടെ രാജ്യങ്ങളെ അമേരിക്കൻ ഉപരോധത്തിൽ നിന്ന് രക്ഷിക്കാൻ ആവുന്നതെല്ലാം ചെയ്യുമെന്ന് യൂറോപ്യൻ യൂണിയൻ പ്രഖ്യാപിച്ചിട്ടുണ്ട്. അമേരിക്കൻ ഉപരോധ ഭീഷണി നേരിടുന്ന ഇറാനിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും സംരംഭങ്ങൾക്കും ഇറാനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ബാങ്കുകളേയും സംരക്ഷിക്കാൻ യൂറോപ്യൻ യൂണിയൻ പ്രതിജ്ഞാബദ്ധമാണെന്ന് യൂറോപ്യൻ യൂണിയൻ നേതാക്കൾ സംയുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇറാനുമായി വലിയതോതിൽ എണ്ണവ്യാപാരം നടത്തുന്ന ഇന്ത്യ അമേരിക്കയുടെ ഈ ആജ്ഞ പാലിച്ചാൽ വൻ തോതിലുള്ള പ്രതിസന്ധി നേരിടേണ്ടി വരും. നിരവധി ബിസിനസ് സ്ഥാപനങ്ങളെ ബാധിക്കുന്ന ട്രംപിന്റെ ഈ ഉപരോധം പരാജയപ്പെടാനും സാദ്ധ്യതയേറെയാണ്.

ഇസ്‌ലാമിക വിപ്ലവത്തെ തുടർന്ന് 1979 ലെ അമേരിക്കക്കാരെ ബന്ദികളാക്കികൊണ്ടുള്ള വിലപേശലിന് ശേഷം അമേരിക്കയിലുള്ള ഇറാന്റെ നിക്ഷേപങ്ങൾ മരവിപ്പിക്കുകയും ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. ന്യൂക്ലിയർ ബോംബ് നിർമാണത്തിന് ശ്രമിക്കുന്നു എന്ന് പറഞ്ഞ് 2006ൽ യുഎൻ സെക്യൂരിറ്റി കൗൺസിൽ ഇറാനെതിരെ ഉപരോധം എർപ്പെടുത്തി. കൂടാതെ മതമൗലിക വാദം കീഴടക്കിയ ഇറാൻ ലോകത്ത് നിന്നും ഒറ്റപ്പെടുകയായിരുന്നു. 2013 മുതൽ അധികാരത്തിൽ വന്ന മിതവാദിയും സമാധാനവാദിയുമായ ഇറാൻ പ്രസിഡന്റ് ഹസ്സൻ റൂഹാനിയായിരുന്നു അസാദ്ധ്യമാണെന്ന് കരുതിയ ഈ കരാർ യഥാർഥ്യമാക്കിയത്. 2015 ലെ ഈ കരാർ മുഖേന ഇറാന്റെ മേലുണ്ടായിരുന്ന ഉപരോധം നീങ്ങുകയും അവരുടെ മുഖ്യ സാമ്പത്തിക സ്റോതസ്സായ എണ്ണ പൊതു വിപണിയിൽ വിൽക്കാനും യൂറോപ്യൻ രാജ്യങ്ങളുമായി നല്ല

ശേഷം പേജ് 41 ൽ

കുറിപ്പുകൾ
2

# ജെറുസലേം തലസ്ഥാന മാറ്റം

**മുസാഫിർ**




അന്തർദേശീയ രംഗത്ത് പാലിക്കേണ്ട നീതിതത്ത്വങ്ങളും നയതന്ത്ര മര്യാദകളും ലംഘിച്ചുകൊണ്ട് ഇസ്റായേലിന് വേണ്ടി ലക്കും ലഗാനുമില്ലാതെയുള്ള ട്രംപിന്റെ ഈ പോക്ക് ലോകത്ത് അശാന്തിയുടെ ദിനങ്ങളാണ് സമ്മാനിക്കുന്നത്. കഴിഞ്ഞ മെയ് 14 ന് അമേരിക്ക തങ്ങളുടെ എംബസ്സി ടെൽഅവീവിൽ നിന്ന് ജറുസലേമിലേക്ക് മാറ്റിയതാണ് അതിൽ അവസാനത്തെ പ്രകോപനം. ലോകത്തിലെ മൂന്ന് മതങ്ങളുടെയും പരമ പരിശുദ്ധമായ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്ന നഗരമാണ് ജെറുസലേം. ആയിരക്കണക്കിന് വർഷങ്ങളായി അവിടെ താമസിച്ചു വരുന്ന ഫലസ്തീനികളെ അവരുടെ ജന്മസ്ഥലത്ത് നിന്ന് അന്യായമായി ആട്ടിയോടിച്ച് 1948ൽ സ്ഥാപിച്ച രാഷ്ട്രമാണല്ലോ ഇസ്റയേൽ. ടെൽഅവീവാണ് അന്ന് മുതൽ അവരുടെ തലസ്ഥാനം. 1967 ലെ ആറുദിന യുദ്ധത്തിൽ ഇസ്റയേൽ വീണ്ടും ജോർദാനിൽ നിന്ന് വെട്ടിപ്പിടിച്ച് സ്വന്തമാക്കിയ സ്ഥലമാണ് ജെറുസലേം പട്ടണത്തിന്റ കിഴക്കൻ ഭാഗം. കിഴക്കൻ ജെറുസലേം എന്നറിയപ്പെടുന്ന ഈ പട്ടണഭാഗത്താണ് യഹൂദരുടെ പുണ്യസ്ഥലമായ സോളമന്റെ ആരാധനാലയത്തിന്റെ വിലാപ മതിൽ, മുസ്‌ലിംകളുടെ ആദ്യ ഖിബ്‌ലയായ മസ്ജിദുൽ അക്സ, അക്സക്ക് സമീപം റസൂൽ തിരുമേനി (സ) മിഅ്റാജിന് പുറപ്പെട്ട പാറയിൽ പണിത ഖുബത്തുസ്സുഖറ (Dome of the Rock) എന്നറിയപ്പെടുന്ന അഷ്ടഭുജാകൃതിയിലുള്ള കുംഭഗോപുര മസ്ജിദ് എന്നിവ അടങ്ങിയ മുസ്‌ലിംകളുടെ ബൈത്തുൽ മുഖദ്ദസ്, ക്രിസ്ത്യാനികളുടെ ചർച്ച് ഓഫ് ഹോളി സെപൽക്കർ (Church of the Holy Sepulchre) അഥവാ ഉയിർത്തെഴുന്നേൽപ്പ് പള്ളി എന്നീ പരിശുദ്ധ സ്ഥലങ്ങളുള്ളത്.

നിരവധി ചെറുരാജ്യങ്ങളെ സ്വാധീനിച്ചും പ്രലോഭിപ്പിച്ചുമാണ് ഐക്യരാഷ്ട്ര സഭയിൽ ഇസ്റയേൽ രാഷ്ട്ര രൂപീകരണത്തിനുള്ള പ്രമേയം പാസ്സാക്കിയത്. അതിന് ശേഷം ആയിരക്കണക്കിന് വർഷങ്ങളായി അവിടെ താമസിച്ചിരുന്ന ഫലസ്തീനികളെ സ്വന്തം ജന്മസ്ഥലത്ത്നിന്ന് പുത്താക്കിയാണ് ഇസ്റയേൽ രാഷ്ട്രം സ്ഥാപിതമായത്. ഗസ്സയിലും വെസ്റ്റ്ബാങ്കിലുമായി 7 പതിറ്റാണ്ടുകളായി അവർ അലയുകയാണ്. അവരെ ജന്മഗേഹത്തിലേക്ക് തിരിച്ചുകൊണ്ട് വരിക എന്നത് യുഎന്നിന്റെയും അന്തർദേശീയ സമൂഹത്തിന്റെയും ധാർമിക ഉത്തരവാദിത്വമാണ്. യുഎൻ ആണല്ലോ അവരെ സ്വന്തം രാജ്യത്ത്നിന്ന് പുറത്താക്കിയത്. ഇത്വരെ നടന്ന അന്തർദേശീയ ചർച്ചകൾ ഫലസ്തീനികൾക്കും ഇസ്റയേലിനും രണ്ട് രാഷ്ട്രങ്ങൾ എന്ന ദ്വിരാഷ്ട്ര സങ്കൽപ്പത്തിലാണ് നടന്നത്. ഫലസ്തീനികൾ തങ്ങളുടെ രാജ്യതലസ്ഥാനം ജെറുസലേം ആയിരിക്കുമെന്ന് ജന്മനാട്ടിൽ നിന്ന് പുറത്താക്കപ്പെട്ടനാൾ മുതൽ ന്യായമായ അവരുടെ ആവശ്യം പറഞ്ഞുകൊണ്ടിരുന്നതാണ്. അമേരിക്ക മദ്ധ്യസ്തം വഹിച്ച എല്ലാ സമാധാന ചർച്ചകളിലും അവരത് ഉന്നയിച്ചു കൊണ്ടിരിക്കുകയും ചെയ്തതാണ്. അതിനായി ഫലസ്തീനികളുടെ പ്രക്ഷോഭം


ശേഷം പേജ് 41 ൽ

കുറിപ്പുകൾ
3

# മഹാമാരി ഉയർത്തുന്ന ആതുരഭീതി

**മുസാഫിർ**

കേരളത്തിൽ ഭീതിയുടെ ചിറകടിച്ചെത്തിയ നിപ്പ വൈറസ് ജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. ഇത് വരെ 17 ആളുകൾ നിപ്പ പനി മൂലം മരണമടഞ്ഞു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയില ചങ്ങരോത്ത് സൂപ്പിക്കടയിൽ കണ്ടെത്തിയ നിപ്പ രോഗാണുവിന്റെ പ്രഭവകേന്ദ്രം എവിടെ നിന്നാണെന്ന് ഇത് വരെ സ്ഥിരീകരണമുണ്ടായിട്ടില്ല. 1998 ൽ മലേഷ്യയിലെ Kampung Baru Sungal Nipah എന്ന സ്ഥലത്ത് ആദ്യമായി കണ്ടെത്തിയത് കൊണ്ടാണ് ഈ രോഗം പരത്തുന്ന വൈറസിന് നിപ്പ വൈറസ് (Nipah Virus) എന്ന് പേരു വന്നത്. ഇത് മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്ക് പകർന്ന (Zoonotic Pathogen) ഒരു രോഗമാണ്. പിന്നീട് 2004ൽ ബംഗ്ലാദേശിലും നിപ്പ കണ്ടെത്തി. മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്കായിരുന്നു നിപ്പാ വൈറസ് പിന്നീട് പകർന്നിരുന്നത്. പന്നികളായിരുന്നു നിപ്പയുടെ രോഗവാഹകർ. ജനിതക മാറ്റം വന്നിട്ടാണ് നിപ്പ പന്നിയിൽ നിന്ന് മനുഷ്യനിലേക്കും പിന്നീട് അവ മനുഷ്യരിൽ നിന്ന് മനുഷ്യനിലേക്കും പകർന്നത്. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ വവ്വാലാണ് നിപ്പാ വൈറസിന്റെ സ്വാഭാവിക സ്റോതസ്സ്. വവ്വാൽ രണ്ടു വിധമുണ്ട് പ്രാണികളെ തിന്നുന്ന വവ്വാലും പഴങ്ങൾ ഭക്ഷിക്കുന്ന വവ്വാലും. ഇതിൽ പഴങ്ങൾ ഭക്ഷിക്കുന്ന വവ്വാലാണ് (Fruit Bats) നിപ്പോ വൈറസിന്റെ



സ്വാഭാവിക ആവാസ കേന്ദ്രം. ഈത്തപ്പഴത്തിലൂടെയും അണുബാധയുണ്ടാകുമെന്ന് പറയപ്പെടുന്നു. 1997 ലെ ആഗോള കാലാവസ്ഥ പ്രതിഭാസമായ എൽനിനോ (El-nino) ഉണ്ടായപ്പോൾ മലേഷ്യൻ കാടുകൾ വരൾച്ച നേരിടുകയും കാട്ടു പഴങ്ങൾ തിന്നു ജീവിച്ചിരുന്ന വവ്വാലുകൾ കൃഷിയിടങ്ങളിലേക്കിറങ്ങി പഴങ്ങളും ഭക്ഷിക്കാൻ തുടങ്ങി. ആ സന്ദർഭത്തിലാണ് രോഗബാധയുള്ള വവ്വാലുകളിൽ നിന്ന് പന്നികളിലേക്ക് രോഗം പകർന്നത്. പന്നി ഫാമുകളിൽ പന്നികൾ കൂട്ടത്തോടെ ചത്തൊടുങ്ങാൻ തുടങ്ങി. സമാനമായ രോഗം മനുഷ്യരേയും ബാധിച്ചു തുടങ്ങി എന്നാണ് പറയപ്പെടുന്നത്. നിപ്പാ മൂലമുണ്ടാകുന്ന മസ്തിഷ്ക്ക ജ്വരവും അനുബന്ധ പ്രശ്നങ്ങളുമാണ് മരണകാരണമാകുന്നത്. രോഗത്തിന് മരുന്ന് കണ്ടെത്താത്തതിനാൽ അതീവ ജാഗ്രതയോടെയുള്ള പ്രതിരോധ സംവിധാനമാണ് സ്വീകരിക്കേണ്ടത്. ഭരണകൂടവും വിദഗ്ധ ചികിത്സകരും നിർദേശിക്കുന്ന പ്രതിരോധ മാർഗങ്ങൾ പൂർണമായും അനുസരിക്കുകയാണ് ഈ അവസരത്തിൽ നാം ചെയ്യേണ്ടത്. ഇപ്പോൾ പേരാമ്പ്രക്കടുത്ത് കണ്ടെത്തിയ നിപ്പാ വൈറസ് അവർ പിടിച്ച വവ്വാലിൽ നിന്നല്ലെന്ന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസിൽ പരിശോധിച്ച് സ്ഥിരീകരിച്ചിരിക്കുന്നു. വൈറസ് ബാധിച്ച വവ്വാലിനെ അവർ തിരയുകയാണ്. നിപ്പാ വൈറസിന്റെ ഉറവിടം ഇപ്പോഴും ദുരൂഹമായി തുടരുകയാണ്.

മനുഷ്യനിൽ രോഗം പകർത്തുന്ന മുഖ്യകാരണക്കാർ ബാക്റ്റീരിയയും വൈറസുമാണ്. ബാക്റ്റീരിയയിൽ 1 ശതമാനം മാത്രമാണ് രോഗകാരി. ബാക്കിയെല്ലാം മനുഷ്യന് ഉപകാരപ്രദമായ അനേകം ധർമങ്ങൾ നിർവഹിക്കുന്നു. ഭക്ഷണം ദഹിപ്പിക്കുക, പോഷകം ഉദ്പ്പാദിപ്പിക്കുക, രോഗകാരികളായ കോശങ്ങളെ നശിപ്പിക്കുക മുതലായ ശരീരത്തിനാവശ്യമായ അനേകം ധർമങ്ങൾ ബാക്ടീരിയ നിർവഹിക്കുന്നു. ബാക്ടീരിയ അസ്തിത്വമുള്ള ഒരു ഏകകോശ ജീവിയാണ്. എന്നാൽ വൈറസ് ജീവിയാണെന്നോ ജീവനില്ലാത്തവയാണെന്നോ പറയാൻ സാദ്ധ്യമല്ല. ഈ രണ്ട് രൂപങ്ങളുടെയും സ്വഭാവം വൈറസ് കാണിക്കാറുണ്ട്. ബാക്റ്റീരിയേക്കാൾ സൂക്ഷ്മമായ വൈറസ് 700 ഇരട്ടി വലിപ്പമാക്കി ഇലക്ട്രോണിക് മൈക്രോസ്കോപ്പിൽകൂടി മാത്രമേ കാണാൻ കഴിയൂ. ബാക്ടീരിയ പരത്തുന്ന രോഗങ്ങളേക്കാൾ മാരകമാണ് വൈറസ് പരത്തുന്ന രോഗങ്ങൾ. ആതിഥേയനായ ഒരു കോശമില്ലാതെ സ്വതന്ത്രമായി വളരാനോ പ്രത്യുൽപാദനം

നടത്താനോ കഴിയാത്ത ഒരു അസ്തിത്വമാണ് വൈറസ്. എല്ലാ വൈറസും രോഗകാരിയല്ല. വൈറസ് ബാധയുണ്ടായാൽ ആന്റി ബോഡി നിർമിച്ച് ശരീരം തന്നെ അതിനെ പ്രതിരോധിക്കാറുണ്ട്. എന്നാൽ രോഗകാരിയായ വൈറ സ് കോശത്തിലെ പ്രതിരോധ സംവിധാനത്തെ മറികടന്ന് ആതിഥേയ കോശത്തിൽ തുളച്ചു കയറി സ്വയം കോശത്തിന്റെ ഭാഗമായി പ്രവർത്തിച്ച് അതിന്റെ സ്വാഭാവിക സംവിധാനത്തെ തകിടം മറിച്ച് രോഗാതുരമാക്കുന്നു. പിന്നീട് മറ്റുകോശങ്ങളിലേക്ക് അവ കടക്കുന്നു. വൈറസ് രണ്ട് വിധത്തിലുണ്ട്. RNA വൈറസും DNA വൈറസും. ഇരട്ട പിരിയൻ കോണിയുടെ ആകൃതിയിലുള്ള DNA വഹിക്കുന്ന വൈറസിനേ ക്കാൾ എളുപ്പത്തിലും ദ്രുതഗതിയി ലും പ്രവർത്തിക്കാൻ RNA വൈറസിന് കഴിയും. നിപ്പാ വൈറസ് RNA ടൈപ് വൈറസാണ്. അതുകൊണ്ടാണ് നിപ്പാ വൈറസ് കൂടുതൽ അപകടകാരിയായ രോഗകാരിയാ വുന്നത്. പ്രതിരോധമാർഗങ്ങളല്ലാ തെ നിപ്പ വൈറസിനെ തടയാൻ മറ്റു മാർഗമില്ല. അതുകൊണ്ടാണ് രോഗം ബാധിച്ചവരുമായി എല്ലാ സമ്പർക്ക ങ്ങളുമൊഴിവാക്കി അതിന്റെ പകർച്ച ചങ്ങല അവസാനിപ്പിക്കുന്ന രീതി വിദഗ്ധന്മാർ അവലംബിച്ചിരിക്കുന്ന ത്. ഈ വൈറസിനെതിരെ വാക്സിൻ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ലോകത്തെല്ലായിടത്തും ഊർജിതമായി നടക്കുന്നുണ്ട്.

മനുഷ്യന് ഒരു നിശ്ചിത ആയുസ്സ് മാത്രമേ ദൈവം ഭൂമിയിൽ അനുവദിച്ചിട്ടുള്ളൂ. അതിനിടക്ക് രോഗങ്ങൾ ഉണ്ടാവുന്നു. രോഗങ്ങൾ വന്നാലും ഇല്ലെങ്കിലും മരണം സുനിശ്ചിതമാണ്. ജാരണത്തിന്നോ (Ageing) രോഗത്തിനോ അപകട ത്തിൽപെട്ടോ ആത്മഹത്യചെയ് തോ മനുഷ്യൻ മരണത്തിന് വിധേയനാവുന്നു. വാസ്തവത്തിൽ രോഗം മനുഷ്യന് അവന്റെ ശരീരത്തെ സംബന്ധിച്ച അറിവ് നൽകി വിജ്ഞാനിയാക്കുകയാണ് ചെയ്യുന്നത്. രോഗപീഢയില്ലായിരു ന്നുവെങ്കിൽ നമുക്ക് നമ്മുടെ ശരീരത്തെക്കുറിച്ചുള്ള അറിവ് തുലോം പരിമിതമാകുമായിരു ന്നേനെ. അത്ഭുതകരമായ രീതി യിൽ സംഘടിപ്പിക്കപ്പെട്ട മനുഷ്യ ശരീരത്തിന്റെ ഘടന സംബന്ധി ച്ചും ശരീരാവയവങ്ങളുടെ പ്രവർ ത്തനങ്ങളെ സംബന്ധിച്ചുമുള്ള കൂടുതൽ അറിവുകൾ മനുഷ്യന് ലഭിച്ചുകൊണ്ടിരിക്കുന്നത് രോഗ നിദാന പഠനങ്ങൾ വഴിയാണ്. ആ അറിവുകൾ വഴി ജീവിതം ആരോഗ്യപൂർണവും സുഖകരവു മാക്കി മാറ്റാനും ഭാവിതലമുറക്ക് അത്കൈമാറാനും മനുഷ്യന് കഴിയുന്നു. ആവശ്യങ്ങളും പ്രയാസങ്ങളും കഠിന പരിശ്രമ ങ്ങളുമാണ് കണ്ടുപിടുത്തങ്ങളുടെ യും അറിവിന്റേയും മാതാക്കൾ. മനുഷ്യ ചരിത്രത്തിന്റെ എല്ലാ മേഖലയും സൂക്ഷ്മമായി നിരീക്ഷി ച്ചാൽ പ്രയാസവും പുരോഗതിയും ഒന്ന് മറ്റൊന്നിനെ പിന്തുടർന്നു വരുന്ന രണ്ട് പ്രതിഭാസങ്ങളാണെന്ന് കാണാം. പ്രയാസത്തോടൊപ്പം ഗുണം, നഷ്ടത്തോടൊപ്പം നേട്ടം, അധ്വാനത്തോടൊപ്പം ഫലം എന്നിങ്ങനെയുള്ള പ്രകൃതിയിലെ സാർവത്രിക പ്രതിഭാസത്തിന്റെ ഭാഗമാണ് രോഗങ്ങളും രോഗരക്ഷ യും അഥവാ ആരോഗ്യവും. ഒരു ഖുർആൻ വചനം നോക്കൂ: ***‘അപ്പോൾ (ഓർമിക്കുക) തീർച്ച യായും പ്രയാസത്തോടുകൂടി (അതിനെ തുടർന്ന്) ആശ്വാസം ലഭിക്കും. തീർച്ചയായും പ്രയാസ ത്തോടു കൂടി (അതിനെ തുടർന്ന്) ആശ്വാസം ലഭിക്കും. തീർച്ചയായും പ്രയാസത്തോടു കൂടി (അതിനെ തുടർന്ന്) ആശ്വാസം ഉണ്ടാവും.’ (94:6,7)***

മനുഷ്യനിലെ രോഗ പ്രതിരോ ധവ്യവസ്ഥ അത്ഭുതകരമായ ഒരു ദൈവികാനുഗ്രഹമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു: ***‘നാം മനുഷ്യനെ ഏറ്റവും അനുയോജ്യ മായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കു ന്നു.’(95:5)*** രോഗം വന്നാൽ ചികിത്സ യിലൂടെ രോഗം മാറുന്നു എന്ന പ്രതിഭാസം ദൈവത്തിന്റെ അനുഗ്ര ഹമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. മനുഷ്യശരീര വും അതിലെ രോഗശമന വ്യവസ്ഥയും വൈദ്യശാസ്ത്രമല്ല. സ്രഷ്ടാവായ ദൈവമാണ് സൃഷ്ടി ച്ചത്. മനുഷ്യൻ അത്നോക്കി മനസ്സിലാക്കി ചികിത്സിക്കുന്ന കേവലം അനുകർത്താക്കൾ മാത്രമാണ്. അതുകൊണ്ട് നമുക്ക് അറിഞ്ഞതും അറിയാത്തതുമായ പ്രപഞ്ച സാകല്യത്തെ സൃഷ്ടിച്ച അല്ലാഹുവിനോട് രോഗശമനത്തി നായുള്ള പ്രാർഥനക്ക് വളരെയേറെ സാംഗത്യവും സാഫല്യവുമുണ്ട് . അത് ശാസ്ത്രത്തിന്റെ സൂത്രവാക്യ മനുസരിച്ചോ നിശ്ചിത നിയമങ്ങൾ പ്രകാരമോ അല്ല പ്രാവർത്തിക മാവുന്നത്. അതിന്റെ രീതിശാസ്ത്ര വും ശമന മാർഗവും മറ്റൊന്നാണ്. പ്രാർഥന മനുഷ്യന്റെ പ്രകൃതിയിൽ അന്തർലീനവും രോഗപീഢയു ണ്ടാവുമ്പോഴുള്ള മനുഷ്യന്റെ സ്വാഭാവിക പ്രതികരണവുമാണ്. മഹാമാരികൾക്ക് മുമ്പിൽ അന്തം വിട്ട് നിൽക്കുന്ന ഇത്തരം സന്ദർഭ ങ്ങളിൽ വൈദ്യശാസ്ത്രത്തിന് രോഗശമനത്തിനായുള്ള ആത്മീയ മാർഗങ്ങളെ സംബന്ധിച്ച് ബോദ്ധ്യ വും തങ്ങളുടെ കരങ്ങൾക്കതീത മായ ഒരു പരാശക്തിയെ സംബ ന്ധിച്ച വിചാരവും ഉണ്ടാവേണ്ടതാ ണ്. എങ്കിൽ മാത്രമേ വൈദ്യശാ സ്ത്രം ചൂഷണത്തിൽ നിന്ന് മുക്ത മായി വിനയാന്വിതവും കരുണാർ ദ്രവുമാകുകയുള്ളൂ.

വൈറസിനെ ചെറുക്കാൻ മനുഷ്യനുണ്ടാക്കുന്ന വാക്സിൻ ശരീരത്തിലെ തന്നെ നിലവിലുള്ള പ്രതിരോധ സംവിധാനത്തെ കൃത്രിമമായി ത്വരിപ്പിച്ച് ആന്റി ബോഡികൾ നിർമിക്കുകയാണ് ചെയ്യുന്നത്. ഏത് നിമിഷവും മാരകമായ വൈറസുകളും ബാക്ടീ രിയകളും ജനിതകമാറ്റം സംഭവിച്ച് മനുഷ്യനെ ആക്രമിക്കാനും രോഗ

ത്തിനടിമപ്പെടുത്താനും സാധിക്കും. അതാണ് നിപ്പാ വൈറസിന്റെ വിളയാട്ടം നൽകുന്ന സന്ദേശം. ഇത്തരം മാരകാവസ്ഥ സംജാത മാവാനുള്ള കോടാനുകോടി അവസരങ്ങൾ നമ്മുടെ ഭൂമിയിലു ണ്ട്. വിശാലമായ പ്രപഞ്ചം മേലാ പ്പായി നിൽക്കുന്ന ഭൂമിയിലേക്ക് ആകാശത്തിന്റെ ഏതെങ്കിലും കോണുകളിൽ നിന്ന് പുതിയ രോഗാണുക്കളിലൂടെ ആക്രമണമു ണ്ടാകാനും സാധ്യതയുമുണ്ട്. ഒരു രോഗവും മരുന്നു കൊണ്ടും ചികിത്സകൊണ്ടും പൂർണമായും ഉന്മൂലനം ചെയ്തു എന്ന് നമുക്ക് പറയാനാവില്ല. നാം മരുന്നുകൊണ്ട് കീഴടക്കി എന്ന് കരുതുന്ന രോഗാണുക്കൾ ജനിതകമാറ്റം സംഭവിച്ച് പുതിയ രീതിയിലുള്ള ശക്തിസംഭരിച്ച് നിലവിലുള്ള ഔഷധങ്ങളെ അപ്രസക്തമാക്കു മാറ് രോഗകാരികളായി വീണ്ടും വരാം. നാം സുരക്ഷിതമായി ജീവിക്കുന്നത് ദൈവാനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ്.ഏതാനും വാക്സിനുകളും ആന്റി ബയോട്ടി ക്കുകളുമായി രോഗങ്ങളെയെല്ലാം കീഴടക്കിയെന്ന മട്ടിൽ അഹങ്കരി ക്കാൻ വൈദ്യലോകത്തിന് സാദ്ധ്യ മല്ല. ചികിത്സ ഒരു ജീവകാരുണ്യ പ്രവർത്തനമാക്കണമെന്ന സന്ദേശ മാണ് ഇതെല്ലാം നൽകുന്നത്. ചികിത്സകനെ ഹക്കിം (തത്ത്വജ്ഞാ നി) എന്നാണ് ഇസ്‌ലാം വിശേഷി പ്പിക്കുന്നത്. അദ്ദേഹം ചികിത്സക നും അതേസമയം തത്ത്വജ്ഞാനി യുമായിരിക്കണം എന്നാണ് ഇതിലെ താൽപര്യം

ഏത് രോഗവും തടയാൻ ഏറ്റവും ഫലപ്രദമായ പ്രതിരോധ മാർഗങ്ങളാണ് നാം സ്വീകരിക്കേണ്ട ത്. അതിൽ ഏറ്റവും പ്രധാനമായത് ശുചിത്വമാണ്. ആന്തരികവും ബാഹ്യവുമായ ശുദ്ധിയാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ശരീരവും അത്പോലെ വീടും പരിസരവും വൃത്തിയാക്കുക. ശുചിത്വത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം എത്രത്തോളമെന്നാൽ റസൂൽ തിരുമേനി(സ) പറയുകയുണ്ടായി ***'ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണ്.' (സ്വഹീഹ് മുസ്‌ലിം)*** ഇതിനേക്കാൾ ശുചിത്വത്തെ പുരസ്കരിച്ച് പറഞ്ഞ മറ്റൊരു മതസ്ഥാപകൻ ഉണ്ടാവില്ല. വിശുദ്ധ ഖുർആൻ പറയുന്നു:***'നിങ്ങൾക്ക് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങൾ ക്ക് അവന്റെ അനുഗ്രഹം പൂർത്തീ കരിച്ചു തരുന്നതിനുമാണ് അല്ലാ ഹു ഉദ്ദേശിക്കുന്നത്.' (വി: ഖുർആൻ 5:7) 'നിന്റെ വസ്ത്രങ്ങളെ ശുദ്ധീകരിക്കുക.'*** (വി: ഖുർആൻ 74:5) ഇസ്‌ലാമിക പ്രാർഥനയുടെ പ്രാരംഭകർമം തന്നെ അംഗശുദ്ധി വരുത്തലാണ്. അതിന് ശേഷമാണ് പ്രാർഥന. റസൂൽ തിരുമേനി(സ) പറയുന്നു ***'ശരിയായ ആരോഗ്യ പരിചരണം ശരീരത്തിന്റെ അവകാ ശമാണ്.' (ബുഖാരി)***

കൈ കഴുകലും കഴുകി വൃത്തിയാക്കലും പല പൂർവിക നാഗരികതകൾക്കും പരിചയമില്ലാ ത്ത ശീലമാണ്. യൂറോപ്യന്മാരുടെ ടിഷ്യൂ പേപ്പർ സമ്പ്രദായം അതിന്റെ അവശിഷ്ടമാണ് വെള്ളംകൊണ്ട് കൈകഴുകാത്തതിന്റെയും കഴുകി വൃത്തിയാക്കാത്തതിന്റെയും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗസാദ്ധ്യതയും മനസ്സിലാക്കിയ ലോകാരോഗ്യ സംഘടന (WHO) എല്ലാ വർഷവും ഒക്ടോബർ 15 ന്ന് 'ലോക ഹസ്ത ശുദ്ധി ദിനം' ആയി (World Hand Hygine Day) ആചരിക്കുകയാണ്. കോളറയും അതിസാരവും മറ്റു സാംക്രമിക രോഗങ്ങളും പിടിപെടുന്നതിൽ പ്രത്യേകിച്ചും കുട്ടികളിൽ ഹസ്ത ശുദ്ധിയില്ലായ്മ ഒരു മുഖ്യഘടക മാണ്. ലക്ഷക്കണക്കിന് മനുഷ്യർക്ക് ജീവഹാനിയും പ്രവർത്തിദിന നഷ്ടവും ഇത്മൂലം സംഭവിക്കുന്നു എന്ന് പല പഠനങ്ങളും തെളിയി ക്കുന്നു. ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈകഴുകണം എന്നും ശൗച്യം കഴിഞ്ഞാൽ വെള്ളം കൊണ്ട് കഴുകി വൃത്തി യാക്കണം എന്നുമുള്ള റസൂൽ തിരുമേനി(സ)യുടെ കർശനമായ കൽപ്പന ആയിരത്തി നാനൂറ് വർഷങ്ങളായി മുസ്‌ലിം ലോകം അനുവർത്തിക്കുന്ന ശീലമാണ്. തുമ്മൽ ഉണ്ടാകുമ്പോൾ മുഖം തൂവാലകൊണ്ടോ കൈകൊണ്ടോ മറക്കണമെന്നുള്ള അവിടുത്തെ കൽപ്പനയും പകർച്ചവ്യാധികൾ തടയുന്നതിനുള്ള ഉപാധിയാണ്. മറ്റൊരു ഹദീസ് നോക്കൂ. ***'ഒരു പ്രദേശത്ത് നിങ്ങൾ പ്ളേഗ് (സംക്രമിക രോഗം) ഉണ്ടായെന്ന് കേട്ടാൽ അവിടേക്ക് നിങ്ങൾ പ്രവേശിക്കരുത്. അപ്രകാരം നിങ്ങളുള്ള സ്ഥലത്ത് ആ രോഗം വരുകയാണെങ്കിൽ നിങ്ങൾ അവിടം വിട്ട് പോകുകയുമരുത്.' (ബുഖാരി, മുസ്‌ലിം)*** രോഗികളെ സന്ദർശിക്കണമെന്ന് ഉപദേശിച്ച റസൂൽ തിരുമേനി (സ) രോഗികൾ രോഗമില്ലാത്തവരെ അങ്ങോട്ട് പോയി സന്ദർശിക്കരുത് (മുസ്‌ലിം) എന്ന് വിലക്കുകയും ചെയ്തിട്ടുണ്ട്. നിപ്പ പോലെയുള്ള അതിദ്രുത പകർച്ചവ്യാധികളോട് അതികൃതർ നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുള്ള സമീപനമായിരിക്കണം നാം സ്വീകരിക്കേണ്ടത്. അതിനെക്കുറി ച്ചുള്ള അറിവ് നമ്മെ ജാഗ്രത പ്പെടുത്തുന്നത് അതാണ്.

രോഗി വേദനിക്കുന്നവനും അസ്വസ്ഥനുമാണ്. മതപരമായി നിർബന്ധമാക്കിയ പല കർമങ്ങളിൽ നിന്നും രോഗിയെ ഒഴിവാക്കുകയോ ഇളവ് നൽകുകയോ ചെയ്തിട്ടുണ്ട്. കരുണയോടെയും സഹതാപത്തോ ടെയും സ്നേഹത്തോടെയുമാണ് രോഗിയെ നാം സമീപിക്കേണ്ടത്. ഇത് സംബന്ധിച്ച് റസൂൽ തിരുമേനി (സ)യുടെ വ്യക്തമായ നിരവധി അദ്ധ്യാപനങ്ങളുണ്ട്. ഖലീലുല്ലാഹി ഹദ്റത്ത് ഇബ്രാഹിം(അ)നടത്തിയ പ്രാർഥനയോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം.***'അവനത്രെ എന്നെ സൃഷ്ടിച്ചത്, എന്നിട്ട് അവൻ നേർവഴിയിൽ എന്നെ വളർത്തു ന്നു. എനിക്ക് ആഹാരവും പാനീ യവും നൽകുന്നവനാണവൻ. ഞാൻ രോഗിയായാൽ അവൻ***

***എനിക്ക് ശമനം നൽകുന്നു. എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനാണവൻ.......എന്റെ നാഥാ നീ എനിക്ക് വിവേക ജ്ഞാനം നൽകുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ!'( 26: 79-82)*** നമ്മുടെ നാടിനെ ബാധിച്ച മാരകമായ ഈ പകർച്ചവ്യാധിയിൽ നിന്നും അല്ലാഹു നമുക്ക് ഉടൻ മോചനം നൽകുമാറാകട്ടെ. നിപ്പാ രോഗത്തിന് പൂർണ ശമനം നൽകുന്ന ഔഷധം ഉടൻ നിലവിൽ വരാൻ കാരുണ്യവാനായ അല്ലാഹു തുണക്കുമാറാകട്ടെ. (ആമീൻ)

**പേജ് 36 ൽ നിന്ന് തുടർച്ച**

സാമ്പത്തിക ബന്ധങ്ങൾ സ്ഥാപിക്കാനും സാദ്ധ്യമായി. രാജ്യം വികസന കുതിപ്പിലേക്ക് നീങ്ങാനും തുടങ്ങി. ഇതേയവസരത്തിൽ തന്നെ മദ്ധ്യപൗരസ്ത്യ ദേശത്ത് സുന്നി ശിയാ വിഭജനം സംഹാരാത്മകമായ ഒരു പതനത്തിലെത്തി നിൽക്കുകയാണ്. സഊദിയുടെ നേതൃത്വത്തിൽ സുന്നി രാജ്യങ്ങളും ഇറാന്റെ നേതൃത്വത്തിൽ ശിയാ രാജ്യങ്ങളും വിഭജിക്കപ്പെട്ടു രൂക്ഷമായ സംഘട്ടനത്തിൽ മുന്നേറുകയാണ്. അമേരിക്ക അടക്കമുള്ള രാജ്യങ്ങളുമായുള്ള ആണവ കരാർ മിതവാദിയായ ഹസ്സൻ റൂഹാനിയുടെ മികവായി വിലയിരുത്തപ്പെട്ടിരുന്നു. ഇപ്പോൾ കരാറിന്റെ ഭാഗികമായ പരാജയം ഇറാനിൽ ഹസ്സൻ റൂഹാനിയുടെ മിതവാദ നിലപാടിനെ എതിർക്കുന്ന തീവ്രവാദികൾക്ക് മേൽകൈ ഉണ്ടാവുന്ന ഒരു മുന്നേറ്റം ഉണ്ടാകാനും ഇറാൻ വീണ്ടും ന്യൂക്ലിയർ ആയുധനിർമാണത്തിലേക്ക് തിരിയുകയും ചെയ്തേക്കാം. ഇറാൻ ന്യൂക്ലിയർ ആയുധങ്ങൾ നിർമിക്കാൻ ശ്രമിക്കുന്നു എന്ന് പറഞ്ഞ് ഇസ്റയേലോ സഊദി അറേബ്യയോ ഇറാനെ ആക്രമിക്കുകയും ചെയ്തേക്കാം.

ഇറാൻ ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിൽ ഒരിക്കലും ബോംബ് നിർമിക്കാൻ സാദ്ധ്യമല്ല. അവർക്ക് 300 കിലോഗ്രാം സമ്പുഷ്ടീകരിക്കാത്ത യുറേനിയം മാത്രമേ സൂക്ഷിക്കാൻ അനുവാദമുള്ളൂ. അവരുടെ കൈയിൽ 100,000 കിലോഗ്രാം സമ്പുഷ്ടീകരിക്കാത്ത യുറേനിയം ഉണ്ടായിരുന്നതാണ്. കരാർ ഒപ്പിടുന്നതിന്റെ ഉപാധിയായി അവ മുഴുവനും റഷ്യയിലേക്ക് ഒരു കപ്പലിൽ കയറ്റി അയക്കുകയുണ്ടായി. ഇപ്പോൾ ഊർജാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള കുറച്ച് സമ്പുഷ്ട യുറേനിയം മാത്രമേയുള്ളൂ. അത് അവരുടെ ആണവ റിയാക്ടറുകളിൽ സമാധാന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ മാത്രമുള്ളതാണ്. മാത്രമല്ല കരാർ പ്രകാരം അന്താരാഷ്ട്ര ആണവ ഏജൻസിയുടെ കർശനമായ നിയന്ത്രണങ്ങൾക്കും പരിശോധനകൾക്കും ഇറാനിലെ എല്ലാ റിയാക്ടറുകളും വിധേയവുമാണ്. ഒരു ന്യൂക്ലിയർ ബോംബുണ്ടാക്കേണ്ട അളവ് സമ്പുഷ്ട യുറേനിയം അവരുടെ കൈയിൽ ഇപ്പോഴില്ല. ബോംബ് നിർമിക്കുകയാണ് ഇറാന്റെ ലക്ഷ്യമെങ്കിൽ സമ്പുഷ്ട യുറേനിയം ഉദ്പാദിപ്പിക്കാനുള്ള എല്ലാ സാങ്കേതിക വിദ്യയും ഇറാന് സ്വായത്തമാണ്. കരാറിൽ അമേരിക്ക ഒഴികെ മറ്റുരാജ്യങ്ങൾ ഉറച്ചു നിൽക്കുകയാണ്. ഇനി കരാറിൽ നിന്ന് എല്ലാ രാജ്യങ്ങളും പിന്മാറിയാലും ഇറാന് ബോംബ് നിർമിക്കാൻ സാധിക്കും എന്നാണ് വിലയിരുത്തപ്പെടുന്നത്. അങ്ങനെയൊരു പരിണിതിയിലേക്ക് കാര്യങ്ങൾ എത്താതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

**പേജ് 37 ൽ നിന്ന് തുടർച്ച**

ഇയ്യിടെ ശക്തിപ്പെടുന്നതിനിടയിലാണ് ഇസ്റയേലിന്റെ ഏകപക്ഷീയമായ അവകാശവാദമനുസരിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മെയ് 14 ന് അവരുടെ എംബസ്സി ടെൽഅവീവിൽ നിന്ന് ജെറുസലേമിലേക്ക് മാറ്റിയത്. അതോടെ ഫലസ്തീനികളുടെ പതിറ്റാണ്ടുകളായുള്ള മുറവിളി ജലരേഖയായി മാറി. ഇസ്റയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെയും ജൂതമതം സ്വീകരിച്ച യുഎസ് പ്രസിഡന്റിന്റെ മകൾ ഇവങ്കയുടെയും കാർമികത്വത്തിലാണ് എംബസ്സിമാറ്റം ആഘോഷപൂർവം അരങ്ങേറിയത്. ട്രംപിന്റെ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള മത്സരത്തിൽ പ്രസിദ്ധീകരിച്ച ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞ ഒരു പ്രധാന വാഗ്ദാനമാണ് ജെറുസലേമിലേക്കുള്ള എംബസ്സി മാറ്റം എന്നാണ് ട്രംപ് ഇതിന് പറഞ്ഞ ന്യായം. എംബസ്സി മാറ്റത്തിന് എതിരെയുള്ള യുഎൻ പ്രമേയത്തിന് 193 അംഗ അസംബ്ലിയിൽ 128 രാജ്യങ്ങൾ അമേരിക്കക്കെതിരെ വോട്ടു ചെയ്തു. 9 രാജ്യങ്ങൾ മാത്രമെ അവരെ അനുകൂലിച്ചുള്ളൂ. 35 രാജ്യങ്ങൾ വിട്ടുനിന്നു 21 രാജ്യങ്ങൾ ഹാജരായില്ല. ജർമനിയും ഫ്രാൻസും ബ്രിട്ടനും സ്പെയിനും അമേരിക്കൻ നിലപാടിനോട് വിയോജിച്ചാണ് വോട്ട് ചെയ്തത്. എങ്കിലും ഫലസ്തീനികളോട് ചെയ്ത ഈ വൻ അനീതിക്ക് വലിയ തോതിലുള്ള പ്രതിഷേധങ്ങളൊന്നും ഉണ്ടായില്ല. ലോകരാജ്യങ്ങൾ ഏറെക്കുറെ മൗനികളായി നിന്നു.

അമേരിക്കയുടെ സ്ഥാനപതി കാര്യാലയം ടെൽഅവീവിൽ നിന്ന് ജെറുസലേമിലേക്ക് മാറ്റിയതിനെ തുടർന്ന് ഗസ്സാ അതിർത്തിയിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഫലസ്തീൻ ജനത നടത്തുന്ന പ്രതിഷേധങ്ങൾ വളരെ നിഷ്ഠൂരമായാണ് ഇസ്റയേൽ സേന അടിച്ചമർത്തിയത്. 60 ൽ അധികം പേർ മരിക്കുകയും 3000 ത്തോളം പേർക്ക് പരുക്ക് പറ്റുകയും ചെയ്ത ഭീകരമായ ആക്രമണമാണ് ഫലസ്തീനികൾക്ക് നേരെ ഇസ്റയേൽ നടത്തിയത്. നീതി നിഷേധത്തിനും അതിക്രമങ്ങൾക്കും വിധേയമാവുന്ന എല്ലാ ജനതക്കും ദൈവം അതിവേഗം മോചനം നൽകുമാറാകട്ടെ. ലോകത്ത് നീതിയും സത്യവും വാഴുന്ന നല്ലകാലം വേഗം വരുമാറാകട്ടെ.

# അഹ്മദി വനിതയ്ക്ക് പുരസ്ക്കാരം




ഇന്ത്യയിലെ ശാസ്ത്രമേഖലയിലെ അതിനൂതന ആശയങ്ങൾക്കും, നവസംരംഭകർക്കുമായി നൽകുന്ന ബഹുമതിയ്ക്ക് ഒഡിഷ സ്വദേശിനി ഡോ. നുസ്രത്ത് ജഹാൻ സംഘമിത്ര അർഹയായി. 2017ലെ ജേതാക്കൾക്ക് നൽകിയ ആദരവ് ചടങ്ങിൽ രാഷ്ട്രപതി പുരസ്ക്കാര വിതരണം നടത്തി.

ഇന്ത്യ ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പും, വ്യവസായികളുടെ കൂട്ടായ്മയായ CII, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിക്കുന്ന AICTE, എന്നിവ ചേർന്നാണ് 13 ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

കാൻസർ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ ഉതകുന്ന ശരീരത്തിലെ ഔഷധ വിതരണ സംവിധാനത്തിനാണ് (Drug Delivery System) ഡോ. നുസ്രത്തും അവർ സ്ഥാപിച്ച സൈക്ക ഒൺകൊ (cycaonco.com) ലക്ഷ്യമിടുന്നത്. കീമോതെറാപ്പിയുടെ അപ്രിയവശങ്ങളെ ഇല്ലാതാക്കാൻ പാകത്തിൽ അർബുദ ഔഷധത്തെ കൃത്യമായി രോഗബാധിതകോശങ്ങളെ മാത്രം നശിപ്പിക്കാൻ ഈ സാങ്കേതികതയിലൂടെ കഴിയുന്നു. ഒഡീഷയിലെ സൊറൊ ഗ്രാമക്കാരിയായ ഡോ. നുസ്രത്ത് ഭുവനേശ്വറിൽ താമസിക്കുന്നു. – ഡോ. ഫുആദ്

---

2018 മെയ് 24ന് പാകിസ്താനിലെ സിയാൽകോട്ടിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നൂറ് വർഷത്തോളം പഴക്കമുള്ള ചരിത്രപ്രാധാന്യമുള്ള മസ്ജിദ് പോലീസും അധികൃതരും മതതീവ്രവാദികളും ചേർന്ന് തകർക്കുന്നതിന്റെ വിവിധ ദൃശ്യങ്ങൾ.









# സൗഹൃദ സംഗമം നടത്തി

കോഴിക്കോട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സൗഹൃദ സംഗമം നടത്തി. പുനരുദ്ധാരണം നടന്നു കൊണ്ടിരിക്കുന്ന കാരപ്പറമ്പ് ഹൽഖ യുടെ അഹ്മദിയ്യാ മുസ്‌ലിം മിഷൻ ഹൗസിന്റെ ഒരു ഘട്ടം പൂർത്തിയായ തിനോടനുബന്ധിച്ചായിരുന്നു പരി പാടി. തദവസരത്തിൽ സാമൂഹ്യ, സംസ്കാരിക, പരിസ്ഥിതി മേഖല കളിൽ സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തി ത്വങ്ങളെ ആദരിച്ചു.

കോഴിക്കോട് ജില്ലാ അമീർ ഡോക്ടർ സി. സലാഹുദ്ദീൻ സാഹി ബിന്റെ അധ്യക്ഷതയിൽ കൂടിയ സൗഹൃദസംഗമം പ്രശസ്ത സാഹി ത്യകാരനും തുഞ്ചൻ സ്മാരക ട്രസ്റ്റ് അധ്യക്ഷനുമായ ശ്രീ. കെ.പി. രാമനുണ്ണി ഉത്ഘാടനം ചെയ്തു. പ്രശസ്ത യൂറോളജിസ്റ്റ് ഡോക്ടർ ഹംസ തയ്യിൽ മുഖ്യാ തിഥിയായിരുന്നു.

കോഴിക്കോട് മുൻ മേയർ ശ്രീ എം. ഭാസ്കരൻ ആദരോപഹാര ങ്ങൾ വിതരണം ചെയ്തു. അഹ്മദി യ്യാ മുസ്‌ലിം മിഷൻ ഹൗസ് നിൽക്കുന്ന 7-ാം വാർഡിന്റെ വികസനത്തിനു സജീവ നേതൃത്വം നൽകിയ കൗൺസിലർ ശ്രീമതി എം. എം. ലത, ജൈവ-പരിസ്ഥിതി പ്രവർത്തകരായ നിറവിന് വേണ്ടി ജനാബ് പി. അബ്ദുൽ അസീസ്, ഗ്രീൻനഗർ റെസിഡൻസിന്റെ ജൈവകൃഷി കൂട്ടായ്മക്ക് വേണ്ടി ശ്രീ. പി. സുധാകരൻ, കൃഷ്ണൻ നായർ റോഡിലെ എറ്റവും മുതിർന്ന പൗരൻ ശ്രീ. ഗോവിന്ദൻ പുറത്ത ണ്ടേരിക്ക് വേണ്ടി അദ്ദേഹത്തിന്റെ മകൾ ശ്രീമതി. പ്രഭാവതി അമ്മ എന്നിവർ ആദരോപഹാരങ്ങൾ ഏറ്റുവാങ്ങി.

പരിസ്ഥിതി പ്രവർത്തകൻ പ്രൊഫസ്സർ ശോഭീന്ദ്രൻ മാസ്റ്റർ, 7-ാം വാർഡ് മുൻ കൗൺസിലർ ശ്രീ. വി. സുധീർ, സത്യദൂതൻ പത്രാധിപർ ജനാബ് എ.എം




കോഴിക്കോട് ജമാഅത്തിന്റെ സൗഹൃദ സംഗമം ശ്രീ. കെ.പി. രാമനുണ്ണി ഉത്ഘാടനം ചെയ്യുന്നു. വേദിയിൽ മുൻ നിരയിൽ പ്രൊഫസ്സർ ശോഭീന്ദ്രൻ മാസ്റ്റർ, മുൻ മേയർ ശ്രീ. എം. ഭാസ്കരൻ, കോഴിക്കോട് ജില്ലാ അമീർ ഡോക്ടർ സി. സലാഹുദ്ദീൻ, ഡോക്ടർ ഹംസാ തയ്യിൽ എന്നിവർ. പിന്നിൽ ശ്രീ. ഗോവിന്ദൻ പുറത്തണ്ടേരി, കൗൺസിലർ ശ്രീമതി എം. എം. ലത, മുൻ കൗൺസിലർ ശ്രീ. വി. സുധീർ, ശ്രീ. ബിനീഷ് കുമാർ, ശ്രീ ഷിജിത്ത്, സത്യദൂതൻ പത്രാധിപർ ജനാബ് എ.എം. മുഹമ്മദ് സലീം, ശ്രീ. പി. സുധാകരൻ, ജനാബ് കെ. എം.അഹ്മദ് കോയാ, ജനാബ് എം. റഫീഖ് അഹ്മദ്, മൗലവി മുഹമ്മദ് ഹനീഫ് ശാഹിദ് മുതലായവർ

മുഹമ്മദ് സലീം സാഹിബ്, ശ്രീ. പി. വി. ബിനീഷ് കുമാർ, ശ്രീ. ഷിജിത്ത്, കോഴിക്കോട് ജില്ലാ മിഷണറി ഇൻ ചാർജ് മൗലവി മുഹമ്മദ് ഹനീഫ് ശാഹിദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഹാഫിസ് മുഹമ്മദ് അബുൽവഫാ സാഹിബ് തിലാവ ത്തും മൗലവി ജംഷാദ് സാഹിബ് ഖുർആൻ മൊഴിമാറ്റവും ജനാബ് കെ. മുസഫ്ഫർ സാഹിബ് പദ്യ പാരായണവും നിർവഹിച്ചു. ജനാ ബ് വി.പി. റോഷൻ അഹ്മദ് സ്വാഗതം ആശംസിച്ചു. ജനാബ് എം. അബ്ദുൽ സമദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. മുൻ ജില്ലാ അമീർ ജനാബ് കെ.എം. അഹ്മദ് കോയാ സാഹിബ്, മാത്തോട്ടം അമീർ ജനാബ് എം. റഫീഖ് അഹ്മദ് സാഹിബ് കാര പ്പറമ്പ് ഹൽഖാ സദർ എം. കെ ബിച്ചികോയട്ടി സാഹിബ് എന്നിവർ യോഗത്തിൽ സന്നിഹിത രായിരുന്നു.




എറണാകുളം ജില്ലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കുട്ടികൾക്കായി സംഘടിപ്പിച്ച ജില്ലാ തർബിയത്ത് ക്യാമ്പ് ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സഫ്‌വാൻ, മൗലവി എം. ഹസീബ് അഹ്മദ്, മൗലവി സുൽത്താൻ നസീർ, മാലിക് അമീൻ എന്നിവർ സമീപം.

Published on 7.06.2018

Pages 44

Vol: 90 Issue. 6

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2018-20

Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

129 BLESSED YEARS OF WORLD WIDE AHMADIYYA MUSLIM JAMA'AT - SINCE-1889

Love For All Hatred For None

I Shall Cause Thy Message to Reach the Corners of the Earth

CENTENARY

1919-2019

AHMADIYYA MUSLIM JAMA'AT PAYANGADI

KERALA, INDIA

# പഴയങ്ങാടി
# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്

# 100 വർഷം
# തികയുന്നു...

# 1919-2019

## ഉദ്ഘാടന സമ്മേളനം

## 2018 ജൂലായ് 15

## പഴയങ്ങാടി താഹിർ മസ്ജിദ് അങ്കണത്തിൽ

തുടർന്ന് ഒരു വർഷം നീണ്ടുനിൽക്കുന്ന ആദ്ധ്യാത്മിക
സാംസ്കാരിക വൈജ്ഞാനിക സാമൂഹിക പരിപാടികൾ..